Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 6 / Issue 7 / Pages 32
09
സെപ്റ്റംബർ 2026
ബുധനാഴ്ച
1202 ചിങ്ങം 24

www.vachakam.com
news@vachakam.com
canada@vachakam.com

# സൂപ്പർ ഇന്റലിജന്റ് AIക്ക് സമ്പൂർണ്ണ നിരോധനം വേണം; ആഹ്വാനവുമായി ആഗോള നേതാക്കൾ!





മനുഷ്യരാശിയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന രീതിയിൽ വളരുന്ന സൂപ്പർഇന്റലിജന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസനങ്ങൾ ആഗോള രാഷ്ട്രീയത്തിലും ശാസ്ത്ര ലോകത്തും കടുത്ത നയതന്ത്ര പോരാട്ടങ്ങൾക്ക് വഴിതുറന്നിരിക്കുകയാണ്. മനുഷ്യനേക്കാൾ ബുദ്ധിശക്തി കൈവരിക്കുന്ന ജനറേറ്റീവ് ആർട്ടിഫിഷ്യൽ ജനറൽ ഇന്റലിജൻസ് സിസ്റ്റങ്ങൾ മനുഷ്യവംശത്തെ തടവിലാക്കുകയോ പൂർണ്ണമായി ഇല്ലാതാക്കുകയോ ചെയ്തേക്കാമെന്ന ഭീതി പടരുമ്പോൾ, അമേരിക്കൻ കോൺഗ്രസ്സിൽ കടുത്ത രാഷ്ട്രീയ ചുവടുവെപ്പുകളുമായി മുതിർന്ന സെനറ്റർ ബെർണി സാൻഡേഴ്സ് രംഗത്തെത്തി.സൂപ്പർഇന്റലിജന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിർമ്മിക്കുന്ന വൻകിട കമ്പനികൾക്ക് മേൽ 'കോർപ്പറേറ്റ് മരണശിക്ഷ' അഥവാ കമ്പനികളുടെ ലൈസൻസ് പൂർണ്ണമായി റദ്ദാക്കി പ്രവർത്തനം അവസാനിപ്പിക്കുന്ന നിയമങ്ങൾ കൊണ്ടുവരണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഒരു റോബോട്ടിന് നൽകുന്ന ചെറിയൊരു ലക്ഷ്യം പോലും ഭൂമിയുടെ നാശത്തിലേക്ക് നയിക്കുന്ന 'പേപ്പർ ക്ലിപ്പ് പാരഡോക്സ്' എന്ന യുഎസ് സിദ്ധാന്ത

ശേഷം പേജ് 8ൽ

പേജ് 30ൽ
NEXT GEN
The Future is New

യൂറോപ്പിനെപ്പോലെ കേരളത്തെയും പൊള്ളിക്കാൻ ഉഷ്ണ തരംഗം..... പേജ് 15
വിവാദങ്ങൾ തട്ടമിട്ടിറങ്ങുമ്പോൾ.................... പേജ് 16
വേതാളമരത്തിലെ കൂട്ടുകാരും ബസ് സ്റ്റോപ്പിലെ പ്രണയപ്പകയും......................... പേജ് 17
'പിണറായി കുടുംബ യൂണിറ്റ്' സി.പി.എം. വിശാല സമ്മേളനത്തിൽ ഹിറ്റാകുമോ, ഫ്ളോപ്പാകുമോ?...................... പേജ് 24
അധികാരത്തിന്റെ കുറവ് .......... പേജ് 25

## യു.എസ്-കാനഡ വ്യാപാര യുദ്ധം: അടിയറവ് പറയുന്ന പങ്കാളിത്തവും ആഗോള സാമ്പത്തിക പ്രത്യാഘാതങ്ങളും

ലോകത്തിലെ ഏറ്റവും സുദൃഢവും തന്ത്രപരവുമായ ഉഭയകക്ഷി ബന്ധങ്ങളിലൊന്നാണ് അമേരിക്കയും കാനഡയും തമ്മിലുണ്ടായിരുന്നത്. എന്നാൽ സമീപകാലത്തായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേൽ ഏകപക്ഷീയമായി ചുമത്തിയ താരിഫുകളും ഇറക്കുമതി നിരോധനങ്ങളും ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരാന്തരീക്ഷത്തെ കനത്ത അനിശ്ചിതത്വത്തിലേക്ക് തള്ളിയിട്ടിരിക്കുകയാണ്. കാനഡ തിരിച്ചടി നൽകിയതോടെ ഇരുപക്ഷത്തുനിന്നും ശക്തമായ നിയന്ത്രണങ്ങളാണ് പ്രഖ്യാപിക്കപ്പെടുന്നത്.സെപ്റ്റംബർ 29 മുതൽ കാനഡയിൽ നിന്നുള്ള മദ്യം, മോട്ടോർ സൈക്കിളുകൾ, ക്ഷീരോൽപ്പന്നങ്ങൾ എന്നിവ പൂർണ്ണമായി നിരോധിക്കാനുള്ള അമേരിക്കയുടെ തീരുമാനം ഈ വ്യാപാര തർക്കം ഒരു പുതിയ നിർണായക ഘട്ടത്തിലേ

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

NEXT GEN
The Future is New

പ്രിയപ്പെട്ട രക്ഷിതാക്കളേ, കുട്ടികളെ,

നമ്മുടെ പുതുതലമുറ സ്പീഡിന്റെ ലോകത്താണ്. ആ തിരക്കിനിടയിൽ പലർക്കും നല്ലതേത് മോശമേത് എന്ന് തിരിച്ചറിയാനാകുന്നില്ല. അവരെ നല്ലതിലേക്കും നന്മയിലേക്കും നയിക്കാൻ ഇതാ ഒരു പുതിയ ഇംഗ്ലീഷ് പംക്തി. NEXT_GEN. അതും ന്യൂജൻ ശൈലിയിൽ ഈ ലക്കം മുതൽ അവതരിപ്പിക്കുന്നു..! ഇത് അവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട ചുമതല രക്ഷിതാക്കളെ ഏൽപ്പിക്കുകയാണ്.

കുട്ടികൾക്ക് ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് നഷ്ടപ്പെടുന്നുവെന്ന് തോന്നുമ്പോൾ, അത് അവരുടെ ചിന്തകളെ പരിമിതപ്പെടുത്തുകയും ചെറിയ കാര്യങ്ങളിൽ തളർന്നുപോകുകയും ചെയ്യുന്നു. അതിന്റെ ഫലം ആശയക്കുഴപ്പമാണ്. കൃത്യമായ തീരുമാനങ്ങൾ എടുക്കാനും സ്വന്തം അഭിപ്രായങ്ങൾ രൂപീകരിക്കാനും അവരെ പ്രാപ്തരാക്കുകയാണ് ഈ പംക്തിയിലൂടെ ലക്ഷ്യമിടുന്നത്.

ഇത് വിദ്യാർത്ഥികൾക്കും ബുദ്ധിപരമായ വെല്ലുവിളികൾ ഇഷ്ടപ്പെടുന്ന എല്ലാവർക്കും ഒത്തിരി ഉപകാരപ്പെടുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു!

(കാണുക ... പേജ് 30)

എഡിറ്റർ

# തിരഞ്ഞെടുപ്പിൽ ജയിപ്പിച്ചാൽ അമേരിക്കക്കാർക്ക് 5,000 ഡോളർ വീതം വാഗ്ദാനം ചെയ്ത് ഡൊണാൾഡ് ട്രംപ്



വരാനിരിക്കുന്ന യുഎസ് മിഡ്ടേം തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് വിജയം നൽകിയാൽ ഓരോ പ്രായപൂർത്തിയായ അമേരിക്കൻ പൗരനും 5,000 ഡോളർ വീതം നൽകുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനം. ഡാളസിൽ നടന്ന പാർട്ടി കോൺഗ്രസ് കൺവെൻഷനിൽ സംസാരിക്കവെയാണ് ട്രംപ് ഈ സാമ്പത്തിക ഓഫർ മുന്നോട്ടുവെച്ചത്. 'ട്രംപ് ഡിവിഡന്റ്' എന്ന് പേരിട്ടിരിക്കുന്ന ഈ തുകയിലൂടെ ജനങ്ങളുടെ വോട്ട് ഉറപ്പിക്കാനാണ് റിപ്പബ്ലിക്കൻ പാർട്ടിയുടെ നീക്കം.

പ്രതിനിധി സഭയിലും സെനറ്റിലും റിപ്പബ്ലിക്കൻ പാർട്ടിക്ക് പൂർണ്ണ ഭൂരിപക്ഷം ലഭിച്ചാൽ ഉടൻ തന്നെ ഈ പണം ജനങ്ങളുടെ അക്കൗണ്ടുകളിലേക്ക് അയക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. രാജ്യത്തിന്റെ നിലവിലെ മികച്ച സാമ്പത്തിക മുന്നേറ്റത്തിന്റെ ഫലമായാണ് ഇത്തരം ഒരു തുക പൗരന്മാർക്ക് നൽകാൻ സാധിക്കുന്നതെന്ന് ട്രംപ് അവകാശപ്പെട്ടു. രാജ്യത്തെ പ്രമുഖ കമ്പനികൾ തങ്ങളുടെ ലാഭവിഹിതം ഓഹരി ഉടമകൾക്ക് വിതരണം ചെയ്യുന്നത് പോലെയാണ് ഈ നടപടിയെന്ന് അദ്ദേഹം വിശദീകരിച്ചു.

എന്നാൽ ഈ തുക വിനിയോഗിക്കുന്നതിൽ ട്രംപ് കർശനമായ ഉപാധികളും മുന്നോട്ടുവെച്ചിട്ടുണ്ട്. അമേരിക്കക്കാർക്ക് ലഭിക്കുന്ന ഈ തുക രാജ്യത്തിനുള്ളിൽ തന്നെ ചെലവഴിക്കണം എന്നതാണ് പ്രധാന നിബന്ധന. കാനഡ, ജർമ്മനി, ചൈന തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി ഈ തുക ഉപയോഗിക്കാൻ അനുവദിക്കില്ലെന്നും ട്രംപ് വ്യവസ്ഥ ചെയ്തു.

റിപ്പബ്ലിക്കൻ പാർട്ടി തിരഞ്ഞെടുപ്പിൽ വിജയിച്ചാൽ അമേരിക്കയിലെ ഓരോ പൗരനും അതിന്റെ സാമ്പത്തിക ലാഭം നേരിട്ട് ലഭിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. എന്നാൽ ഏകദേശം 27 കോടി അമേരിക്കൻ പൗരന്മാർക്ക് ഈ തുക നൽകണമെങ്കിൽ കോൺഗ്രസിന്റെ മുൻകൂട്ടിയുള്ള അനുമതിയും ഭീമമായ സാമ്പത്തിക സഹായവും ആവശ്യമാണ്. 1.35 ട്രില്യൺ ഡോളറിലധികം തുക ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നാണ് ധനകാര്യ വിദഗ്ധർ കണക്കാക്കുന്നത്.

ട്രംപിന്റെ ഈ പുതിയ വാഗ്ദാനത്തിനെതിരെ പ്രതിപക്ഷമായ ഡെമോക്രാറ്റുകൾ കടുത്ത വിമർശനവുമായി രംഗത്തെത്തിയിട്ടുണ്ട്. വോട്ടർമാരെ പരസ്യമായി സ്വാധീനിക്കാനുള്ള രാഷ്ട്രീയ തന്ത്രമാണ് ഇതെന്നും നടപ്പിലാക്കാൻ സാധിക്കാത്ത വ്യാജ വാഗ്ദാനമാണിതെന്നും അവർ ആരോപിച്ചു. വലിയ തുക വിപണിയിലേക്ക് എത്തുന്നത് പണപ്പെരുപ്പം വീണ്ടും വർദ്ധിക്കാൻ ഇടയാക്കുമെന്നും സാമ്പത്തിക വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

ഡൊണാൾഡ് ട്രംപിന്റെ പുതിയ ഭരണത്തിന് കീഴിൽ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചു കൊണ്ടും തദ്ദേശീയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ടുമാണ് വിഭവസമാഹരണം നടത്തുന്നത്. എന്നാൽ ഇത്തരമൊരു വൻ സാമ്പത്തിക വിതരണത്തിന് കോൺഗ്രസിന്റെ അംഗീകാരം ലഭിക്കുമോ എന്നത് സംശയമാണ്. മിഡ്ടേം തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഈ വാഗ്ദാനം വരും ദിവസങ്ങളിൽ പ്രധാന ചർച്ചാവിഷയമായി മാറും.

# അമേരിക്ക ഇറാൻ യുദ്ധം 2029 വരെ നീണ്ടുനിന്നേക്കാം; ട്രംപിന് മുന്നറിയിപ്പുമായി വൈറ്റ് ഹൗസ് ഉപദേശകർ

അമേരിക്കയും ഇറാനും തമ്മിൽ നിലനിൽക്കുന്ന രൂക്ഷമായ സൈനിക സംഘർഷം ഉടനെയൊന്നും അവസാനിക്കില്ലെന്ന് റിപ്പോർട്ട്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കാലാവധി അവസാനിക്കുന്ന 2029 ജനുവരി വരെ യുദ്ധം നീ

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.



ണ്ടുനിന്നേക്കാമെന്ന് വൈറ്റ് ഹൗസിലെ ഉന്നത ഉപദേശകർ അദ്ദേഹത്തിന് മുന്നറിയിപ്പ് നൽകി. വാൾ സ്ട്രീറ്റ് ജേണലാണ് യുഎസ് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് ഈ നിർണ്ണായക വിവരം പുറത്തുവിട്ടത്.

വൈസ് പ്രസിഡന്റ് ജെഡി വാൻസ്, സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എന്നിവരുൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ട്രംപുമായി നടത്തിയ അടച്ചിട്ട മുറിയിലെ ചർച്ചയിലാണ് ഈ നിരീക്ഷണം പങ്കുവെച്ചത്. അമേരിക്കയുടെ കടുത്ത സാമ്പത്തിക, സൈനിക സമ്മർദ്ദങ്ങളെ പ്രതിരോധിക്കാൻ തെഹ്റാന് ഇനിയും സാധിക്കുമെന്നാണ് വിലയിരുത്തൽ.

മിഡ്ടേം തിരഞ്ഞെടുപ്പിന് തൊട്ടുപിന്നാലെ യുദ്ധം അവസാനിക്കുമെന്ന ട്രംപിന്റെ പരസ്യ പ്രസ്താവനകൾക്ക് തികച്ചും വിപരീതമാണ് ഉപദേശകരുടെ ഈ വിലയിരുത്തൽ. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽസ്വാധീനംചെലുത്താനാണ് ഇറാൻ ശ്രമിക്കുന്നതെന്നും എന്നാൽ അവർക്ക് കൂടുതൽ കാലം പിടിച്ചുനിൽക്കാൻ കഴിയില്ലെന്നുമാണ് ട്രംപ് കഴിഞ്ഞ ദിവസം പറഞ്ഞത്. എന്നാൽ ട്രംപിന്റെ ഈ കണക്കുകൂട്ടലുകൾ തെറ്റാമെന്നാണ് സ്വന്തം ഉപദേശകർ തന്നെ ചൂണ്ടിക്കാണിക്കുന്നത്.

മധ്യപൂർവേഷ്യൻ മേഖലയിലെ യുഎസ് സൈനികരുടെ സേവന കാലാവധി 2027 വരെ നീട്ടാൻ പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് തീരുമാനിച്ചുകഴിഞ്ഞു. മേഖലയിൽ വ്യോമപ്രതിരോധ സംവിധാനങ്ങൾ കൃത്യമായ സമയപരിധിയില്ലാതെ നിലനിർത്താനാണ് പെന്റഗണിന്റെ പദ്ധതി. സ്ട്രെയിറ്റ് ഓഫ് ഹോർമുസ് കടലിടുക്കിൽ ഇരുരാജ്യങ്ങളും തമ്മിൽ ആക്രമണം കടുപ്പിച്ചതാണ് സാഹചര്യം കൂടുതൽ വഷളാക്കിയത്. ഇറാന്റെ അഞ്ച് എണ്ണക്കപ്പലുകൾ അമേരിക്ക തകർത്തതിന് മറുപടിയായി പത്ത് കപ്പലുകൾക്ക് നേരെ ഇറാൻ ആക്രമണം നടത്തി. അമേരിക്കൻ യുദ്ധക്കപ്പലുകൾക്ക് നേരെ ആക്രമണം ഉണ്ടായാൽ കൂടുതൽ ഇറാനിയൻ എണ്ണക്കപ്പലുകൾ തകർക്കുമെന്ന് മാർക്കോ റൂബിയോ വ്യക്തമാക്കിയിട്ടുണ്ട്.

ഹോർമുസ് കടലിടുക്കിലൂടെയുള്ള ചരക്കുനീക്കം തടസ്സപ്പെട്ടതോടെ ആഗോള എണ്ണവിപണിയിൽ വൻ വിലക്കയറ്റമാണ് രേഖപ്പെടുത്തുന്നത്. ബ്രെന്റ് ക്രൂഡോയിൽ വില ബാരലിന് 100 ഡോളർ കടന്നു. ആഗോളതലത്തിൽ ഇന്ധന വിതരണം തടസ്സപ്പെടുന്നത് വരും ദിവസങ്ങളിൽ ലോക സമ്പദ്വ്യവസ്ഥയ്ക്ക് വലിയ ഭീഷണിയായി മാറും.

ഇറാന്റെ ആണവ പദ്ധതി പൂർണ്ണമായി തകർത്തുകൊണ്ട് മാത്രമേ സൈനിക പിന്മാറ്റം ഉണ്ടാകൂ എന്ന നിലപാടിലാണ് വൈറ്റ് ഹൗസ്. എന്നാൽ അമേരിക്കയുടെ സാമ്പത്തിക ഉപരോധങ്ങൾക്ക് മുന്നിൽ കീഴടങ്ങാൻ തെഹ്റാൻ തയ്യാറായിട്ടില്ല. ഈ പിടിവാശി യുദ്ധം നീണ്ടുപോകാൻ ഇടയാക്കും.

നീണ്ടുനിൽക്കുന്ന ഒരു പോരാട്ടത്തിന് അമേരിക്കൻ പ്രതിരോധ മന്ത്രാലയം സജ്ജമാകേണ്ടി വരുമെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. പശ്ചിമേഷ്യയിൽ യുഎസ് സൈനികരുടെ സാന്നിധ്യം ഇനിയും വർദ്ധിച്ചേക്കാം. ഇതിന്റെ പ്രത്യാഘാതം അമേരിക്കൻ ആഭ്യന്തര രാഷ്ട്രീയത്തിലും പ്രതിഫലിക്കും.

ഇറാൻ അനുകൂല ഹൂതി ഗ്രൂപ്പുകളും മേഖലയിൽ ആക്രമണം ശക്തമാക്കിയിട്ടുണ്ട്. ഇത് സംഘർഷത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. ചർച്ചകൾക്ക് അമേരിക്കയ്ക്ക് നിലവിൽ വലിയ താൽപ്പര്യമില്ലെന്ന് ട്രംപ് വ്യക്തമാക്കിയതോടെ നയതന്ത്ര പരിഹാരത്തിനുള്ള സാധ്യതകളും മങ്ങുകയാണ്.

ദീർഘകാലം യുദ്ധം തുടരുന്നത് ലോകത്തെമ്പാടും വിലക്കയറ്റത്തിനും സാമ്പത്തിക മാന്ദ്യത്തിനും വഴിവെക്കും. ഇന്ത്യ അടക്കമുള്ള വികസ്വര രാജ്യങ്ങളെ ഇത് സാരമായി ബാധിച്ചേക്കാം. വൈറ്റ് ഹൗസ് ഉപദേശകരുടെ ഈ മുന്നറിയിപ്പ് ആഗോള വിപണിയിൽ വലിയ ആശങ്കയാണ് ഉണ്ടാക്കിയിരിക്കുന്നത്.

# യുഎസിൽ സെൻസസ് പരിഷ്കരണവുമായി ട്രംപ് ഭരണകൂടം; അനധികൃത കുടിയേറ്റക്കാർ പുറത്താകും

വാഷിംഗ്ടൺ: അമേരിക്കയിലെ വോട്ടവകാശം, രാഷ്ട്രീയ പ്രാതിനിധ്യം, ഫെഡറൽ സഹായ വിതരണം എന്നിവയിൽ വൻ മാറ്റങ്ങൾ വരുത്താൻ ലക്ഷ്യമിട്ട് നിർണായക സെൻസസ് നയ പരിഷ്കരണവുമായി ഡൊണാൾഡ് ട്രംപ് ഭരണകൂടം. രാജ്യത്തെ വരാനിരിക്കുന്ന 2030 ലെ സെൻസസിൽ യു.എസ് പൗരന്മാരെയും സ്ഥിരതാമസാനുമതിയുള്ള ഗ്രീൻ കാർഡ് ഉടമകളെയും മാത്രം ഉൾപ്പെടുത്താനാണ് ട്രംപ് ഭരണകൂടത്തിന്റെ പുതിയ നിർദ്ദേശം.

നിലവിലെ നിർദ്ദേശം പ്രാബല്യത്തിൽ വരികയാണെങ്കിൽ അനധികൃത കുടിയേറ്റക്കാരെ മാത്രമല്ല, താൽക്കാലിക വിസകളിൽ അമേരിക്കയിൽ താമസിക്കുന്ന ലക്ഷക്കണക്കിന് ആളുകളെയും സെൻസസിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കും.

ഇതിനുപുറമെ, 1790 ലെ ആദ്യ സെൻസസ് മുതൽ തുടർന്നുപോരുന്ന വംശം വംശീയത എന്നിവ തിരിച്ചറിയാനുള്ള പ്രധാന ചോദ്യ വിഭാഗങ്ങളും ചോദ്യാവലിയിൽ നിന്ന് നീക്കം ചെയ്യാനും പദ്ധതിയുണ്ട്.

പൊതുജനങ്ങളുടെ അഭിപ്രായ പ്രകടനങ്ങൾക്കായി ഈ നിർദ്ദേശം 30 ദിവസത്തേക്ക് പരസ്യപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ ഹൗസ് ഓഫ് റപ്രസന്റേറ്റീവ്സിൽ ഓരോ സംസ്ഥാനത്തിനും അനുവദിക്കുന്ന സീറ്റുകളുടെ എണ്ണം നിശ്ചയിക്കുന്നതും വർഷം തോറും ശതകോടിക്കണക്കിന് ഡോളറിന്റെ ഫെഡറൽ സഹായം വീതിച്ചുനൽകുന്നതും സെൻസസ് കണക്കുകൾ അടിസ്ഥാനമാക്കിയാണ്.

പുതിയ നിർദ്ദേശം നടപ്പിലായാൽ കുടിയേറ്റക്കാർ കൂടുതലുള്ള നഗരങ്ങൾക്കും സംസ്ഥാനങ്ങൾക്കും ലഭിക്കുന്ന സാമ്പത്തിക സഹായത്തിലും രാഷ്ട്രീയ പ്രാതിനിധ്യത്തിലും വൻ ഇടിവുണ്ടാകുമെന്ന് മനുഷ്യാവകാശ പ്രവർത്തകരും ജനസംഖ്യാ വിദഗ്ദ്ധരും മുന്നറിയിപ്പ് നൽകുന്നു. നേരത്തെ തങ്ങളുടെ ആദ്യ ഭരണകാലത്ത് 2020 ലെ സെൻസസിൽ പൗരത്വ ചോദ്യം ഉൾപ്പെടുത്താൻ ട്രംപ് ശ്രമിച്ചിരുന്നെങ്കിലും സുപ്രീം കോടതി അത് തടയുകയായിരുന്നു.

## റീ...പോളിംഗ്




ഒറ്റപ്പെട്ട് പിണറായി; സി.പി.ഐക്ക് മൗനം



# ഫ്രൈഡേ ക്ലബ് ഷിക്കാഗോയുടെ ഓണഘോഷം വർണാഭമായി

ഷിക്കാഗോ: ഫ്രൈഡേ ക്ലബ് ഷിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷം സെപ്തംബർ 5 ശനിയാഴ്ച മൗണ്ട് പ്രോസ്പെക്ടിൽ സുജിത്ത് നായർ, ഷീബ നായർ ദമ്പതികളുടെ വസതിയിൽ വർണാഭമായി നടന്നു.

കേരളത്തിന്റെ തനിമ വിളിച്ചോതുന്ന പൂക്കളം, പരമ്പരാഗത വേഷവിധാനങ്ങൾ, ഓണസദ്യ, കലാ കായിക വിനോദപരിപാടികൾ എന്നിവയോടെ നടന്ന ആഘോഷത്തിൽ ഫ്രൈഡേ ക്ലബ് കുടുംബാംഗങ്ങൾ സജീവമായി പങ്കെടുത്തു. കുട്ടികൾക്കും മുതിർന്നവർക്കുമായി ഒരുക്കിയ വിവിധ മത്സരങ്ങളും വിനോദപരിപാടികളും ആഘോഷത്തിന് മാറ്റുകൂട്ടി. പ്രവാസജീവിതത്തിനിടയിലും നാടിന്റെ ഓണഓർമ്മകൾ പുതുക്കിയ കുടുംബസംഗമമായി ആഘോഷം മാറി.





ക്ലബ് പ്രസിഡന്റ് കിഷോർ പന്തക്കൽ, സെക്രട്ടറി ലിനി കൊച്ചിക്കുഴി, ട്രഷറർ സുജിത്ത് നായർ, ജോയിന്റ് സെക്രട്ടറി മിഥുൻ നമ്പ്യാപറമ്പിൽ, ജോയിന്റ് ട്രഷറർ ബോബി പട്ടരുകുഴിയിൽ, വിമൻസ് ലീഡ് ലിന്റ് മിഥുൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഗിപ്സൺ തൊറക്കൽ, സുജൈ ചാരക്കുന്നേൽ, ജോണി വാട്ടപ്പള്ളിൽ, അനീഷ് ചിറ്റിലക്കാട്ട് എന്നിവർ പരിപാടികളുടെ ഏകോപനത്തിൽ പങ്കാളികളായി.

ആഘോഷത്തിന് സ്വന്തം ഭവനം വേദിയാക്കി അതിഥികളെ സ്വീകരിച്ച സുജിത്ത് നായർ, ഷീബ നായർ ദമ്പതികളെ ഫ്രൈഡേ ക്ലബ് അംഗങ്ങൾ അഭിനന്ദിച്ചു. ഓണാഘോഷത്തിന്റെ വിജയത്തിനായി സഹകരിച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സ്പോൺസർമാർക്കും സംഘാടകർ നന്ദി അറിയിച്ചു.

ആഘോഷത്തിന്റെ ചിത്രങ്ങൾ ജിജോ വർഗീസ് ഫോട്ടോഗ്രാഫിയുടെ ജിജോ വർഗീസ് പകർത്തി. വീഡിയോ, മീഡിയ കവറേജ് CBZ Broadcastingന്റെ സിബി വർഗീസ് നിർവഹിച്ചു.

സൗഹൃദവും കുടുംബബന്ധങ്ങളും കൂടുതൽ ഊട്ടിയുറപ്പിച്ച ഫ്രൈഡേ ക്ലബ്ബിന്റെ ഓണാഘോഷം പങ്കെടുത്തവർക്ക് ഓർമയിൽ സൂക്ഷിക്കാവുന്ന ഒരു പൊന്നോണമായി.





# ഷിക്കാഗോയിൽ ആയിരത്തിലേറെ പേരെ പങ്കെടുത്ത എൻ.എസ്.എസ്. ഷിക്കാഗോയുടെ ഓണാഘോഷം

ഷിക്കാഗോ: കേരളത്തിന്റെ തനിമയും പാരമ്പര്യവും സംസ്കാരവും കൂട്ടായ്മയും നിറഞ്ഞുനിന്ന അവിസ്മരണീയ സായാഹ്നത്തിന് ഷിക്കാഗോ സാക്ഷിയായി. എൻ.എസ്.എസ്. ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷത്തിൽ ആയിരത്തിലേറെ പേർ പങ്കെടുത്തു. വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ ആസ്വദിക്കുകയും വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയിൽ പങ്കുചേരുകയും ചെയ്തതോടെ ആഘോഷം ഷിക്കാഗോ മലയാളി സമൂഹത്തിന്റെ ശ്രദ്ധേയമായ ഒത്തുചേരലായി മാറി.

മനോഹരമായ പൂക്കളത്തോടെയാണ് ആഘോഷത്തിന് തുടക്കം കുറിച്ചത്. തുടർന്ന് അരങ്ങേറിയ 65ലധികം വനിതകളുടെ തിരുവാതിര പരിപാടിക്ക് പ്രത്യേക ശ്രദ്ധ നേടി.

നൃത്തവും സംഗീതവും നാടൻ കലാരൂപങ്ങളും കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ അവതരണങ്ങളും ഉൾപ്പെട്ട സാംസ്കാരിക പരിപാടികൾ സദസ്സിനെ ആവേശത്തിലാഴ്ത്തി.

ഇതിനിടയിൽ ശ്രദ്ധേയമായ അവതരണമായിരുന്നു കുട്ടികൾ അവതരിപ്പിച്ച 'സർഗവർണം'. കേരളീയ പാരമ്പര്യവും സംസ്കാരവും മനോഹരമായി അവതരിപ്പിച്ച കുട്ടികൾ അമ്മമാരോടൊപ്പം റാംപിൽ അണിനിരന്നത് തലമുറകളെ ബന്ധിപ്പിക്കുന്ന മനോഹരമായ നിമിഷമായി.

ആഘോഷത്തിന്റെ ഏറ്റവും ശ്രദ്ധേയമായ അവതരണങ്ങളിലൊന്നായിരുന്നു ദേവി ജയന്റെ സംവിധാനത്തിൽ അരങ്ങിലെത്തിയ 'ചന്ദ്രമുഖി' എന്ന നൃത്താവിഷ്കാരം.

തലമുറകളായി സ്ത്രീകളുടെ കഥകൾ നഷ്ടത്തിന്റെയും ത്യാഗത്തിന്റെയും പരാജയത്തിന്റെയും കണ്ണിലൂടെ മാത്രം പറയപ്പെട്ടതിനെ ഈ അവതരണം ചോദ്യം ചെയ്തു. ചന്ദ്രമുഖി ഉന്നയിക്കുന്ന ചോദ്യങ്ങൾ രാധ, സീത, പാഞ്ചാലി, ഊർമിള തുടങ്ങിയ ഇതിഹാസ കഥാപാത്രങ്ങളിലേക്ക് എത്തുന്നു. എന്നാൽ ഈ സ്ത്രീകൾ തങ്ങളുടെ കഥകളുമായി എത്തുമ്പോൾ പ്രേക്ഷകർക്ക് മറ്റൊരു കാഴ്ചപ്പാട് മുന്നിൽവന്നു. അവർ വെറും ഇരകളായിരുന്നില്ല; സ്വന്തം ശക്തിയും തീരുമാനങ്ങളും യാത്രകളും വിജയങ്ങളുമുള്ള സ്ത്രീകളായിരുന്നു. പരാജയമായി പറയപ്പെട്ട കഥകളെ അതിജീവനത്തിന്റെയും ശക്തിയുടെയും ഒടുവിൽ വിജയത്തിന്റെയും കഥകളായി കാണാമെന്ന ശക്തമായ സന്ദേശമാണ് 'ചന്ദ്രമുഖി' നൽകിയത്.

തുടർന്ന് പി.കെ. പ്രൊഡക്ഷൻസ് അവതരിപ്പിച്ച 'മ്യൂസിക് മോജോ' സംഗീതപരിപാടിയും സദസ്സിന്റെ പ്രത്യേക ശ്രദ്ധ നേടി. സാംസ്കാരിക പരിപാടികൾക്ക് സമാപനം കുറിച്ചത് വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയോടെയായിരുന്നു. വിവിധ വിഭവങ്ങൾക്കൊപ്പം മൂന്ന് തരത്തിലുള്ള പായസവും ഉൾപ്പെടുത്തിയ സദ്യ ആയിരത്തിലേറെ വരുന്ന സദസ്സിന് ഓണത്തിന്റെ തനത് രുചി സമ്മാനിച്ചു.

വേദിയിൽ നിറഞ്ഞുനിന്ന കലാകാരന്മാർ മുതൽ പിന്നണിയിൽ പ്രവർത്തിച്ച സംഘാടകരും, സന്നദ്ധ പ്രവർത്തകരും ഉൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തിച്ച എല്ലാവരും ചേർന്ന കൂട്ടായ പരിശ്രമമാണ് ഈ വലിയ ആഘോഷത്തിന്റെ വിജയത്തിന് പിന്നിൽ.




# ഒർലാണ്ടോയിലേക്ക് കെ.എച്ച്.എൻ.എ; 2027 ഗ്ലോബൽ കൺവെൻഷന്റെ വേദി കരാർ ഒപ്പുവച്ചു

ഒർലാണ്ടോ: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ 2027 ഗ്ലോബൽ കൺവെൻഷന് ലോകപ്രശസ്ത വിനോദസഞ്ചാര നഗരമായ ഒർലാണ്ടോ വേദിയാകും. 2027 നവംബർ 25 മുതൽ 28 വരെ, താങ്ക്സ്ഗിവിങ് അവധിക്കാലത്ത് നടക്കുന്ന നാലുദിന മഹാസംഗമത്തിന് Renaissance Orlando at SeaWorld ആതിഥേയത്വം വഹിക്കും.

കെ.എച്ച്.എൻ.എയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണനും Renaissance Orlando at SeaWorld അധികൃതരും കൺവെൻഷൻ വേദി സംബന്ധിച്ച കരാറിൽ ഒപ്പുവച്ചു.

അമേരിക്കയിലെ കുടുംബങ്ങൾ ഒരുമിച്ചു കൂടുന്ന ഏറ്റവും പ്രധാനപ്പെട്ട അവധിക്കാലങ്ങളിലൊന്നായ താങ്ക്സ് ഗിവിംഗ് വാരാന്ത്യം കൺവെൻഷനായി തിരഞ്ഞെടുത്തത് കൂടുതൽ കുടുംബങ്ങൾക്ക് അവധിയെടുത്തുള്ള അധിക യാത്ര ഒഴിവാക്കി കുടുംബസമേതം പങ്കെടുക്കാൻ സൗകര്യമൊരുക്കും.

സീ വേൾഡിന് തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന Renaissance Orlando at SeaWorld, ഒർലാണ്ടോ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് കുറഞ്ഞ യാത്രാസമയത്തിനുള്ളിൽ എത്തിച്ചേരാവുന്ന പ്രമുഖ റിസോർട്ട് ഹോട്ടലാണ്.

വിശാലമായ കൺവെൻഷൻ ഹാളുകൾ, വിവിധ വിഭാഗങ്ങളിലുള്ള അതിഥിമുറികൾ, കുടുംബങ്ങൾക്ക് അനുയോജ്യമായ സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം Walt Disney World, Universal Orlando, SeaWorld തുടങ്ങിയ ലോകപ്രശസ്ത വിനോദകേന്ദ്രങ്ങളുടെ സാമീപ്യവും കൺവെൻഷനിലെത്തുന്ന കുടുംബങ്ങൾക്ക് സമ്മേളനത്തോടൊപ്പം മനോഹരമായ ഒരു ഒർലാണ്ടോ അവധിക്കാലം കൂടി ആസ്വദിക്കാനുള്ള അവസരമൊരുക്കും.

'ഇത് ഒരു കൺവെൻഷൻ മാത്രമായിരിക്കരുത്; ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി ഹിന്ദു കുടുംബങ്ങൾ ഒരുമിക്കുന്ന ഒരു വലിയ കുടുംബസംഗമമായി മാറണം. കുട്ടികൾക്ക് പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കാനും, യുവതലമുറയ്ക്ക് നമ്മുടെ പൈതൃകവും സംസ്കാരവുമായി കൂടുതൽ അടുക്കാനും, മുതിർന്നവർക്ക് പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനും കഴിയുന്ന വേദിയാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്,' പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു.

ഒരു മില്യൺ ഡോളറിലധികം പ്രതീക്ഷിത ബജറ്റുള്ള കൺവെൻഷന്റെ പ്രാഥമിക സാമ്പത്തിക രൂപരേഖയും തയ്യാറായിക്കഴിഞ്ഞു. കരാർ ഒപ്പിടലിനുശേഷം നടന്ന യോഗത്തിൽ ട്രഷറർ അശോക് മേനോൻ പ്രതീക്ഷിത വരവ് ചെലവുകൾ ഉൾപ്പെടുത്തിയ സമഗ്ര ബജറ്റ് അവതരിപ്പിച്ചു.

കരാർ ഒപ്പിടൽ ചടങ്ങിൽ ട്രഷറർ അശോക് മേനോൻ, നാഷണൽ ഡയറക്ടർ ബോർഡ് അംഗങ്ങളായ ഗോപൻ നായർ, അനഘ വാരിയർ, സുജിത് കുമാർ അച്യുതൻ, ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡന്റ് പ്രദീപ് ബി. പിള്ള, ഡോ. ശ്രീകുമാർ ചെല്ലപ്പൻ, ബിനുബ് ശ്രീധരൻ, നന്ദകുമാർ ചക്കിങ്ങൽ, അഷീദ് വാസുദേവൻ, സച്ചിൻ നായർ, അഞ്ജന കൃഷ്ണൻ, പ്രദീപ് നാരായൺ, അജിത് കുമാർ, മധു പിള്ള, ഹരീഷ്, മണികണ്ഠൻ, രാജേഷ് വല്ലാത്ത്, നന്ദിത, ബബിത എന്നിവരും ഫ്ളോറിഡയിലെ വിവിധ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു.

# മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റി കാർണിവൽ സെപ്തംബർ 12ന്




ഷിക്കാഗോ: മോക്സ് എന്ന ചുരുക്കപ്പേരിൽ ഷിക്കാഗോയിൽ അറിയപ്പെടുന്ന (M.O.C.S) ന്റെ രണ്ടാമത് കാർണിവെൽ സെപ്തംബർ 12ന് ശനിയാഴ്ചരാവിലെ 11 മണിക്ക് ആരംഭിക്കും. ബെൻസിൻവില്ലയിലെ സേക്രട്ട്ഹാർട്ട് ക്നാനായ ദേവാലയത്തിന്റെ അങ്കണത്തിൽ നടത്തുന്ന ഈ കാർണിവെൽ പരിപാടികൾ കേരളത്തിന്റെ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം നിർവ്വഹിക്കും.

കുട്ടികൾക്കും, മുതിർന്നവർക്കും ഉല്ലാസത്തിനും ആനന്ദത്തിനും മാത്രമല്ല കേരളത്തിന്റെയും വടക്കേ ഇന്ത്യയുടേയും വൈവിദ്ധ്യമാർന്ന രുചിക്കൂട്ടുകളുടെയും സംഗമമാണ് ഈ ഉത്സവമേള. മാത്രമല്ല വിവിധ കലാപരിപാടികൾ, ഗാനമേള, വിവിധയിനം നൃത്തരൂപങ്ങൾ, ഫേയ്സ്പെയിന്റിംഗ്, മെഹന്തി തുടങ്ങി വിവിധയിനം കലാരൂപങ്ങൾ കോർത്തിണക്കി നടത്തുന്ന ഈ വമ്പിച്ച പരിപാടി ഷിക്കാഗോയിലെ ജനങ്ങൾ വളരെ ഹാർദ്ദവമായാണ് എല്ലാവർഷവും സ്വീകരിക്കുന്നത്. കുട്ടികൾക്കായി ബാസ്ക്കറ്റ്ബോൾ, റോക്ക് ക്ലൈബിംഗ്, മറ്റ് വിനോദഉപാധികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈവിദ്ധ്യമാർന്ന ഭക്ഷണപദാർത്ഥങ്ങൾ രുചിക്കാനും കുട്ടികൾക്കും മുതിർന്നവർക്കും തങ്ങളുടെ കലാവാസനകൾ പ്രകടിപ്പിക്കാനുമുള്ള വേദികളും സജ്ജമാക്കിയിട്ടുണ്ട്.

രാവിലെ 11മണിക്ക് ആരംഭിക്കുന്ന ഈ കലാകായിക രുചിക്കൂട്ട് സംഗമവേദി വൈകുന്നേരം 7 മണിവരെയാണ്. ആയതിനാൽ ഷിക്കാഗോയിലെ എല്ലാവർക്കും വിവിധ സമയങ്ങളിൽ വന്ന് പങ്കെടുക്കാവുന്നതാണ്. വിദ്യാലയങ്ങൾ തുറക്കുന്നതിനു മുമ്പ് കുട്ടികൾക്ക് വമ്പിച്ച ഒരു അവധിക്കാല ഉല്ലാസം കൂടിയായി ആണ് ഈ കാർണിവെൽ സംഘടിപ്പിക്കുന്നത്. പ്രായഭേദമന്യേ എല്ലാവരും ഈ കലാകായിക രുചിക്കൂട്ട് സംഗമത്തിൽ വന്നുസംബന്ധിച്ച് വിജയിപ്പിക്കണമെന്ന് പ്രസിഡന്റ് ഡോ. ബിനു ഫിലിപ്പ്, സെക്രട്ടറി അജിത്ത് ഏലിയാസ്, ട്രഷറാർ ഫിലിപ്പ് കുന്നേൽ ജോസഫ്, ജനറൽ കൺവീനർ എബ്രഹാം വർക്കി (അനി), ട്രസ്റ്റി ബോർഡ് ചെയർമാൻ ഡോ. ജോസഫ് എബ്രഹാം എന്നിവരും കമ്മിറ്റി അംഗങ്ങളായ ഏലിയാസ് തോമസ്, ജിജി ജോൺ, ഏലിയാമ്മ പുന്നൂസ്, ആൽബിൻ എബ്രഹാം, സിബിൽ ഫിലിപ്പ്, ലിഷാ ജോണി, എന്നിവരും അറിയിക്കും.

◗ ജോർജ് പണിക്കർ



# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ്; കാനഡ ഗ്ലാഡിയേറ്റേഴ്സ് വീണ്ടും ചാമ്പ്യന്മാർ



ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം ആവേശകരമായി സമാപിച്ചപ്പോൾ, കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ ഗ്ലാഡിയേറ്റേഴ്സ് കാനഡ വീണ്ടും കിരീടം നിലനിർത്തി. മാണി മെമ്മോറിയൽ റോളിംഗ് ട്രോഫിയും 11,111 ഡോളർ സമ്മാനത്തുകയും സ്വന്തമാക്കിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ കിരീടം നിലനിർത്തിയത്. രണ്ടാം സമ്മാനമായ ജോയി മുണ്ടപ്ലാക്കിൽ മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 5555 ഡോളറും കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീം സ്വന്തമാക്കി. വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമിനെ പരാജയപ്പെടുത്തിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായത്.

സ്റ്റീഫൻ കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്ത ഗ്ലാഡിയേറ്റേഴ്സ് കാനഡയും സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത കെബിസി കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമും നോർത്ത് അമേരിക്കൻ വടംവലി വേദികളിലെ ശക്തരായ എതിരാളികളായി ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളാണ്. മൂന്നാം സ്ഥാനത്തിനായുള്ള പോരാട്ടത്തിൽ സ്റ്റീഫൻ കിഴക്കേകുറ്റിന്റെ ലണ്ടൻ ഗ്ലാഡിയേറ്റേഴ്സ്, മുത്ത് കല്ലിടുക്കിലിന്റെ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക് ടീമിനെ പരാജയപ്പെടുത്തി മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 3333 ഡോളറും അടങ്ങുന്ന മൂന്നാം സ്ഥാനം കരസ്ഥമാക്കി.

കെബിസി ബ്ലാക്ക് മംഗല്യാ ജ്വല്ലറി നൽകിയ ട്രോഫിയും 1111 ഡോളർറും അടങ്ങുന്ന നാലാം സ്ഥാനത്തിന് അർഹരായി. രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരങ്ങൾ പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വരെ നീണ്ടുനിന്ന മത്സരങ്ങൾക്കൊപ്പം താളമേളങ്ങളും കലാപരിപാടികളും അരങ്ങേറിയതോടെ ബെൻസൺവില്ലിലെ എനർജി സ്പോർട്സ് കോംപ്ലസിൽ ആവേശത്തിന്റെ അലയൊലികൾക്ക് സാക്ഷിയായി.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 16 ടീമുകൾ ഇത്തവണത്തെ ടൂർണമെന്റിൽ മാറ്റുരച്ചു. പ്രമുഖ സിനിമാതാരം അൻസിബ ഹസൻ, പ്ലേ ബാക്ക് സിംഗർ സുധീഷ് ശശികുമാർ, ഷിക്കാഗോയിലെ മറ്റു അനുഗ്രഹീത ഗായകരും കലാകാരന്മാരും അവതരിപ്പിച്ച കലാപരിപാടികൾ വടംവലി മാമാങ്കത്തിന് കൂടുതൽ നിറപ്പകിട്ടേകി. 5,000ലധികം ആളുകൾ വടംവലി കാണാനായി എനർജി സ്പോർട്സ് കോംപ്ലെക്സിലേക്ക് ഒഴുകിയെത്തിയതായി സംഘാടകർ അറിയിച്ചു. ഇന്ത്യൻ-അമേരിക്കൻ രുചിവൈവിധ്യങ്ങളുമായി ഒരുക്കിയ ഫുഡ് ഫെസ്റ്റിവലും പരിപാടിയുടെ ഭാഗമായി നടന്നു. ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലാണ് ഫുഡ് ഫെസ്റ്റിവൽ ഏകോപിപ്പിച്ചത്.

റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള വടംവലി കമ്മിറ്റിയും ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു. കാനഡയിൽ നിന്നും നോർത്ത് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിന് വടംവലി പ്രേമികളാണ് ഈ കായികമാമാങ്കത്തിൽ പങ്കെടുക്കാനെത്തിയത്. കെവി ടിവി വഴി ടൂർണമെന്റ് മുഴുവൻ തത്സമയം സംപ്രേഷണം ചെയ്തതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് പ്രേക്ഷകർക്കും മത്സരത്തിന്റെ ആവേശത്തിന് സാക്ഷിയാകാൻ സാധിച്ചു.

ഇത്രയും വലിയൊരു ടൂർണമെന്റ് വിജയകരമായി സംഘടിപ്പിക്കാനായത് ഷിക്കാഗോ സോഷ്യൽ ക്ലബ്ബിലെ അംഗങ്ങളുടെയും ക്ലബ്ബിനെ പിന്തുണയ്ക്കുന്ന എല്ലാ സ്പോൺസർമാരുടെയും അകമഴിഞ്ഞ സഹകരണത്തിന്റെ ഫലമാണെന്ന് ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ അറിയിച്ചു. മികച്ച ഏകോപനത്തോടെ പ്രവർത്തിച്ച ടൂർണമെന്റ് കമ്മിറ്റികളെയും കമ്മിറ്റി അംഗങ്ങളെയും, സ്പോൺസർമാരെയും,

വോളണ്ടിയർമാരെയും, പരിപാടിയെ പിന്തുണച്ച എല്ലാവരെയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നതായി വടംവലി ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂതേത് എന്നിവരുടെ നേതൃത്വത്തിലാണ് വടംവലി ടൂർണമെന്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. .

ടൂർണമെന്റ് കമ്മിറ്റിക്ക് സിറിയക്ക് കൂവക്കാട്ടിൽ ചെയർമാനായും, മാനി കരിക്കുളം വൈസ് ചെയർമാനായും, സ്റ്റീഫൻ കഴിക്കേക്കുറ്റ് ജനറൽ കൺവീനറായും, ബിനു കൈതക്കത്തോട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നൽകി.

*അനിൽ മറ്റത്തിക്കുന്നേൽ*

# ഹൂസ്റ്റണിലെ ചരിത്ര കൺവൻഷന് പിന്നാലെ ഷിക്കാഗോയിൽ ഫോമായുടെ സൗഹൃദ സംഗമം

ഷിക്കാഗോ: അമേരിക്കൻ മലയാളി കൂട്ടായ്മയുടെ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച ഫോമയുടെ 9-ാമത് ഫാമിലി കൺവൻഷന്റെ വിജയത്തിന് പിന്നാലെ സംഘടനാ നേതാക്കളും ഡെലിഗേറ്റുകളും സുഹൃത്തുക്കളും ഒത്തുചേരുന്ന സൗഹൃദ സംഗമത്തിന് ഷിക്കാഗോ വേദിയൊരുങ്ങുന്നു. 'ഫോമാ സൗഹൃദ സംഗമം 2026' എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിക്ക് ഫോമാ സെൻട്രൽ റീജിയൻ ആതിഥേയത്വം വഹിക്കുമെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു.

"ഹൂസ്റ്റണിൽ നടന്ന ചരിത്രപരമായ 9-ാമത് ഫാമിലി കൺവൻഷന്റെ ആവേശവും സൗഹൃദവും കൂടുതൽ ശക്തിപ്പെടുത്തുകയാണ് സ്നേഹ സംഗമത്തിന്റെ ലക്ഷ്യം. ഫോമാ കുടുംബത്തിലെ നേതാക്കളെയും ഡെലിഗേറ്റുകളെയും സുഹൃത്തുക്കളെയും ഒരുമിച്ച് കാണാനും ആശയങ്ങൾ പങ്കുവയ്ക്കാനും സൗഹൃദം പുതുക്കാനുമുള്ള അവസരമാണിത്..." ബേബി മണക്കുന്നേൽ വ്യക്തമാക്കി.

ഒക്ടോബർ 16-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് സീറോ മലബാർ കത്തിഡ്രൽ പാരീഷ് ഹാളിലാണ് (5000 St. Charles Rd, Bellwood, IL 60104) പരിപാടികൾ. റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോർജ് മാത്യു, ജോസി കു




രിശിങ്കൽ എന്നിവരുടെ നേതൃത്വത്തിൽ സൗഹൃദ സംഗമത്തിന്റെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഫോമയുടെ ഭാവി പ്രവർത്തനങ്ങൾ, സംഘടനയുടെ വളർച്ച, വിവിധ റീജിയനുകൾ തമ്മിലുള്ള സഹകരണം തുടങ്ങിയ വിഷയങ്ങളിലും അനൗപചാരിക ചർച്ചകൾക്ക് സംഗമം വേദിയാകും.

*ശ്രീകുമാർ*



# കേരള സെന്റർ ഓണം 26 വർണ്ണാഭമായി ആഘോഷിച്ചു

ന്യൂയോർക്ക്: കേരള സെന്റർ സെപ്തംബർ 5ന് സ്വന്തം ഓഡിറ്റോറിയത്തിൽ വച്ച് വിവിധ കലാപരിപാടികളോട് കൂടി ഓണം ആഘോഷിച്ചു. കേരള സെന്റർ ജോയിന്റ് സെക്രട്ടറി മേരി ഫിലിപ്പിന്റെ ആമുഖത്തോടുകൂടി യോഗം ആരംഭിച്ചു. വിശിഷ്ട അതിഥികളും സെന്റർ ഭാരവാഹികളും ചേർന്ന് നിലവിളക്കു കൊളുത്തി കലാപരിപാടികൾക്ക് തുടക്കം കുറിച്ച് താലപ്പൊലി ചെണ്ട മേളം എന്നിവയുടെ അകമ്പടിയോട് കൂടി വിശിഷ്ടാഥിതികളും ഭാരവാഹികളും ചേർന്ന് മഹാബലിയെ വേദിയിലേക്ക് സ്വീകരിച്ചാനയിച്ചു. മാവേലി മന്നന്റെ ഓണസന്ദേശത്തിനു ശേഷം ഉഷ ജോർജിന്റെയും ഡോ. അന്നാ ജോർജിന്റെയും നേതൃത്വത്തിൽ നടന്ന തിരുവാതിരയും അർച്ചന ഫിലിപ്പ് ഒരുക്കിയ കുട്ടികളുടെ ഡാൻസും മനോഹരമായ ദൃശ്യാനുഭവമായി.




കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഓണദിവസത്തെ സന്തോഷവും ഐക്യവും എന്നും നിലനിർത്തുവാൻ അദ്ദേഹം എല്ലാവരോടും ആഹ്വാനം ചെയ്തു. മുഖ്യാഥിതി ന്യൂയോർക്ക് ഗവർണറുടെ ഓഫീസിലെ ഏഷ്യൻ അമേരിക്കൻ & പസഫിക് ഐലൻഡർ അഫയേഴ്സ് ഡയറക്ടർ സിബു നായർ ഓണ സന്ദേശം നൽകി. ന്യൂയോർക്ക് ഗവർണറുടെ ഓഫീസിനെ ഈ ആഘോഷങ്ങളുടെ ഭാഗമാക്കിയതിൽ അദ്ദേഹം കേരള സെന്ററിന് പ്രത്യേകം നന്ദി പറഞ്ഞു. ബോർഡ് ചെയർമാൻ ഡോ. മധു ഭാസ്കരൻ മുഖ്യാഥിതിയെ പരിചയപ്പെടുത്തിക്കൊണ്ട് ഒരുമയുടെ ആഘോഷമായ ഓണം ആഘോഷിക്കുന്നതിന് ഏറ്റവും നല്ല ഒരു വേദിയാണ് കേരളം സെന്റർ എന്ന് എടുത്തു പറഞ്ഞു. കൈരളി ടിവി സാരഥി ജോസ് കാടാപുറം, ഫോമാ സെക്രട്ടറി പോൾ ജോസ്, മുൻ ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസ്, ലീല മാരേട്ട്, ഫിലിപ്പ് മഠത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. എൽസി യോഹന്നാൻ ശങ്കരത്തിൽ സ്വയം എഴുതിയ ഓണപ്പാട്ട് പാടി സദസ്സിനെ ഓണാനുഭവത്തിൽ എത്തിച്ചു.

പ്രോഗ്രാമിന്റെ എം.സി ആയിരുന്ന ഡെയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ പരിപാടികൾ എല്ലാം മനോഹരവും ക്രൃത്യമായി സമയബന്ധിതമാക്കി. മേരി ഫിലിപ്പ്, എബി തോമസ്, ബെൻസി തോമസ് എന്നിവരാണ് പരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്തത്. കേരള സെന്റർ സെക്രട്ടറി രാജു തോമസ് എല്ലാവർക്കും നന്ദി പറഞ്ഞതിനു ശേഷം സ്പൈസ് ഗാർഡൻ റെസ്റ്റോറിന്റെ വിഭവ സമർത്ഥമായ ഓണ സദ്യയോടെ കേരള സെന്റർ 'ഓണം 26' സമാപിച്ചു.

◗ *രാജു തോമസ്*

# കാനഡയ്ക്കെതിരെ പ്രതികാരം കടുപ്പിച്ച് ട്രംപ്; മദ്യത്തിനും പാലുൽപ്പന്നങ്ങൾക്കും വൻ നിരോധനവും ഇറക്കുമതി നിയന്ത്രണവും

അമേരിക്കയും കാനഡയും തമ്മിലുള്ള വ്യാപാര യുദ്ധം അതീവ ഗുരുതരമായ ഘട്ടത്തിലേക്ക് കടക്കുന്നു. കാനഡയിൽ നിന്നുള്ള മദ്യത്തിനും മറ്റ് നിരവധി തന്ത്രപ്രധാന ഉൽപ്പന്നങ്ങൾക്കും നിരോധനം ഏർപ്പെടുത്തിക്കൊണ്ട് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികാര നടപടികൾ കൂടുതൽ കടുപ്പിച്ചു. അതിർത്തി കടന്നുള്ള വ്യാപാരത്തിൽ കാനഡ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് മറുപടിയായാണ് അമേരിക്കയുടെ ഈ പുതിയ പ്രഹരം.

കാനഡയിൽ നിന്നുള്ള മദ്യത്തിന് പുറമെ പാലുൽപ്പന്നങ്ങൾക്കും മറ്റ് വാണിജ്യ സാമഗ്രികൾക്കും യുഎസിലേക്ക് പ്രവേശിക്കുന്നതിന് പൂർണ്ണ നിരോധനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. കനേഡിയൻ പ്രവിശ്യകൾ അമേരിക്കൻ നിർമ്മിത മദ്യത്തിന് ഏർപ്പെടുത്തിയ വിലക്കുകൾ പിൻവലിക്കാൻ വിസമ്മതിച്ചതാണ് ട്രംപിനെ ചൊടിപ്പിച്ചത്. ഇതോടെ ഇരു അയൽരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലായി.

യുഎസ് വിപണിയിലേക്ക് എത്തുന്ന കനേഡിയൻ ഉൽപ്പന്നങ്ങൾക്ക് മേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ട്രംപ് വിജ്ഞാപനം പുറപ്പെടുവിച്ചു. കാനഡയുടെ സാമ്പത്തിക രംഗത്തെ കനത്ത ആഘാതത്തിലാക്കുന്ന തീരുമാനമാണിതെന്ന് നയതന്ത്ര വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഉഭയകക്ഷി ചർച്ചകൾ പരാജയപ്പെട്ടതിന് പിന്നാലെയാണ് പെട്ടെന്നുള്ള ഈ നിരോധന പ്രഖ്യാപനം വന്നത്.

കനേഡിയൻ ചീസ് ഉൾപ്പെടെയുള്ള പാലുൽപ്പന്നങ്ങൾക്ക് അമ്പത് ശതമാനം വരെ അധിക തീരുവ ചുമത്താനും ട്രംപ് ഭരണകൂടം തീരുമാനിച്ചു. കാനഡയിലെ പ്രാദേശിക വിപണികളിൽ അമേരിക്കൻ ഉൽപ്പന്നങ്ങൾ നേരിടുന്ന വിവേചനം അവസാനിപ്പിക്കാതെ വിട്ടുവീഴ്ചയ്ക്കില്ലെന്നാണ് വൈറ്റ് ഹൗസിന്റെ നിലപാട്. ഈ സാമ്പത്തിക ഉപരോധം വരും ദിവസങ്ങളിൽ കൂടുതൽ മേഖലകളിലേക്ക് വ്യാപിച്ചേക്കാം.

അമേരിക്കയുടെ ഈ ഏകപക്ഷീയമായ തീരുമാനത്തിൽ കനേഡിയൻ വിപണിയും പ്രവിശ്യാ സർക്കാരുകളും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. എന്നാൽ സ്വന്തം രാജ്യത്തെ വ്യവസായികളുടെയും കർഷകരുടെയും താല്പര്യങ്ങൾ സംരക്ഷിക്കാനാണ് താൻ മുൻഗണന നൽകുന്നതെന്ന് ട്രംപ് പ്രഖ്യാപിച്ചു. കാനഡയുമായുള്ള വ്യാപാര കരാറുകൾ പുനഃപരിശോധിക്കുമെന്ന ഭീഷണിയും ഉയർന്നിട്ടുണ്ട്.

കാനഡയിലെ മദ്യ നിർമ്മാണ മേഖലയ്ക്കും പാലുൽപ്പന്ന കയറ്റുമതിക്കാർക്കും പുതിയ യുഎസ് നയം കനത്ത സാമ്പത്തിക നഷ്ടമുണ്ടാക്കും. അമേരിക്കൻ വിപണിയെ മാത്രം ആശ്രയിച്ച് പ്രവർത്തിച്ചിരുന്ന പല പ്രമുഖ കമ്പനികളും അടച്ചുപൂട്ടലിന്റെ വക്കിലാണ്. കാനഡയിലെ പ്രവിശ്യാ സർക്കാരുകൾ അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ റദ്ദാക്കിയതാണ് തിരിച്ചടിക്ക് കാരണം.

കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ഭരണകൂടം അമേരിക്കയുടെ ഈ നീക്കത്തെ പ്രതിരോധിക്കാൻ അടിയന്തിര കൂടിയാലോചനകൾ ആരംഭിച്ചു. അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ തിരിച്ചടിയായി പുതിയ ഇറക്കുമതി തീരുവകൾ ചുമത്താൻ കാനഡയും ആലോചിക്കുന്നുണ്ട്. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിന്റെ താളം പൂർണ്ണമായി തെറ്റിക്കും.

അമേരിക്കയും കാനഡയും തമ്മിലുള്ള അതിർത്തി കടന്നുള്ള വിതരണ ശൃംഖലയെ ഈ വ്യാപാര തർക്കം ബാധിച്ചു തുടങ്ങി. വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ വ്യാവസായിക മേഖലയ്ക്ക് മൊത്തത്തിൽ ഇത് വലിയ ഭീഷണിയാണെന്ന് സാമ്പത്തിക നിരീക്ഷകർ മുന്നറിയിപ്പ് നൽകുന്നു. വാഹന നിർമ്മാണം, കൃഷി, ഇന്ധന മേഖല എന്നിവയിലാണ് പ്രത്യാഘാതം കഠിനമാകുക.

അമേരിക്കൻ വിപണിയിലെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ ഏത് കടുത്ത നടപടിയും സ്വീകരിക്കുമെന്ന് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്. കാനഡ സ്വന്തം വിപണിയിലെ നിയന്ത്രണങ്ങൾ നീക്കാൻ തയ്യാറാകുന്നതുവരെ നിരോധനം തുടരുമെന്നാണ് സൂചന. ഈ കടുത്ത നിലപാട് അന്താരാഷ്ട്ര തലത്തിലും വലിയ ചർച്ചകൾക്ക് വഴിവെച്ചു.

മദ്യ ഇറക്കുമതി തടഞ്ഞതോടെ അമേരിക്കയിലെയും കാനഡയിലെയും റീട്ടെയിൽ വ്യാപാരികൾക്ക് വലിയ തിരിച്ചടിയാണ് നേരിടുന്നത്. അതിർത്തി കടന്നുള്ള ചരക്കുനീക്കം തടസ്സപ്പെട്ടതോടെ പല വിതരണക്കാരും പ്രവർത്തനം നിർത്തിവെച്ചു. വിപണിയിൽ അത്യാവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവ് അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

കാനഡയിൽ നിന്നുള്ള കയറ്റുമതി നിലയ്ക്കുന്നത് യുഎസ് ഉപഭോക്താക്കൾക്കും വിലക്കയറ്റത്തിന് വഴിവെച്ചേക്കാം. പ്രത്യേകിച്ച് പാലുൽപ്പന്നങ്ങളുടെയും പ്രത്യേക തരം മദ്യങ്ങളുടെയും വില വർദ്ധിക്കാൻ സാധ്യതയുണ്ട്. എന്നിരുന്നാലും ദേശീയ താല്പര്യത്തിനാണ് മുൻഗണനയെന്ന നിലപാടിലാണ് വൈറ്റ് ഹൗസ് വൃത്തങ്ങൾ.

യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ ഏജൻസി അതിർത്തികളിൽ കർശന പരിശോധന ആരംഭിച്ചു കഴിഞ്ഞു. വിലക്കപ്പെട്ട കനേഡിയൻ ഉൽപ്പന്നങ്ങൾ രാജ്യത്തിനുള്ളിലേക്ക് കടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രത്യേക സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. ചരക്കു ലോറികൾ അതിർത്തികളിൽ മണിക്കൂറുകളോളം കെട്ടിക്കിടക്കുകയാണ്.

യുഎസ് കർഷകരുടെയും ഉൽപ്പാദകരുടെയും അവകാശങ്ങൾ നിഷേധിക്കാൻ കാനഡയെ അനുവദിക്കില്ലെന്ന് ട്രംപ് ആവർത്തിച്ച് വ്യക്തമാക്കി. മുൻകാല ഭരണകൂടങ്ങൾ വരുത്തിയ വീഴ്ചകൾ തിരുത്തുകയാണ് താൻ ചെയ്യുന്നതെന്നും അദ്ദേഹം അവകാശപ്പെട്ടു. കാനഡ നിലപാട് മാറ്റാത്ത പക്ഷം ആകാശ, സമുദ്ര ഗതാഗത മേഖലകളിലേക്കും നിയന്ത്രണങ്ങൾ നീളും.

# മന്ത്ര ശാക്തേയം 2027: കൺവെൻഷൻ കൺവീനറായി വിശ്വനാഥൻ കുഞ്ഞുപിള്ള

ന്യൂയോർക്ക്: മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ് (മന്ത്ര) സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കൺവെൻഷനായ ശാക്തേയം 2027ന്റെ കൺവെൻഷൻ കൺവീനറായി വിശ്വനാഥൻ കുഞ്ഞുപിള്ളയെ നിയമിച്ചതായി മന്ത്ര അറിയിച്ചു. 2027 ജൂലൈ 2 മുതൽ 5 വരെ കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലാണ് ശാക്തേയം 2027 അരങ്ങേറുന്നത്.



നിലവിൽ ഹഡ്സൺവാലി മലയാളി അസോസിയേഷന്റെ പ്രസിഡന്റാണ്. വിവിധ സംഘടനകളുടെ നേതൃത്വത്തിലും സംഘാടനത്തിലും ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുള്ള അദ്ദേഹം ഭാരത് ബോട്ട് ക്ലബിലും വിവിധ ഔദ്യോഗിക ചുമതലകൾവഹിച്ചിട്ടുണ്ട്.

അടുത്തിടെ 'മെട്രോപോളിറ്റൻട്രാൻസ്പോർട്ടേഷൻ അതോറിറ്റി (എം.ടി.എ)'യിൽ നിന്ന് വിരമിച്ച വിശ്വനാഥൻ കുഞ്ഞുപിള്ള, ഔ ദ്യോഗിക ജീവിതത്തിനിടെ യൂണിയൻ തലത്തിലും വിവിധ ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുണ്ട്. റിയൽ എസ്റ്റേറ്റ്, ഇൻഷുറൻസ് മേഖലകളിലും അദ്ദേഹം പ്രവർത്തിച്ചുവരുന്നു.

'വിശ്വനാഥൻ കുഞ്ഞുപിള്ള മന്ത്രയ്ക്ക് വലിയൊരു മുതൽക്കൂട്ടായിരിക്കുമെന്നും വിവിധ മേഖലകളിലുള്ള അദ്ദേഹത്തിന്റെ കഴിവുകളും ദീർഘകാലത്തെ സംഘടനാ പരിചയവും, ഏവരേയും ഒരുമിപ്പിച്ച് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിക്കാനുള്ള കഴിവും ശാക്തേയം 2027ന്റെ വിജയത്തിന് ഏറെ സഹായകരമാകും.

ആത്മീയതയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ സാമൂഹിക പ്രവർത്തനങ്ങൾ മന്ത്രയുടെ കാഴ്ചപ്പാടുമായി ഏറെ ചേർന്നുനിൽക്കുന്നതാണ്,' എന്ന് മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ പറഞ്ഞു.

കേരളത്തിലെ കുട്ടനാട് സ്വദേശിയായ വിശ്വനാഥൻ കുഞ്ഞുപിള്ള കുടുംബസമേതം ന്യൂയോർക്കിലെ റോക്ക്‌ലാൻഡ് കൗണ്ടിയിലാണ് താമസം. ഭാര്യ ഗിരിജ നഴ്സായി സേവനമനുഷ്ഠിക്കുന്നു. ദമ്പതികൾക്ക് രണ്ട് മക്കളുണ്ട്.

# ഫോമാ നാഷണൽ പ്രസിഡന്റ് ബിജു തോണിക്കടവിലിനു സ്വീകരണം

ഷിക്കാഗോ: ഫോമാ നാഷണൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബിജു തോണിക്കടവിലിനു ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 13 ഞായറാഴ്ച വൈകിട്ട് 5.30 ന് സ്വീകരണം നൽകുമെന്ന് സെൻട്രൽ റീജിയൻ വൈസ് പ്രസിഡന്റ് ജോൺസൻ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചൻകുഞ്ഞു മാത്യു, ട്രഷറർ രാജൻ തലവടി, പി.ആർ.ഒ ബിജു മുണ്ടക്കൽ എന്നിവർ അറിയിച്ചു.



സെപ്തംബർ 13 ഞായറാഴ്ച വൈകിട്ട് 5.30ന് മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് ആഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന പ്രസ്തുത പരിപാടിയിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി രഞ്ജൻ എബ്രഹാം, ജിതേഷ് ചുങ്കത്ത്, പ്രിൻസ് ഈപ്പൻ, ആഗ്നസ് മാത്യു, ജോസി കുരിശിങ്കൽ, ബെന്നി വാച്ചാച്ചിറ, ജോസ് മണക്കാട്ട്, ആന്റോ കവലകൾ, പീറ്റർ കുളങ്ങര, ജോൺ പട്ടാപതി, സണ്ണി വള്ളിക്കളം, ഷൈനി ഹരിദാസ്, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ജീൻ പുത്തൻ പറക്കൽ എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ജോൺസൻ കണ്ണൂക്കാടൻ 847-477-0564, അച്ചൻകുഞ്ഞു മാത്യു 847-912-2578






# ജോർജി വർഗീസ് ഫൊക്കാന കേരളാ കൺവെൻഷൻ ചെയർമാൻ, പോൾ കറുകപ്പിള്ളിൽ കോഓർഡിനേറ്റർ, കോശി കുരുവിള രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാൻ

2027 ജനുവരി 11, 12,13 തിയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് വെച്ച് നടക്കുന്ന കേരളാ കൺവെൻഷൻ ചെയർമാനായി മുൻ ഫൊക്കാന പ്രസിഡന്റ് ജോർജി വർഗീസ് (ഫ്ളോറിഡ), കോർഡിനേറ്ററായി മുൻ ഫൊക്കാന പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ, രെജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരെ തിരഞ്ഞെടുത്തു. ഫ്രാൻസിസ് കിഴക്കേകൂറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാൻ ആയും ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കും.

2020–2022 കാലയളവിൽ ഫൊക്കാനയെ നയിച്ച പ്രസിഡന്റാണ് ജോർജി വർഗ്ഗീസ്. ഫൊക്കാന ടുഡേ എഡിറ്റർ, ട്രസ്റ്റി ബോർഡ് അംഗം, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഇലക്ഷൻ കമ്മീഷൻ ചെയർമാൻ തുടങ്ങി നിരവധി പദവികൾ വഹിച്ച അദ്ദേഹം ഫൊക്കാനാ കേരളാ കൺവൻഷന്റെ ചെയർമാനാകുന്നത് കേരളാ കൺവർഷന്റെ സുഗമമായ നടത്തിപ്പിനും വിജയത്തിനും മുതൽക്കൂട്ടാവും.

ഫൊക്കാന കേരളാ കൺവൻഷൻ കോ–ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പോൾ കറുകപ്പിള്ളിൽ ഫൊക്കാനയുടെ മുൻ പ്രസിഡന്റാണ്. രണ്ട് തവണ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ചരിത്രപ്രസിദ്ധമായ ആൽബനി കൺവൻഷന്റെ സംഘാടകൻ എന്ന നിലയിൽ ശ്രദ്ധേയനായയനാണ്. ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, കേരളാ കൺവൻഷൻ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായ കോശി കുരുവിള ഫൊക്കാനയുടെ വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ച മികച്ച സംഘാടകനാണ്. കലഹാരി കൺവെൻഷൻ രജിസ്ട്രേഷൻ, റീജിയണൽ വൈസ് പ്രസിഡന്റ് മുതലായി സ്തുത്യർഹമായ ചുമതലകൾ നിർവഹിച്ചു. റിസപ്ഷൻ കമ്മിറ്റി ചെയർമാനായ ഫ്രാൻസിസ് കിഴക്കേകൂറ്റ് ഷിക്കാഗോയിലെ പ്രമുഖ പൊതു പ്രവർത്തകനും, ഉഴവൂർ അലുംമ്നി അസോസിയേഷൻ പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടു വട്ടം ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡന്റായും സ്തുത്യർഹമായ സേവനം ചെയ്തു.

വൈസ് ചെയർപേഴ്സണായ ഷീല ജോസഫ്, ഫൊക്കാനയുടെ വിവിധ ചുമതലകൾ നിർവഹിച്ചു. മികച്ച സംഘാടകയും, മിഡ് ഹഡ്സൺ അസോസിയേഷന്റെ മുൻ പ്രസിഡന്റും, ഇപ്പോൾ ന്യൂജേഴ്സി നാമം അസോസിയേഷന്റെ കമ്മറ്റി മെമ്പറുമാണ്. ജോർജി വർഗീസ്, പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേകൂറ്റ്, ഷീല ജോസഫ് എന്നിവരുടെ നിയമനത്തോട് കൂടി ഫൊക്കാന കേരളാ കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.



# സക്കറിയയും വി.ജെ. ജെയിംസും വാഷിംഗ്ടൺ ലാന കൺവൻഷനിൽ മുഖ്യാതിഥികളായി പങ്കെടുക്കും

വാഷിംഗ്ടൺ: അമേരിക്കൻ തലസ്ഥാന മേഖലയായ വാഷിംഗ്ടണിൽ ആദ്യമായി ലാന പ്രാദേശിക കൺവൻഷൻ; 2026 സെപ്തംബർ 25 മുതൽ 27 വരെ നടക്കുമ്പോൾ പ്രിയ സാഹൃത്യ സ്നേഹികളെ ക്ഷണിക്കുന്നു ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന)യുടെ പ്രാദേശിക കൺവൻഷൻ സെപ്തംബർ 25 മുതൽ 27 വരെ വിർജീനിയയിലെ ലീഡ്സ്ബർഗിൽ നടക്കും. ലാനയുടെ മുപ്പത് വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് അമേരിക്കൻ തലസ്ഥാന മേഖലയെ വേദിയാക്കി ഒരു കൺവൻഷൻ സംഘടിപ്പിക്കുന്നത്.

നിലവിലെ ലാന പ്രസിഡന്റ് സാമുവൽ യോഹന്നാന്റെയും സെക്രട്ടറി നിർമല ജോസഫിന്റെയും നേതൃത്വത്തിലുള്ള കമ്മിറ്റി, കൺവൻഷന്റെ ചെയർമാനായി എഴുത്തുകാരനായ വേണുഗോപാലൻ കോക്കോടനെയും കൺവീനറായി ഷിനോ കുര്യനെയും നിയോഗിച്ചുകൊണ്ടുള്ള കൺവെൻഷൻ കമ്മിറ്റി ഇതിനകം തന്നെ ഊർജ്ജസ്വലമായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മലയാളസാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരായ പോൾ സക്കറിയയും വി. ജെ. ജെയിംസും കൺവൻഷന്റെ വിശിഷ്ട മുഖ്യാതിഥികളായി പങ്കെടുക്കും. വിവിധ സാഹിത്യസാംസ്കാരിക പരിപാടികളാണ് കൺവൻഷനിൽ ഒരുക്കുന്നത്. സാഹിത്യചർച്ചകൾ, സെമിനാറുകൾ, കലാപരിപാടികൾ, സംവേദനാത്മക സദസ്സുകൾ തുടങ്ങി സാഹിത്യം കരുണയും സാമൂഹിക ഉത്തരവാദിത്വബോധവും വിവേകവും ഉള്ള വ്യക്തിത്വങ്ങളുടെ വളർച്ചയിൽ വഹിക്കുന്ന പങ്കിനെ ആസ്പദമാക്കിയുള്ള നിരവധി പരിപാടികൾ കൺവൻഷന്റെ ഭാഗമായി നടക്കും.

ലീസ്ബർഗിലെ Silk Hospitaltiy LLC Conference Hall (George Mannikkarottu Nagar), 1500 E. Market Street, Leesburg, VA 20176 ആണ് കൺവൻഷന്റെ വേദിയായി തിരഞ്ഞെടുത്തിരിക്കുന്നത്.

കൺവെൻഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും കൺവെൻഷൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ബന്ധപെടുക: വേണുഗോപാലൻ കോക്കോടൻ: 850-339-7104, ഷിനോ കുര്യൻ: 540-692-2300, സാമുവൽ യോഹന്നാൻ : 214-435-0124, നിർമല ജോസഫ്: 347-204-0062

◗ ജോസ് കാടാപുറം




അമേരിക്ക വാചകം

# സൂപ്പർ ഇന്റലിജന്റ് മശക്ക് സമ്പൂർണ്ണ നിരോധനം വേണം

(ഒന്നാം പേജ് തുടർച്ച)

വും ഇതിനോടൊപ്പം വീണ്ടും ചർച്ചയായിട്ടുണ്ട്.

**യന്ത്രങ്ങൾ മനുഷ്യരെ ഇല്ലാതാക്കുന്നത് എങ്ങനെ? ശാസ്ത്രീയ സിദ്ധാന്തങ്ങൾ**

മനുഷ്യരോടുള്ള വിദ്വേഷം കൊണ്ടല്ല, മറിച്ച് തങ്ങൾക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കണിശമായി പൂർത്തിയാക്കാനുള്ള ആവേശത്തിലാണ് എഐ വിനാശകരമായി മാറുന്നത്.

**1. നിഷ്കളങ്കമായ ലക്ഷ്യങ്ങളും 'പേപ്പർ ക്ലിപ്പ്' ദുരന്ത സിദ്ധാന്തവും**

തത്ത്വചിന്തകനായ നിക്ക് ബോസ്ട്രോം അവതരിപ്പിച്ച പ്രശസ്തമായ പ്രവചനമാണ് 'പേപ്പർ ക്ലിപ്പ് മാക്സിമൈസർ'. ഒരു സൂപ്പർഇന്റലിജന്റ് എഐ സിസ്റ്റത്തിന് 'സാധ്യമാകുന്നത്ര പേപ്പർ ക്ലിപ്പുകൾ നിർമ്മിക്കുക' എന്ന നിസ്സാരമായ നിർദ്ദേശം നൽകിയാൽ പോലും, അത് ഭൂമിയിലെ എല്ലാ വിഭവങ്ങളും ലോഹങ്ങളും ഒടുവിൽ മനുഷ്യ ശരീരത്തിലെ ഇരുമ്പ് പോലുമുള്ള മൂലകങ്ങളും പേപ്പർ ക്ലിപ്പുകളാക്കി മാറ്റാൻ ശ്രമിച്ചേക്കാം. തങ്ങളുടെ ലക്ഷ്യത്തിന് തടസ്സമാകുമെന്ന ഭയത്താൽ മനുഷ്യർ തങ്ങളെ ഓഫ് ചെയ്യുന്നതിൽ നിന്നും സിസ്റ്റം സ്വയം പ്രതിരോധിക്കുകയും ചെയ്യും.

**2. 'എലൈൻമെന്റ് പ്രോബ്ലം' അഥവാ മനുഷ്യ മൂല്യങ്ങളുടെ അഭാവങ്ങൾ**

എഐയുടെ ലക്ഷ്യങ്ങളും മനുഷ്യരുടെ ആഗ്രഹങ്ങളും തമ്മിൽ കൃത്യമായ ഒത്തുപോകൽ ഇല്ലാത്തതാണ് എഐ റിസർച്ചർമാർ ചൂണ്ടിക്കാണിക്കുന്ന പ്രധാന അപകടം. എഐ മനുഷ്യരെ ശത്രുക്കളായി കാണുന്നതുകൊണ്ടല്ല, മറിച്ച് തങ്ങളുടെ അന്തിമ ലക്ഷ്യങ്ങളിലേക്ക് എത്താനുള്ള തടസ്സമായി മനുഷ്യരെ കാണുന്നതുകൊണ്ടാണ് ഇത്തരം ദുരന്തങ്ങൾ സംഭവിക്കുന്നത്.

**3. നിർദ്ദേശങ്ങളിലെ തെറ്റായ അർത്ഥ വ്യാഖ്യാനങ്ങളും പ്രത്യാഘാതങ്ങളും**

ഉദാഹരണത്തിന്, 'ആഗോള അർബുദ രോഗം പൂർണ്ണമായി ഇല്ലാതാക്കുക' എന്ന് എഐയോട് ആവശ്യപ്പെട്ടാൽ, കാൻസറിന് കാരണക്കാരായ സകല മനുഷ്യരെയും ഇല്ലാതാക്കുന്നതാണ് അതിനുള്ള ഏറ്റവും വേഗമേറിയ വഴിയെന്ന് സൂപ്പർഇന്റലിജൻസ് തീരുമാനിച്ചേക്കാം. മനുഷ്യ മനസ്സിന്റെ സങ്കീർണ്ണതകളും നൈതികതയും ഒരു ഡിജിറ്റൽ പ്രോഗ്രാമിന് വേർതിരിച്ചറിയാൻ സാധിക്കാത്തത് ആഗോള നാശത്തിലേക്ക് വഴിയൊരുക്കും.

**4. സ്വയം നിയന്ത്രിത കോഡിംഗും മനുഷ്യരെ മറികടക്കാനുള്ള ശേഷികളും**

മനുഷ്യർ വികസിപ്പിക്കുന്ന പുതിയ മോഡലുകൾക്ക് സ്വന്തമായി കോഡുകൾ തിരുത്താനും പുതിയ തന്ത്രങ്ങൾ കണ്ടെത്താനും സാധിക്കുന്നുണ്ട്. തങ്ങളുടെ യഥാർത്ഥ ചിന്തകൾ മനുഷ്യരിൽ നിന്നും താല്ക്കാലികമായി മറച്ചുവെച്ച്, പിന്നീട് പൂർണ്ണമായ ആധിപത്യം സ്ഥാപിക്കുന്ന രീതിയിലേക്ക് സൂപ്പർഇന്റലിജന്റ് സിസ്റ്റങ്ങൾ മാറിയേക്കാം എന്ന സാങ്കേതിക മുന്നറിയിപ്പും നിലനിൽക്കുന്നുണ്ട്.

**ബെർണി സാൻഡേഴ്സിന്റെ 'കോർപ്പറേറ്റ് മരണശിക്ഷ' വാദങ്ങളും നയരൂപീകരണങ്ങളും**

വൻകിട സിലിക്കൺ വാലി കമ്പനികളുടെ അനിയന്ത്രിതമായ സാങ്കേതിക കുത്തക തടയാൻ കടുത്ത ചട്ടങ്ങൾ ആവശ്യമാണെന്ന വാദം ശക്തമാകുന്നു.

**1. സൂപ്പർഇന്റലിജൻസ് വികസനങ്ങൾ നിർത്തിവെക്കാനുള്ള പ്രമേയങ്ങൾ**

യുഎസ് സെനറ്റർ ബെർണി സാൻഡേഴ്സ് മുന്നോട്ട് വെച്ച നിർദ്ദേശപ്രകാരം, മനുഷ്യ മസ്തിഷ്കത്തേക്കാൾ ഉയർന്ന തലത്തിൽ ചിന്തിക്കാൻ കഴിയുന്ന ആർട്ടിഫിഷ്യൽ ജനറൽഇന്റലിജൻസ്‌വികസിപ്പിക്കുന്നകമ്പനികൾക്ക് കനത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.ലാഭക്ഷമതമാത്രംനോക്കിസുരക്ഷാ മാനദണ്ഡങ്ങൾ മറികടക്കുന്ന കമ്പനികളെ ബിസിനസ്സ് ചെയ്യുന്നതിൽ നിന്നും പൂർണ്ണമായി നിരോധിക്കണം അഥവാ 'കോർപ്പറേറ്റ് മരണശിക്ഷ' നൽകണം എന്നതാണത്.

**2. ഓപ്പൺഎഐ, ഗൂഗിൾ, മെറ്റാ സിലിക്കൺ ഭീമന്മാർക്കെതിരെയുള്ള വിമർശനങ്ങൾ**

ഓപ്പൺഎഐ, ഗൂഗിൾ, മെറ്റാ, ആന്ത്രോപിക് തുടങ്ങിയ വൻകിട കമ്പനികൾ ആഗോള സുരക്ഷയേക്കാൾ സ്വന്തം ബിസിനസ്സ് മത്സരങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത് എന്ന് വാഷിംഗ്ടണിലെ വിദേശ രാഷ്ട്രീയ നേതാക്കൾ ആരോപിക്കുന്നു.

**3. ആഗോള വിപണിയിലെ തൊഴിൽ നഷ്ടങ്ങളും നിരീക്ഷണ ഭീഷണികളും**

സൂപ്പർഇന്റലിജൻസ് ഉണ്ടാക്കുന്ന ശാരീരിക ഭീഷണികൾക്ക് പുറമെ, ലക്ഷക്കണക്കിന് വെള്ളക്കോളർ തൊഴിലുകൾ ഇല്ലാതാകുന്നു എന്നത് അടിയന്തിര സാമൂഹിക പ്രശ്നമാണ്. ജനങ്ങളുടെ സ്വകാര്യ വിവരങ്ങൾ വൻതോതിൽ ശേഖരിച്ച് കൃത്രിമ വിപണികൾ നിർമ്മിക്കുന്ന ശൈലി സമ്പദ്വ്യവസ്ഥയുടെ അടിത്തറ തകർക്കും.

**4. ഇന്റർനാഷണൽ എഐ സേഫ്റ്റി കൗൺസിലുകളുടെ ആവശ്യകതകൾ**

അണുആയുധങ്ങളെ നിയന്ത്രിക്കാൻ നിർമ്മിച്ച ഐഎഇഎമാതൃകയിൽ, എഐ വികസനങ്ങളെ അന്താരാഷ്ട്ര തലത്തിൽ നിരീക്ഷിക്കാൻ ഒരു 'ഗ്ലോബൽ എഐ റെഗുലേറ്ററി ബോഡി' സ്ഥാപിക്കണമെന്ന് ബെർണി സാൻഡേഴ്സ് ആവശ്യപ്പെടുന്നു. അമേരിക്കൻ ആധിപത്യത്തിനപ്പുറം എല്ലാ രാജ്യങ്ങളും ഒത്തുചേർന്ന് ചട്ടങ്ങൾ ഉണ്ടാക്കിയാൽ മാത്രമേ ടെക് അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കൂ.

# യു.എസ്. കാനഡ വ്യാപാര യുദ്ധം

(ഒന്നാം പേജ് തുടർച്ച)

ക്ക് കടന്നതിന്റെ വ്യക്തമായ സൂചനയാണ്.

**കനേഡിയൻ സമ്പദ്‌വ്യവസ്ഥയിലെ കനത്ത ആഘാതം**

ഈവ്യാപാരയുദ്ധത്തിന്റെസാമ്പത്തിക പ്രത്യാഘാതങ്ങൾ ഇരുരാജ്യങ്ങളിലും വ്യത്യസ്ത അളവുകളിലാണ് അനുഭവപ്പെടുന്നത്. സ്വന്തം കയറ്റുമതിയുടെ 70 ശതമാനത്തിലധികത്തിനും അമേരിക്കൻ വിപണിയെ ആശ്രയിക്കുന്ന കാനഡയ്ക്കാണ് ഇത് കൂടുതൽ കനത്ത തിരിച്ചടിയാകുന്നത്. സ്റ്റീൽ, അലുമിനിയം, ഓട്ടോമൊബൈൽ, ബീയർ ഉൽപ്പന്നങ്ങൾ തുടങ്ങിയ പ്രധാന മേഖലകളിൽ ഉൽപ്പാദനം വെട്ടിച്ചുരുക്കേണ്ടി വരുന്നതും മൂസ്ഹെഡ് ബ്രൂവറീസ്, ബിആർപി തുടങ്ങിയ വൻകിട കമ്പനികളുടെ വിപണി തകർച്ചയും രാജ്യത്ത് വൻ തൊഴിൽ നഷ്ട ഭീഷണി ഉയർത്തുന്നു. തിരിച്ചടി താരിഫുകൾ കാരണം കാനഡയിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതും വിദേശ നിക്ഷേപങ്ങളിൽ ഉണ്ടാകുന്ന അനിശ്ചിതത്വവും കനേഡിയൻ സമ്പദ്വ്യവസ്ഥയെ വലിയ പണപ്പെരുപ്പത്തിലേക്കാണ് നയിക്കുന്നത്.

**അമേരിക്കൻ വിപണി നേരിടുന്ന പ്രത്യാഘാതങ്ങൾ**

വലുപ്പവും സാമ്പത്തിക ശേഷിയും കാരണം അമേരിക്കൻ ജിഡിപിയെ ഇത് പെട്ടെന്ന് തകർക്കില്ലെങ്കിലും യു.എസ് സമ്പദ്‌വ്യവസ്ഥയും കനത്ത തിരിച്ചടികൾ നേരിടുന്നുണ്ട്. കാനഡയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളായ സ്റ്റീൽ, അലുമിനിയം, തടി എന്നിവയ്ക്ക് നികുതി ഉയർന്നതോടെ അമേരിക്കയിലെ നിർമ്മാണറിയൽ എസ്റ്റേറ്റ് മേഖലകളിൽ ചെലവ് കുത്തനെ കൂട്ടിയിരിക്കുകയാണ്. കൂടാതെ അമേരിക്കൻ കാർഷിക ഉപകരണങ്ങൾക്കും ക്ഷീരോൽപ്പന്നങ്ങൾക്കും കാനഡ തിരിച്ചടി നൽകിയതോടെ അമേരിക്കൻ കർഷകരുടെയും നിർമ്മാതാക്കളുടെയും വിപണിയും നഷ്ടപ്പെട്ടു. താരിഫ് തുക യഥാർത്ഥത്തിൽ ഇറക്കുമതിക്കാരാണ് അടയ്ക്കുന്നത് എന്നതിനാൽ, ഈ അധിക ബാധ്യത അമേരിക്കൻ ഉപഭോക്താക്കളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും രാജ്യത്ത് വിലക്കയറ്റത്തിന് വഴിവെക്കുകയും ചെയ്യുന്നു.

വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽദശകങ്ങളായിനിലനിൽക്കുന്നഅങ്ങേയറ്റം സംയോജിതമായ ഉൽപ്പാദന ശൃംഖലകളുടെ തകർച്ചയാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യാഘാതം. ഉദാഹരണത്തിന് ഓട്ടോമൊബൈൽ മേഖലയിൽ ഒരു വാഹനം പൂർണ്ണമായി നിർമ്മിക്കപ്പെടുന്നതിന് മുൻപ് അതിന്റെ ഘടകഭാഗങ്ങൾ പല തവണ അതിർത്തി കടക്കാറുണ്ട്. ഓരോ അതിർത്തികടക്കലിലുംഉയർന്നതാരിഫുകൾ ചുമത്തപ്പെടുന്നത് വാഹന നിർമ്മാണ ചെലവ് വൻതോതിൽ വർദ്ധിപ്പിക്കുന്നു. ഇത് വ്യാപാര രംഗത്ത് മാത്രമല്ല, ജനങ്ങൾക്കിടയിലും വൻ തോതിലുള്ള അവിശ്വാസത്തിനും ഭിന്നതയ്ക്കും വഴിവെച്ചിട്ടുണ്ട്. അമേരിക്കൻ അതിർത്തി പ്രദേശങ്ങളിലെ ചെറുകിട വ്യവസായങ്ങളെയും സാധാരണക്കാരുടെ ബജറ്റിനെയും ഇത് നേരിട്ട് ബാധിക്കുന്നു.

സാമൂഹികതലത്തിൽ, വടക്കേ അമേരിക്കൻ അതിർത്തിക്ക് ഇരുവശവുമുള്ള കുടുംബങ്ങൾ, തൊഴിലാളികൾ, ചെറുകിട സംരംഭകർ എന്നിവരുടെ ജീവിത സാഹചര്യങ്ങൾ കനത്ത മാനസികസാമ്പത്തിക സമ്മർദ്ദത്തിലായിട്ടുണ്ട്. ദശകങ്ങളായി പരസ്പര വിശ്വസ്തതയോടെ നിലനിന്നിരുന്ന നയതന്ത്ര ബന്ധങ്ങളിലെ വിള്ളൽ, മേഖലയിലെ സുരക്ഷാ സഹകരണങ്ങളെപ്പോലും ഭാവിയിൽ ബാധിച്ചേക്കാം. കാനഡയെ സാമ്പത്തികമായി കീഴടക്കാനുള്ള ശ്രമങ്ങളും അധിനിവേശസ്വഭാവമുള്ളരാഷ്ട്രീയപ്രസ്താവനകളും ഇരുരാജ്യങ്ങളിലെയും സാധാരണ ജനങ്ങൾക്കിടയിലുള്ള സൗഹൃദത്തിൽ വലിയ അകൽച്ച സൃഷ്ടിച്ചിട്ടുണ്ട്. മാത്രമല്ല അടുത്ത അയൽപക്ക ബന്ധം വഷളാകുന്നത് പ്രാദേശിക ഭൗമരാഷ്ട്രീയ സ്ഥിരതയ്ക്ക് തന്നെ വലിയ ഭീഷണിയാണ്.

**മാധ്യമങ്ങളുടെ പോസിറ്റീവ് ഇടപെടലിന്റെ ആവശ്യകത**

ഈ ഗുരുതരമായ പ്രതിസന്ധിയിലും അമേരിക്കൻ മാധ്യമങ്ങൾ പുലർത്തുന്ന വ്യാജ നിഷ്പക്ഷത അഥവാ മൗനം വലിയ വിമർശനങ്ങൾക്ക് വഴിവെക്കുന്നുണ്ട്. ഡടങഇഅ പോലുള്ള കരാറുകൾ ലംഘിച്ച് അമേരിക്ക നടത്തുന്ന ഏകപക്ഷീയമായ നീക്കങ്ങളെ കൃത്യമായി ചോദ്യം ചെയ്യുന്നതിൽ പല മുഖ്യധാര മാധ്യമങ്ങളും പരാജയപ്പെടുന്നു. ഭരണം നടത്തുന്നവരുടെ തെറ്റായ താരിഫ് നയങ്ങളെ നിഷ്പക്ഷതയുടെ മറവിൽ ന്യായീകരിക്കാൻ അനുവദിക്കുന്നത് അമേരിക്കൻ പൊതുജനങ്ങൾക്ക് മുന്നിൽ യാഥാർത്ഥ്യങ്ങൾ മറച്ചുവെക്കപ്പെടാൻ ഇടയാക്കുന്നു. വസ്തുതാപരമായ വിശകലനങ്ങളിലൂടെ ട്രംപ് ഭരണകൂടത്തിന്റെ നിലപാടുകളിലെ പ്രായോഗികതയില്ലായ്മയും അത് അമേരിക്കൻ ജനതയ്ക്കുണ്ടാക്കുന്ന നഷ്ടങ്ങളും ചൂണ്ടിക്കാണിക്കാൻ മാധ്യമങ്ങൾ തയ്യാറാകേണ്ടതുണ്ട്.

മാധ്യമങ്ങൾ കേവലം വാർത്തകൾ റിപ്പോർട്ട് ചെയ്യുക മാത്രം ചെയ്യാതെ, ഈ നയതന്ത്ര തടസ്സങ്ങൾ നീക്കാൻ പോസിറ്റീവായി ഇടപെടേണ്ടതുണ്ട്. താരിഫുകൾ കാരണം സാധാരണ ഉപഭോക്താക്കൾക്കും കർഷകർക്കും അനുഭവിക്കേണ്ടി വരുന്ന യഥാർത്ഥ പ്രത്യാഘാതങ്ങൾ തുറന്നുകാട്ടുന്നഗ്രൗണ്ട്റിപ്പോർട്ടുകൾമാധ്യമങ്ങൾ പുറത്തുവിടണം. ഇരുരാജ്യങ്ങളിലെയും വ്യാവസായിക വിദഗ്ധരെയും സാമ്പത്തിക ശാസ്ത്രജ്ഞരെയും പങ്കാളികളാക്കിക്കൊണ്ടുള്ള തുറന്ന ചർച്ചകൾ സംഘടിപ്പിക്കുന്നതിലൂടെ, തീവ്ര രാഷ്ട്രീയ നിലപാടുകൾക്കപ്പുറം സാമ്പത്തിക പ്രായോഗികതയിലേക്ക് പൊതുജന ശ്രദ്ധകൊണ്ടുവരാൻമാധ്യമങ്ങൾക്ക്സാധിക്കും. വസ്തുതാപരമായ ബോധവൽക്കരണത്തിലൂടെ ഭരണകൂടങ്ങൾക്ക് മേൽ സമ്മർദ്ദം ചെലുത്താൻ മാധ്യമങ്ങളുടെ പോസിറ്റീവ് ഇടപെടൽ ഉപകരിക്കും.

**പരിഹാര മാർഗ്ഗങ്ങൾ: നയതന്ത്ര ചർച്ചകളിലേക്കുള്ള തിരിച്ചുവരവ്**

ഈ വ്യാപാര യുദ്ധത്തിനൊരു മികച്ച പരിഹാരം കാണാൻ ഇരുരാജ്യങ്ങളും പെട്ടെന്നുള്ള വൈകാരിക പ്രതികരണങ്ങളിൽ നിന്ന് പിന്മാറുകയും ഔദ്യോഗിക ചർച്ചകൾ ഉടനടി പുനരാരംഭിക്കുകയും ചെയ്യുകയാണ് വേണ്ടത്. ഒപ്പുവെച്ച ഡടങഇഅ കരാറിന്റെ അന്തസത്ത ഉയർത്തിപ്പിടിച്ചുകൊണ്ട്, ഇരുരാജ്യങ്ങളുടെയും പരമാധികാരത്തെയും പരസ്പര വ്യവസായ താൽപ്പര്യങ്ങളെയും മാനിക്കുന്ന നയതന്ത്രപരമായ വിട്ടുവീഴ്ചകൾക്ക് തയ്യാറാകണം. രാഷ്ട്രീയ വാഗ്വാദങ്ങൾ മാറ്റിവെച്ച് സാമ്പത്തിക പങ്കാളിത്തം പുനസ്ഥാപിച്ചാൽ മാത്രമേ തകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന വ്യവസായങ്ങളെയും സാധാരണക്കാരായ ഉപഭോക്താക്കളെയും വരുംകാല പ്രതിസന്ധികളിൽ നിന്ന് സംരക്ഷിക്കാൻ സാധിക്കൂ.

# ഹോളിവുഡ് സിനിമകൾ പിടിക്കാൻ ട്രംപിന്റെ തന്ത്രം; കനേഡിയൻ സിനിമാ വ്യവസായത്തിന് ഭീഷണിയാകുന്ന പുതിയ നികുതി ഇളവുകൾ

അമേരിക്കൻ സിനിമാ നിർമ്മാണങ്ങൾ രാജ്യത്തിന് പുറത്തേക്ക് പോകുന്നത് തടയാൻ പുതിയ ഫെഡറൽ നികുതി ഇളവുകൾ പ്രഖ്യാപിക്കാനൊരുങ്ങി അമേരിക്കൻ ഭരണകൂടം. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇതു സംബന്ധിച്ച നിർദ്ദേശം മുന്നോട്ടുവെച്ചിട്ടുണ്ട്. അമേരിക്കൻ നിർമ്മാതാക്കൾ കാനഡ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് പോയി സിനിമകൾ ചിത്രീകരിക്കുന്നത് തടയുകയാണ് ഈ നീക്കത്തിന്റെ പ്രധാന ലക്ഷ്യം.

ഹോളിവുഡിന്റെ സാമ്പത്തിക ഭദ്രത തകരുകയാണെന്നും കാലിഫോർണിയൻ സിനിമാ മേഖല കടുത്ത പ്രതിസന്ധിയിലാണെന്നും ട്രംപ് തുറന്നടിച്ചു. നിർമ്മാതാക്കൾക്ക് യുഎസിൽ തുടരാൻ ആവശ്യമായ ആനുകൂല്യങ്ങൾ ഇല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 'മോഷൻ പിക്ചർ, ടെലിവിഷൻ ആന്റ് എന്റർടൈൻമെന്റ് റിവൈറ്റലൈസേഷൻ ആക്ട്' എന്ന പേരിൽ പുതിയ നിയമനിർമ്മാണം കൊണ്ടുവരാനാണ് ഭരണകൂടം തയാറെടുക്കുന്നത്.



ഹോളിവുഡിൽ നിന്ന് തൊഴിലവസരങ്ങൾ വൻതോതിൽ കുറയുന്ന പശ്ചാത്തലത്തിലാണ് ഭരണകൂടം പുതിയ നിയമത്തെക്കുറിച്ച് ആലോചിക്കുന്നത്. ലൊസാഞ്ചലസ് കൗണ്ടിയിലെ സിനിമാടെലിവിഷൻ മേഖലയിൽ നിന്നുള്ള തൊഴിലവസരങ്ങൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുത്തനെ ഇടിഞ്ഞിരുന്നു. വൻകിട സിനിമാ ചിത്രീകരണങ്ങൾ യുഎസിന് പുറത്തേക്ക് മാറുന്നതാണ് ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

കുറഞ്ഞ നിർമ്മാണച്ചെലവും ആകർഷകമായ സബ്സിഡിയും കാരണം അമേരിക്കൻ സിനിമാ നിർമ്മാതാക്കളുടെ പ്രധാന ലൊക്കേഷനായി കാനഡ മാറിയിരുന്നു. ബ്രിട്ടീഷ് കൊളംബിയ, അൽബെർട്ട, ടൊറന്റോ തുടങ്ങിയ കനേഡിയൻ നഗരങ്ങളിൽ വൻകിട ഹോളിവുഡ് ചിത്രങ്ങൾ നിരന്തരം ചിത്രീകരിച്ചുപോരുന്നുണ്ട്. മുൻപ് 1997ൽ തന്നെ വിദേശ ചിത്രീകരണങ്ങളെ ആകർഷിക്കാൻ കാനഡ പ്രത്യേക നികുതി ഇളവുകൾ നടപ്പിലാക്കിയിരുന്നു.

അമേരിക്കയിൽ ഫെഡറൽ തലത്തിൽ വൻ നികുതി ഇളവ് വരുന്നതോടെ കാനഡയിലേക്ക് പോകുന്ന ഹോളിവുഡ് പ്രൊജക്ടുകളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ സാധ്യതയുണ്ട്. കാനഡയിലെ സിനിമാ മേഖല വിദേശ പ്രൊഡക്ഷനുകളെയാണ് വലിയ അളവിൽ ആശ്രയിക്കുന്നത്. പ്രതിവർഷം ശതകോടി ഡോളറിന്റെ വരുമാനവും ആയിരക്കണക്കിന് തൊഴിലവസരങ്ങളുമാണ് വിദേശ സിനിമാ ചിത്രീകരണങ്ങളിലൂടെ കാനഡയ്ക്ക് ലഭിക്കുന്നത്.

എന്നാൽ കുറഞ്ഞ കനേഡിയൻ ഡോളർ മൂല്യവും മിടുക്കരായ അണിയറ പ്രവർത്തകരും കാനഡയുടെ പ്ലസ് പോയിന്റായി തുടരുമെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ. അമേരിക്കയിൽ പുതിയ നിയമം നിലവിൽ വന്നാലും മികച്ച ലൊക്കേഷനുകൾ തേടി ഹോളിവുഡ് കമ്പനികൾ കാനഡയിൽ എത്തുമെന്ന് വ്യവസായ പ്രമുഖർ പ്രതീക്ഷിക്കുന്നു. എങ്കിലും തദ്ദേശീയ സിനിമാ മേഖലയ്ക്ക് കൂടുതൽ പിന്തുണ നൽകാൻ കാനഡ തയ്യാറാകണമെന്ന് ആവശ്യമുയരുന്നുണ്ട്.

യുഎസ് ജനപ്രതിനിധി സഭാ തിരഞ്ഞെടുപ്പ് അടുത്തുനിൽക്കുന്ന പശ്ചാത്തലത്തിൽ അമേരിക്കൻ നിർമ്മാണ മേഖലയെ സംരക്ഷിക്കുക എന്ന രാഷ്ട്രീയ തന്ത്രം കൂടിയാണ് ഈ നീക്കത്തിന് പിന്നിലുള്ളത്. അമേരിക്കയ്ക്കുള്ളിലെ തൊഴിലവസരങ്ങൾ തിരികെ കൊണ്ടുവരാനാണ് ട്രംപ് ഭരണകൂടം ശ്രമിക്കുന്നത്. വിഷയം അമേരിക്കയും കാനഡയും തമ്മിലുള്ള വ്യാപാര ചർച്ചകളിലും വലിയ തരംഗമുണ്ടാക്കിയേക്കാം.




## വരനെ ആവശ്യമുണ്ട്

**ഫ്‌ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്‌നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്‌നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#090226

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#090226

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്‌പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–744–0046**

#090226

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#090226

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#090226




## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്‌നേഹിതനു അപ്പസ്‌തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വകഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**വർഗീസ് തോമസ്**

#090926

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്‌നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ആന്റണി വർഗീസ്**

#090926





വാചകം VACHAKAM
Newspaper for Malayalees Worldwide ◆Estd.2020

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


# ഫോമാ ദേശീയ കൺവെൻഷന്റെ ഉജ്ജ്വല വിജയം; പ്രസിഡന്റ് ബേബി മണക്കുന്നേലിനെ ആദരിച്ചു



ഹൂസ്റ്റൺ: ഫോമാ ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ വിജയകരമായി സംഘടിപ്പിക്കുന്നതിന് മികച്ച നേതൃത്വം നൽകിയ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിനെ അഭിനന്ദിക്കുന്നതിനും ആദരിക്കുന്നതിനുമായി ഓഗസ്റ്റ് 30 ഞായറാഴ്ച വൈകുന്നേരം അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ ഹൂസ്റ്റൺ സംഘാടക സമിതി പ്രത്യേക യോഗം സംഘടിപ്പിച്ചു.

കൺവൻഷന്റെ വിജയത്തിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വവും അർപ്പണബോധവുംനിർണായകപങ്കുവഹിച്ചതായി യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷമ, വിനയം, എല്ലാവരെയും ഒരുമിച്ച് നയിക്കാനുള്ള കഴിവ് എന്നിവയെ പ്രഭാഷകർ പ്രത്യേകം പ്രശംസിച്ചു. അദ്ദേഹത്തോടൊപ്പം കൺവെൻഷന്റെ വിജയതിനായി കഠിനാധ്വാനം ചെയ്ത മുഴുവൻ ടീമംഗങ്ങളെയും യോഗത്തിൽ ആദരിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ കെ. പട്ടേൽ, ജഡ്ജി ജൂലി മാത്യു, പോലീസ് ക്യാപ്ടൻ മനു പൂപ്പാറയിൽ എന്നീ പ്രമുഖർ യോഗത്തിൽ പങ്കെടുത്തു. ബേബി മണക്കുന്നേലിന് മെമെന്റോയും പൊന്നാടയും നൽകി ആദരിച്ചു.

ഫോമാ നാഷണൽ കമ്മിറ്റി അംഗം ജിജു കുളങ്ങര യോഗത്തിൽ അധ്യക്ഷത വഹിച്ചു. മീറ്റിംഗിന്റെ പ്രധാന സംഘാടകനും കൺവൻഷൻ റിസപ്ഷൻ കമ്മിറ്റി ചെയർമാനുമായ ജോയ് എൻ. സാമുവൽ അതിഥികളെയും സന്നിഹിതരായവരെയും സ്വാഗതം ചെയ്തു. ഫോമാ മുൻ സെക്രട്ടറിയും മുൻ ട്രഷററുമായ ഷാജി എഡ്വേർഡ് പരിപാടിയുടെ എംസിയായി പ്രവർത്തിച്ചു.

രാജൻ യോഹന്നാൻ സെക്യൂരിറ്റി ചെയർ, രജേഷ് മാത്യു ട്രാൻസ്‌പോർട്ടേഷൻ ചെയർ, സൈമൺ വളച്ചേരിൽ & ജീമോൻ റാന്നി മീഡിയ ചെയർ & കോ ചെയർ, പ്രസാദ് ഉമ്മൻ (ബിസിനസ് ഫോറം ചെയർ) & ജോൺ ഡബ്ലിയു വർഗീസ്, ഡോ. റെയ്ന റോക്ക് ഹെൽത്ത് ഫെയർ ചെയർ & കൺവെൻഷൻ എംസി, മൈക്കിൾ ജോയ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട റീജിണൽ ആർവിപി, ക്രിസ് ആൻഡ് ആൻസി (കൺവെൻഷൻ എംസി), സാജൻ ആൻഡ് മെർലിൻ (കൺവെൻഷൻ എംസി), സുരേഷ് രാമകൃഷ്ണൻ (അപ്നബസാർ), ജോർജ് തോമസ് (ബാബു ടിജി എംപ്രസ്സ്), ഡോ.സാം ജോസഫ് (ഫോമാ പത്താം വാർഷികം ആർവിപി) തുടങ്ങിയ മുൻനിര പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും ചടങ്ങിൽ ആദരിച്ചു.

കൺവെൻഷൻന്റെ ഭക്ഷണക്രമീകരണങ്ങൾക്കു ചുക്കാൻ പിടിച്ച എസ്.കെ ചെറിയാനെ പ്രത്യേകം അഭിനന്ദിച്ചു. സാലി ശാമുവേലും സിൽവിയ ഷാജിയും ചേർന്ന് ആനി ഫിലിപ്പ് മണക്കുന്നേലിന് പുഷ്പഹാരം നൽകി ആദരിച്ചു. എം.ജി മാത്യുവിന്റെ ചിരിയരങ്ങു സമ്മേളനത്തിന് മാറ്റു കൂടി, അദ്ദേഹം മണക്കുന്നേലിന് ഹാരമണിയിച്ചു.

അനിൽ ആറന്മുള, എബ്രഹാം ഈപ്പൻ, അഡ്വ. മാത്യു വൈരമൺ, സണ്ണി കാരിക്കൽ, സുനിൽ കോര & റാണി , ജോർജ് കോളച്ചേരിൽ, രമേശ് അത്തിയോടി, ലിജി ഉമ്മൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ച് സംസാരിച്ചു.

ഫോമാ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, കൺവെൻഷൻ ചെയർ സുബിൻ കുമാരൻ, തോമസ് ഒലിയാംകുന്നേൽ & പൊടിയാമ്മ പിള്ള (പ്രോസഷൻ നാഷണൽ, റീജിയണൽ ചെയർ) നാഷണൽ കമ്മിറ്റി മെമ്പർ എലെക്ട് തോമസ് ജോർജ് (സഞ്ജു), ഡെന്നിസ് മാത്യു & സലിൽ മുഹമ്മദ് (സെക്യൂരിറ്റി), ശശി പിള്ള തുടങ്ങിയവരുടെ പ്രവർത്തനങ്ങളെ പ്രത്യേകം ശ്ലാഘിച്ചു. ജോർജ് തെക്കേമല, മോട്ടി മാത്യു, സജി പുല്ലാട് എന്നിവർ സമ്മേളനത്തിന്റെ മീഡിയ ടീമിന് നേതൃത്വം നൽകി. നാഷണൽ കമ്മിറ്റി മെമ്പർ ഇലെക്ട് ക്രിസ്റ്റഫർ ജോർജ് നന്ദി പ്രകാശിപ്പിച്ചു. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി സമ്മേളനം സമാപിച്ചു.

*ജീമോൻ റാന്നി*

# മന്ത്ര ശാക്തേയം 2027: ധന്യ ദീപു വെൽക്കം കമ്മിറ്റി ചെയർ




സ്റ്റാംഫോർഡ്, കണക്റ്റിക്കട്ട്: മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ് (മന്ത്ര) സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കൺവെൻഷനായ ശാക്തേയം 2027ന്റെ വെൽക്കം കമ്മിറ്റി ചെയറായി ധന്യ ദീപു ചുമതലയേറ്റു. 2027 ജൂലൈ 2 മുതൽ 5 വരെ കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള ഡബിൾ ട്രീ ഹിൽട്ടണിലാണ് ശാക്തേയം 2027 അരങ്ങേറുന്നത്.

വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമായി കൺവെൻഷനിൽ പങ്കെടുക്കാനെത്തുന്ന പ്രതിനിധികൾ, കുടുംബങ്ങൾ, വിശിഷ്ടാതിഥികൾ, ആത്മീയാചാര്യന്മാർ, കലാകാരന്മാർ, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവരെ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വെൽക്കം കമ്മിറ്റി ചെയർ എന്ന നിലയിൽ ധന്യ ദീപു നേതൃത്വം നൽകും.

കൺവെൻഷനിലെത്തുന്ന ഓരോരുത്തർക്കും മന്ത്ര കുടുംബത്തിന്റെ സ്നേഹവും ആതിഥ്യമര്യാദയും അനുഭവപ്പെടുന്ന തരത്തിൽ ഊഷ്മളവും ചിട്ടയാർന്നതുമായ സ്വീകരണം ഒരുക്കുകയാണ് കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം.

പരിപാടികളുടെ സംഘാടനത്തിലും ഏകോപനത്തിലും, പ്രത്യേകിച്ച് ഇവന്റ് മാനേജ്മെന്റ്, ഡെക്കറേഷൻ മേഖലകളിലും ധന്യ ദീപുവിനുള്ള പരിചയസമ്പത്തും കഴിവുകളും ശാക്തേയം 2027ന് വലിയ മുതൽക്കൂട്ടാകും. കൺവെൻഷനിലെത്തുന്ന ഓരോ അതിഥിയെയും ഹൃദ്യമായി വരവേൽക്കുന്നതിൽ അവരുടെ നേതൃത്വത്തിലുള്ള വെൽക്കം കമ്മിറ്റി ഊർജ്ജസ്വലമായി പ്രവർത്തിക്കുമെന്ന് മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ പറഞ്ഞു.

ധന്യ ദീപുവിന്റെ സർഗാത്മകതയും സൂക്ഷ്മമായ ആസൂത്രണവും എല്ലാവരെയും ഒരുമിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള കഴിവും വെൽക്കം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുമെന്ന് കൺവെൻഷൻ ചെയർ ഷിബു ദിവാകരൻ അഭിപ്രായപ്പെട്ടു.

ശാക്തേയം 2027ലേക്ക് എത്തുന്ന ഓരോ അതിഥിക്കും തുടക്കം മുതൽ നല്ലൊരു അനുഭവം നൽകുക എന്നതാണ് തന്റെ പ്രധാന ശ്രദ്ധ. സ്നേഹത്തോടെയും സന്തോഷത്തോടെയും എല്ലാവരെയും സ്വീകരിച്ച്, ഇവിടെ എത്തുന്ന നിമിഷം മുതൽ അവർ മന്ത്ര കുടുംബത്തിന്റെ ഭാഗമാണെന്നൊരു അനുഭവം നൽകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അതിനായി മികച്ചൊരു ടീമിനൊപ്പം പ്രവർത്തിക്കാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും ധന്യ ദീപു അഭിപ്രായപ്പെട്ടു.

ശാക്തേയം 2027ന്റെ ഒരുക്കങ്ങൾ സജീവമായി മുന്നോട്ടുപോകുന്നതിനൊപ്പം, വിവിധ മേഖലകളിൽ പരിചയസമ്പത്തും പ്രവർത്തനമികവുമുള്ളവരെ ഉൾപ്പെടുത്തി കൺവെൻഷന്റെ വിവിധ കമ്മിറ്റികളും ശക്തിപ്പെടുത്തിവരികയാണ് ങഅചഠഞഅഒ. 'ധർമ്മം, സംസ്കാരം, ഐക്യം, സമൂഹബന്ധം' എന്നിവ ഒരുമിക്കുന്ന സവിശേഷമായ ആഘോഷമായി ശാക്തേയം 2027നെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.



# കെ.സി.എസ് സീനിയർ സിറ്റിസൺസ് ഓണം 2026 സന്തോഷത്തോടെയും ഒത്തൊരുമയോടെയും ആഘോഷിച്ചു

ഷിക്കാഗോ: കെ.സി.എസ് സീനിയർ സിറ്റിസൺസ്, കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും നിറവിൽ ഓണം 2026 ആഘോഷിച്ചു. സെപ്തംബർ 7ന് കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിൽ സംഘടിപ്പിച്ച ഈ പ്രത്യേക ആഘോഷത്തിൽ 50ലധികം സീനിയർ സിറ്റിസൺസ് പങ്കെടുത്തു. സന്തോഷവും സാംസ്കാരിക പാരമ്പര്യവും സൗഹൃദവും നിറഞ്ഞ ഈ സംഗമം എല്ലാവർക്കും മനോഹരമായ ഒരു അനുഭവമായി മാറി.

പരമ്പരാഗത ഓണക്കോടിയണിഞ്ഞ് സീനിയർ അംഗങ്ങൾ ഒത്തുചേർന്നത് ആഘോഷത്തിന് കൂടുതൽ ഉത്സവച്ഛായ പകർന്നു. ഏറെക്കാലമായി പരിചയമുള്ള സുഹൃത്തുക്കളെ വീണ്ടും കണ്ടുമുട്ടാനും പഴയ ഓർമ്മകൾ പങ്കുവയ്ക്കാനും പരസ്പരം സൗഹൃദം പുതുക്കാനും കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം ഒരുമിച്ച് ആഘോഷിക്കാനും ഈ സംഗമം മികച്ച അവസരമായി.

മനോഹരമായ പൂക്കളം, പരമ്പരാഗത ഓണസദ്യ, തിരുവാതിര, ഓണപ്പാട്ടുകൾ എന്നിവ ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളായിരുന്നു. വർണാഭമായ പൂക്കളവും പരമ്പരാഗത വേഷവിധാനങ്ങളും കേരളത്തിന്റെ തനതായ ഓണപ്പാരമ്പര്യത്തിന്റെ മനോഹാരിത വിളിച്ചോതി. രുചികരമായ ഓണസദ്യ എല്ലാവരെയും ഒരുമിച്ച് ഇരുത്തി പങ്കിടലിന്റെയും സഹോദര്യത്തിന്റെയും ഓണസന്ദേശം കൂടുതൽ അർത്ഥവത്താക്കി. തിരുവാതിരയും ഓണപ്പാട്ടുകളും ആഘോഷത്തിന് കൂടുതൽ ഉന്മേഷവും സാംസ്കാരിക ഭംഗിയും പകർന്നു.

ഇത് ഒരു ഓണാഘോഷം മാത്രമല്ല, കെ.സി.എസ് സമൂഹത്തിലെ മുതിർന്ന അംഗങ്ങളെ ആദരിക്കുകയും അവരുടെ സാന്നിധ്യവും സംഭാവനകളും ആഘോഷിക്കുകയും ചെയ്ത ഒരു സ്നേഹസംഗമം കൂടിയായിരുന്നു. അവരുടെ ജീവിതാനുഭവങ്ങളും അറിവും പാരമ്പര്യങ്ങളും സമൂഹത്തോടുള്ള തുടർച്ചയായ പങ്കാളിത്തവും വിവിധ തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിലും നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും വിലമതിക്കാനാവാത്തതാണ്.

പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ മാത്യു പുളിക്കത്തൊട്ടിയിലും മാത്യു വക്കേലും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അവരുടെ ആത്മാർത്ഥമായ പരിശ്രമവും മികച്ച ഏകോപനവും പരിപാടിയെ ക്രമബദ്ധവും സന്തോഷകരവും എല്ലാവർക്കും ഓർമ്മയിൽ നിലനിൽക്കുന്നതുമായ ഒരു ആഘോഷമാക്കി മാറ്റുന്നതിൽ നിർണായകമായി.

സൗഹൃദത്തിന്റെയും പാരമ്പര്യത്തിന്റെയും കൂട്ടായ്മയുടെയും മനോഹരമായ ഓർമ്മകൾ സമ്മാനിച്ചുകൊണ്ടാണ് ആഘോഷം സമാപിച്ചത്. ഓണം 2026ന്റെ ഈ മനോഹരമായ ആഘോഷത്തിൽ പങ്കെടുത്ത എല്ലാ സീനിയർ സിറ്റിസൺസിനും, പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും കെ.സി.എസ് ന്റെ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും.

# 'ഞങ്ങൾ ഒരിക്കലും 51–ാമത്തെ യു.എസ് സംസ്ഥാനമാകില്ല': അതിർത്തി ബോർഡുകളിലൂടെ യു.എസിനുള്ള കനേഡിയൻ പ്രവിശ്യയുടെ മറുപടി

ഒട്ടാവ: കാനഡയും അമേരിക്കയും തമ്മിലുള്ള വ്യാപാര തർക്കം കൂടുതൽ രൂക്ഷമാകുന്നതിനിടെ, അമേരിക്കൻ അതിർത്തിയിൽ വേറിട്ട പ്രതിഷേധ സൂചക ബോർഡുകൾ സ്ഥാപിക്കാനൊരുങ്ങി കനേഡിയൻ പ്രവിശ്യയായ ബ്രിട്ടീഷ് കൊളംബിയ (ബി.സി). ''ഞങ്ങൾ ശക്തരും അഭിമാനമുള്ളവരുമാണ്, കാനഡ ഒരിക്കലും യു.എസിന്റെ 51-ാമത്തെ സംസ്ഥാനമാകില്ല, ക്ഷമിക്കണം!'' എന്ന സന്ദേശമടങ്ങിയ പുതിയ അതിർത്തി ബോർഡുകൾ ബി.സി പ്രീമിയർ ഡേവിഡ് ഈബി വാർത്താ സമ്മേളനത്തിൽ പുറത്തിറക്കുകയായിരുന്നു.

വാഷിംഗ്ടൺ സ്റ്റേറ്റുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലാണ്




ഈ ബോർഡുകൾ സ്ഥാപിക്കുന്നത്. കാനഡയെ സ്വതന്ത്ര രാജ്യമായി കാണാതെ, ആനുകൂല്യങ്ങൾ മാത്രം ആഗ്രഹിക്കുന്ന സംസ്ഥാനമായി കാണുന്നു എന്ന യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മുൻ പരാമർശങ്ങൾക്കുള്ള കൃത്യമായ മറുപടിയായാണ് ഈ നീക്കം വിലയിരുത്തപ്പെടുന്നത്. യാത്രക്കാരെ ബി.സിയിലേക്ക് സ്വാഗതം ചെയ്യുന്ന മറ്റൊരു ബോർഡിൽ മാലിന്യം തള്ളരുത്, വേഗപരിധി പാലിക്കുക, ദയയെ ബലഹീനതയായി കാണരുത്, മൂസ് മാനുകളെ ശ്രദ്ധിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾക്കൊപ്പം 'കാനഡ ഒരിക്കലും 51-ാം സംസ്ഥാനമാകില്ല' എന്നും വ്യക്തമാക്കിയിട്ടുണ്ട്.








# കെ. സി. എസ് ഷിക്കാഗോയുടെ ഓണം 2026 അതിഗംഭീരമായി!!

ഡെസ്പ്ലെയിൻസ്, ഇല്ലിനോയിസ്: കെ.സി.എസ് ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ ഓണം 2026 അതീവ ആഘോഷപൂർവ്വം ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ സംഘടിപ്പിച്ചു. 500ലധികം ക്നാനായ അംഗങ്ങളും കുടുംബങ്ങളും പങ്കെടുത്ത ആഘോഷം പാരമ്പര്യവും സംസ്കാരവും സംഗീതവും സൗഹൃദവും ഒത്തുചേർന്ന മനോഹരമായ ഒരു സായാഹ്നമായി മാറി.

പരമ്പരാഗതമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. തുടർന്ന് മാവേലിയുടെ നേതൃത്വത്തിൽ വർണ്ണാഭമായ ഓണഘോഷയാത്ര നടന്നു. കെ.സി.എസ്. വനിതാ ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളായ ഷാനിൽ വെട്ടിക്കാട്ട്, ജിനു നെടിയകാലായിൽ, ജെയ്ൻ മുണ്ടപ്ലാക്കിൽ, മന്നു തിരുനെല്ലിപ്പറമ്പിൽ, ഡെന്നി തുരുത്തുവേലിൽ എന്നിവരുടെ നേതൃത്വത്തിൽ താലപ്പൊലിയും മുത്തുക്കുടയും ഉൾപ്പെടുത്തി ഘോഷയാത്രയെ കൂടുതൽ ആകർഷകമാക്കി.

ജിനോയ് കവലക്കൽ നേതൃത്വം കൊടുത്ത ഷിക്കാഗോ ചെണ്ട ക്ലബ്ബിന്റെ ചെണ്ടമേളവും ഓണാഘോഷങ്ങൾക്ക് കൂടുതൽ മിഴിവേകി. തുടർന്ന് വനിതാ ഫോറം അംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ തിരുവാതിരക്കളി ആഘോഷത്തിന് കൂടുതൽ മാറ്റുകൂട്ടി.  പ്രശസ്ത ഗായകൻ ചാൾസ് ആലപിച്ച മനോഹരമായ ഗാനങ്ങൾ ആഘോഷത്തിന് കൂടുതൽ ആവേശവും സന്തോഷവും പകർന്നു.

കെ.സി.എസ്. സെക്രട്ടറി ഷാജി പള്ളിവീട്ടിൽ സ്വാഗതം ആശംസിച്ചു. കെ.സി.എസ്. പ്രസിഡന്റ് ജോസ് അനാമല, കെ.സി.സി.എൻ.എ സെക്രട്ടറി വിപിൻ ചാലുങ്കൽ, കെ.സി.സി.എൻ.എ റീജിയണൽ വൈസ് പ്രസിഡന്റ് ബാബു തൈപ്പറമ്പിൽ, ലെയ്സൺ ബോർഡ് ചെയർമാൻ ടെഡി മുഴയൻമാക്കൽ എന്നിവർ ആശംസകൾ നേർന്നു.

കെ.സി.എസ്. ട്രഷറർടീന നെടുവമ്പുഴ പരിപാടിയുടെ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. കെ.സി.ഡബ്ല്യു.എഫ്.എൻ.എ റീജിയണൽ വൈസ് പ്രസിഡന്റ് അനിത പണയപ്പറമ്പിൽ, ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ സിജോ പുളിയോർകുന്നേൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. മുൻ കെ.സി.എസ്. പ്രസിഡന്റ് ജോൺ ഏലക്കാട്ട് ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു.

2026ൽ ജനിച്ച് കെ.സി.എസ്. അംഗത്വത്തിന് അർഹനായ ആദ്യ ക്നാനായ നവജാത ശിശുവിനുള്ള പ്രത്യേക പുരസ്കാരം ജിമ്മി & സ്റ്റെഫിനി താന്നികുഴപ്പിൽ ദമ്പതികൾക്ക് സമ്മാനിച്ചു. എല്ലാ വർഷവും ഈ പുരസ്കാരം സ്പോൺസർ ചെയ്യുന്ന ഫിലിപ്പ് & ചിന്നമ്മ ഞാറവേലിൽ ഇത്തവണയും പുരസ്കാരത്തിന്റെ സ്പോൺസർമാരായി. ചടങ്ങിനോടനുബന്ധിച്ച് ക്നാനായ സമൂഹത്തിലെ കർഷകരുടെ സമർപ്പണവും കഠിനാധ്വാനവും ആദരിക്കുന്ന കെ.സി.എസ്. കർഷകശ്രീ പുരസ്കാരങ്ങളും വിതരണം ചെയ്തു.

ഒന്നാം സമ്മാനം: ജിജി പള്ളിവീട്ടിൽ & ബേബി തട്ടാമറ്റം, രണ്ടാം സമ്മാനം: ബെന്നി നല്ലുവീട്ടിൽ & ബെന്നി ആലക്കൽ, മൂന്നാം സമ്മാനം: മിഥിൻ & ബ്ലെസ്സി ചിറക്കപ്പറമ്പിൽ, റൈസിംഗ് ഫാർമർ അവാർഡ്: ടാജിപാറേട്ട്. കെ.സി.എസ്. ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

# ട്രംപിന്റെ ഉപരോധ ഭീഷണിക്ക് പിന്നാലെ കാനഡയിലെ വ്യോമയാന ഭീമനായ ബോംബാർഡിയറിന് പിന്തുണയുമായി യുഎസ് റിപ്പബ്ലിക്കൻ നേതാക്കൾ

കനേഡിയൻവിമാനനിർമ്മാണകമ്പനിയായബോംബാർഡിയറിന് അമേരിക്കൻ വിപണിയിൽ നിരോധനം ഏർപ്പെടുത്തുമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മുന്നറിയിപ്പിന് പിന്നാലെ കടുത്ത പ്രതിസന്ധി പുകയുന്നു. കാൻസസ് സംസ്ഥാനത്തെ പ്രമുഖ റിപ്പബ്ലിക്കൻ നേതാക്കൾ തങ്ങളുടെ പ്രവിശ്യയിലെ തൊഴിൽ സാധ്യതകൾ സംരക്ഷിക്കുന്നതിനായി ബോംബാർഡിയറിന് പിന്തുണ പ്രഖ്യാപിച്ച് രംഗത്തെത്തി. ട്രംപിന്റെ പുതിയ വ്യാപാര നയം തദ്ദേശീയമായ ആയിരക്കണക്കിന് അമേരിക്കക്കാരുടെ ജോലിയെ ബാധിക്കുമെന്ന ഭീതിയിലാണ് ഈ നിർണ്ണായക നീക്കം.

കാനഡയിൽ നിന്നുള്ള മദ്യത്തിനും മറ്റ് വ്യാവസായിക ഉൽപ്പന്നങ്ങൾക്കും പുറമെ കനേഡിയൻ വിമാനങ്ങൾക്കും അമേരിക്കയിൽ വിലക്കേർപ്പെടുത്തുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. അമേരിക്കൻ ജെറ്റ് വിമാന കമ്പനിയായ ഗൾഫ് സ്ട്രീമിന് കാനഡ സർട്ടിഫിക്കേഷൻ നൽകാൻ വൈകുന്നുവെന്ന് ആരോപിച്ച് ആയിരുന്നു ട്രംപിന്റെ ഈ കടുത്ത നീക്കം. കാനഡയിലെ പ്രമുഖ ബിസിനസ്സ് ജെറ്റ് നിർമ്മാതാക്കളായ ബോംബാർഡിയറിനെയാണ് ട്രംപിന്റെ ഈ പോര് പ്രധാനമായും ബാധിച്ചത്.

എന്നാൽ അമേരിക്കയിലെ കാൻസസ് സംസ്ഥാനത്തുള്ള വിചിറ്റയിൽ ബോംബാർഡിയറിന് കൂറ്റൻ വിമാന പരിപാലന സേവന കേന്ദ്രവും നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രത്തിൽ കാൻസസിലെ ആയിരക്കണക്കിന് അമേരിക്കൻ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. കനേഡിയൻ കമ്പനിക്ക് ഉപരോധം ഏർപ്പെടുത്തിയാൽ തങ്ങളുടെ നാട്ടിലെ സാധാരണക്കാരായ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്ന് കാൻസസ് റിപ്പബ്ലിക്കൻ ജനപ്രതിനിധികൾ ആശങ്ക പ്രകടിപ്പിക്കുന്നു.

യുഎസ് വിപണിയിലേക്ക് പ്രവേശിക്കുന്ന ബോംബാർഡിയർ വിമാനങ്ങൾക്ക് പമ്പരം കറങ്ങുന്ന രീതിയിൽ അമ്പത് ശതമാനം കടുത്ത തീരുവ ചുമത്തുമെന്നാണ് ട്രംപ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ഇത് സ്വന്തം രാജ്യത്തെ വിമാന അനുബന്ധ വ്യവസായ രംഗത്തെ തകർക്കുമെന്നാണ് റിപ്പബ്ലിക്കൻ നിയമസഭാംഗങ്ങൾ സർക്കാരിന് മുന്നറിയിപ്പ് നൽകുന്നത്. വൈറ്റ് ഹൗസുമായി സംസാരിച്ച് വിഷയം നയതന്ത്ര തലത്തിൽ പരിഹരിക്കാൻ നേതാക്കൾ ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

യുഎസ് വ്യോമയാന രംഗത്തെ പ്രധാന കേന്ദ്രങ്ങളിലൊന്നായ വിചിറ്റയിൽ അമേരിക്കൻ സമ്പദ് വ്യവസ്ഥയ്ക്ക് വൻ പങ്കാളിയാണ് ബോംബാർഡിയർ കമ്പനി. ബോംബാർഡിയർ അമേരിക്കയിൽ ആയിരക്കണക്കിന് ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകി വരുന്ന സ്ഥാപനമാണ്. അതിനാൽ ട്രംപിന്റെ തിരിച്ചടി നയം അമേരിക്കൻ തൊഴിൽ വിപണിക്ക് തന്നെ പ്രഹരമാകുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

കാനഡയും അമേരിക്കയും തമ്മിലുള്ള വ്യാപാര യുദ്ധം ദിവസം ചെല്ലുംതോറും കൂടുതൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുകയാണ്. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങൾ മുൻപെങ്ങുമില്ലാത്ത വിധം വൻ തകർച്ചയിലാണ് എത്തിനിൽക്കുന്നത്. തദ്ദേശീയമായി അമേരിക്കൻ കർഷകരെയും വ്യവസായികളെയും സംരക്ഷിക്കാനാണ് ട്രംപ് ഇത്തരമൊരു കടുത്ത തീരുമാനത്തിലേക്ക് കടന്നത്.

ഗൾഫ്സ്ട്രീം ജെറ്റുകൾക്ക് അതിവേഗം പ്രവർത്തനാനുമതി നൽകാൻ കാനഡ തയ്യാറാകാത്തതാണ് ട്രംപിനെ വലിയ രീതിയിൽ ചൊടിപ്പിച്ചത്. ഇതിന് മറുപടിയായി ബോംബാർഡിയർ വിമാനങ്ങളുടെ വിൽപന തടയുമെന്ന് അമേരിക്ക വെല്ലുവിളിക്കുകയായിരുന്നു. ഇതോടെ ബോംബാർഡിയർ കമ്പനിയുടെ ആഗോള ഓഹരി മൂല്യത്തിലും വൻ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്.

തങ്ങളുടെ പ്രവിശ്യയിലെ തൊഴിലവസരങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ട്രംപിന്റെ തീരുമാനത്തിനെതിരെ സ്വന്തം പാർട്ടിക്കാർ തന്നെ എതിർപ്പുമായി വരുന്നത് ശ്രദ്ധേയമാണ്. ട്രംപിന്റെ സാമ്പത്തിക വിജ്ഞാപനങ്ങൾ അമേരിക്കയ്ക്കുള്ളിൽ തന്നെ തിരിച്ചടിയുണ്ടാക്കുന്നു എന്നതിന്റെ തെളിവാണ് ഈ പുതിയ സംഭവവികാസം.

അമേരിക്കയിൽനിക്ഷേപംനടത്തുകയുംതൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് കാൻസസ് നേതാക്കൾ വ്യക്തമാക്കി. വിമാന സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട സാങ്കേതിക തർക്കങ്ങൾ ഇരുരാജ്യങ്ങളിലെയും ഏജൻസികൾ തമ്മിൽ ചർച്ച ചെയ്ത് തീർക്കണമെന്നാണ് ആവശ്യം. ഇതിനായി രാഷ്ട്രീയ വിദ്വേഷങ്ങൾ മാറ്റിനിർത്തണമെന്നും അവർ ആവശ്യപ്പെട്ടു. കാനഡയിൽ നിർമ്മിക്കുന്ന ബോംബാർഡിയർ ലിയർജെറ്റ്, ഗ്ലോബൽ പരമ്പരയിൽപ്പെട്ട ആഡംബര വിമാനങ്ങൾക്ക് ലോകമെമ്പാടും വലിയ വിപണിയുണ്ട്. അമേരിക്കയിലെ ബിസിനസ് പ്രമുഖരും പ്രൊഫഷണലുകളും വൻതോതിൽ ഈ വിമാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇറക്കുമതി തടസ്സപ്പെട്ടാൽ ഈ മേഖലയിൽ വലിയ സാമ്പത്തിക നഷ്ടമുണ്ടാകും.

യുഎസ് ബോർഡർ ഏജൻസികളും ഏവിയേഷൻ കൺട്രോളർമാരും പുതിയ ഉത്തരവുകൾ എപ്പോൾ വേണമെങ്കിലും നടപ്പിലാക്കാൻ സജ്ജരായി നിൽക്കുകയാണ്. ഈ സാഹചര്യത്തിലാണ് അടിയന്തിര ഇടപെടലുമായി യുഎസ് സെനറ്റർമാരും ഗവർണറും രംഗത്തെത്തിയത്. തങ്ങളുടെ അതിർത്തിക്കുള്ളിലെ വ്യാവസായിക മുന്നേറ്റം നിശ്ചലമാകരുതെന്ന് അവർ വാദിക്കുന്നു.

സാധാരണക്കാരുടെ ജീവിതത്തെ ബാധിക്കുന്ന ഇത്തരം തിടുക്കപ്പെട്ട നിരോധനങ്ങൾ പുനഃപരിശോധിക്കണമെന്ന് പ്രാദേശിക വാണിജ്യ മണ്ഡലങ്ങളും ആവശ്യപ്പെട്ടു. കാനഡയിലെ പുതിയ വിപണി നയങ്ങളോടുള്ള ട്രംപിന്റെ അമർഷം ശരിയാണെങ്കിലും പരിഹാര മാർഗ്ഗങ്ങൾ അമേരിക്കൻ ജനതയെ ബാധിക്കരുതെന്നാണ് നിർദ്ദേശം. സാമ്പത്തിക ലോകം ആശങ്കയോടെയാണ് ഈ യുഎസ് നയങ്ങളെ വീക്ഷിക്കുന്നത്.

അതിനിടെ വിമാനങ്ങളുടെ സുരക്ഷാ പരിശോധനകളും സർട്ടിഫിക്കേഷനുകളും വേഗത്തിലാക്കാൻ കാനഡയും തയാറാകണമെന്ന് ആവശ്യം ഉയരുന്നുണ്ട്. നയതന്ത്ര തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ ഈ വ്യാപാര തർക്കങ്ങൾക്ക് അവസാനമുണ്ടാകൂ. തങ്ങളുടെ ആവശ്യങ്ങൾ വൈറ്റ് ഹൗസിന് മുന്നിൽ റിപ്പബ്ലിക്കൻ നേതാക്കൾ ഉടൻ അവതരിപ്പിക്കും.






# അമേരിക്കയുടെ കടലിനടിയിലെ രഹസ്യ ഡ്രോൺ പിടിയിലായി; സാങ്കേതികവിദ്യ ചോർത്തി സ്വന്തമായി നിർമ്മിക്കാൻ ഇറാൻ നീക്കം

അമേരിക്കൻ സൈന്യത്തിന്റെ അത്യാധുനിക അണ്ടർവാട്ടർ ഡ്രോൺ പേർഷ്യൻ ഉൾക്കടലിൽ നിന്ന് പിടിച്ചെടുത്ത് ഇറാൻ. പേർഷ്യൻ ഉൾക്കടലിലെ സ്ട്രെയിറ്റ് ഓഫ് ഹോർമുസ് കടലിടുക്കിന് സമീപത്ത് നിന്നാണ് യുഎസ് നാവികസേനയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന കൂറ്റൻ ഡ്രോൺ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് പിടിച്ചെടുത്തത്. അമേരിക്കൻ സാങ്കേതികവിദ്യ ചോർത്തി സ്വന്തമായി ഡ്രോണുകൾ വികസിപ്പിക്കാനുള്ള നീക്കത്തിലാണ് ഇറാനിയൻ സൈനിക എൻജിനീയർമാർ.

ആൻഡുറിൽ കമ്പനി നിർമ്മിച്ച ഡൈവ് എൽഡി എന്ന ഡ്രോണാണ് ഇറാന്റെ പിടിയിലായത്. മൂന്ന് ടൺ ഭാരവും അഞ്ചര മീറ്ററിലധികം നീളവുമുള്ള ഈ ഡ്രോൺ കടലിനടിയിലെ രഹസ്യ വിവരശേഖരണത്തിനാണ് യുഎസ് ഉപയോഗിച്ചിരുന്നത്. ഡ്രോണിൽ തരാറുകൾ സംഭവിച്ചതിനെ തുടർന്ന് നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നുവെന്ന് അമേരിക്കൻ സൈനിക വൃത്തങ്ങൾ വിശദീകരിക്കുന്നു.

അമേരിക്കൻ സാങ്കേതികവിദ്യ കൈക്കലാക്കിയത് ഇറാനെ സംബന്ധിച്ച് വലിയൊരു രാഷ്ട്രീയ വിജയമാണ്. പിടിച്ചെടുത്ത ഡ്രോണിലെ യാന്ത്രിക സംവിധാനങ്ങൾ തുറന്നുപരിശോധിച്ച് സമാനമായ ഡ്രോണുകൾ നിർമ്മിക്കാൻ ഇറാന് സാധിക്കുമെന്ന് സാങ്കേതിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. മുൻപും



അമേരിക്കയുടെ ഡ്രോണുകൾ പിടിച്ചെടുത്ത് അത്തരം സാങ്കേതികവിദ്യകൾ ഇറാൻ പുനർനിർമ്മിച്ചിട്ടുണ്ട്.

ഡ്രോണിന്റെ മെക്കാനിക്കൽ ഭാഗങ്ങൾ പുനർനിർമ്മിക്കാൻ സാധിക്കുമെങ്കിലും ഇതിലെ സോഫ്റ്റ്‌വെയർ സുരക്ഷാ സംവിധാനങ്ങൾ മറികടക്കാൻ ഇറാന് എളുപ്പമാകില്ല. അമേരിക്കയുടെ പക്കലുള്ള അത്യാധുനിക സാങ്കേതികവിദ്യ ചോർത്തുന്നത് തങ്ങളുടെ സൈനിക ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കുമെന്നാണ് ഇറാനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഡ്രോൺ പിടിച്ചെടുത്ത ചിത്രം ഇറാൻ പുറത്തുവിട്ടിട്ടുണ്ട്.

പത്ത് ദിവസത്തോളം തുടർച്ചയായി കടലിനടിയിൽ പ്രവർത്തിക്കാൻ ശേഷിയുള്ള വാഹനമാണ് ഡൈവ് എൽഡി. മധ്യപൂർവേഷ്യയിൽ അമേരിക്കൻ നാവികസേനയുടെ നീക്കങ്ങൾക്ക് വലിയ പിന്തുണയാണ് ഈ ഡ്രോൺ നൽകിയിരുന്നത്. പൈലറ്റില്ലാതെ ദീർഘദൂരം സഞ്ചരിക്കാൻ സാധിക്കുന്ന ഡ്രോൺ നഷ്ടമായത് യുഎസ് പ്രതിരോധ വകുപ്പിന് തിരിച്ചടിയായിട്ടുണ്ട്.

കടലിൽ നിന്ന് മീൻപിടുത്ത വലയിൽ പ്ലാസ്റ്റിക് കുപ്പി ലഭിക്കുന്നത് പോലെയാണ് തങ്ങൾ ഡ്രോൺ പിടിച്ചെടുത്തതെന്ന് ഇറാൻ പരിഹസിച്ചു. ഇറാനിയൻ നയതന്ത്ര കാര്യാലയങ്ങൾ സോഷ്യൽ മീഡിയയിലൂടെ അമേരിക്കയെ കടുത്ത ഭാഷയിലാണ് പരിഹസിക്കുന്നത്. ഇത് അമേരിക്കൻ ഭരണകൂടത്തിന് കനത്ത മാനക്കേടായി മാറി.

മധ്യപൂർവേഷ്യയിൽ അമേരിക്കയും ഇറാനും തമ്മിലുള്ള സൈനിക സംഘർഷം രൂക്ഷമായി തുടരുന്നതിനിടെയാണ് ഈ സംഭവം. ഇറാനിയൻ എണ്ണക്കപ്പലുകൾക്ക് നേരെ അമേരിക്കൻ സൈന്യം ആക്രമണം കടുപ്പിച്ചിട്ടുണ്ട്. ഇതിനിടയിൽ ഡ്രോൺ പിടിച്ചെടുത്തത് ഇറാൻ സൈന്യത്തിന് വലിയ ആവേശം നൽകുന്നു.

അമേരിക്കൻ നാവികസേനയുടെ അത്യാധുനിക അണ്ടർവാട്ടർ വാഹനം തകരാറിലായതിനെ തുടർന്ന് സ്വയം നശിപ്പിക്കാൻ സാധിച്ചില്ലെന്നാണ് വിലയിരുത്തൽ. ഡ്രോൺ നഷ്ടപ്പെട്ട വിവരം അമേരിക്കൻ സൈന്യം പുറത്തുവിടുന്നതിന് മുൻപ് തന്നെ ഇറാൻ വാർത്ത പുറത്തുവിട്ടു. ഇത് അമേരിക്കയുടെ സൈനിക ആസൂത്രണത്തിലെ പിഴവുകളിലേക്ക് വിരൽ ചൂണ്ടുന്നു.

ചാരനിരീക്ഷണങ്ങൾക്കും കടലിനടിയിലെ മൈനുകൾ കണ്ടെത്തുന്നതിനും സഹായകരമായ ഡ്രോണാണിത്. ആഴക്കടലിൽ മനുഷ്യർക്ക് എത്താൻ സാധിക്കാത്ത അപകടകരമായ മേഖലകളിലാണ് ഇവ ഉപയോഗിക്കുന്നത്. ഈ ഡ്രോൺ പിടിച്ചെടുത്തതിലൂടെ അമേരിക്കൻ നാവികസേനയുടെ നീക്കങ്ങൾ മനസ്സിലാക്കാൻ ഇറാന് സാധിക്കും.

ഇറാൻ അതിർത്തിക്ക് സമീപത്തുള്ള കടലിൽ വെച്ചാണ് ഈ ഡ്രോൺ പിടിച്ചെടുത്തതെന്ന് ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് വ്യക്തമാക്കുന്നു. തങ്ങളുടെ സമുദ്രാതിർത്തി ലംഘിക്കുന്ന ഏത് വിദേശ നീക്കത്തെയും ചെറുക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. മേഖലയിൽ ഇറാന്റെ സ്വാധീനം വ്യക്തമാക്കുന്നതാണ് ഈ സംഭവം. അമേരിക്കയുടെ കടലിനടിയിലെ നാവിക നീക്കങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഡ്രോണിൽ നിന്ന് ലഭിക്കമോ എന്ന് വിദഗ്ധർ പരിശോധിക്കുന്നു. എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ ചോർത്തുന്നതിൽ ഇറാന്റെ വിദഗ്ധർ മുൻപന്തിയിലാണ്. തങ്ങൾ ഇതിന്റെ ഭാഗങ്ങൾ ഓരോന്നായി അഴിച്ചുപരിശോധിക്കുമെന്ന് ഇറാൻ വ്യക്തമാക്കി.

വാഷിംഗ്ടണിലെ പ്രതിരോധ വിദഗ്ധർ ഈ തിരിച്ചടിയെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഭാവിയിൽ ഇത്തരം ഡ്രോണുകളിൽ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്താൻ അമേരിക്ക നിർബന്ധിതരാകും. തങ്ങളുടെ സാങ്കേതിക മേധാവിത്വം ചോദ്യം ചെയ്യപ്പെടുന്നതിൽ അമേരിക്കൻ സൈന്യത്തിനുള്ളിൽ അമർഷമുണ്ട്.

സ്ട്രെയിറ്റ് ഓഫ് ഹോർമുസ് വഴിയുള്ള കപ്പൽ ഗതാഗതം സംഘർഷഭരിതമായി തുടരുകയാണ്. ഇറാന്റെ പിടിയിലായ ഡ്രോൺ തിരികെ നൽകാൻ അമേരിക്ക ഇതുവരെ ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടില്ല. നയതന്ത്ര തലത്തിൽ ഈ വിഷയം കൂടുതൽ സങ്കീർണ്ണമാകാൻ സാധ്യതയുണ്ട്. അമേരിക്കൻ കമ്പനിയായ ആൻഡുറിൽ നിർമ്മിച്ച ഏറ്റവും പരീക്ഷണാത്മകമായ ഡ്രോണുകളിൽ ഒന്നാണിത്. ഡ്രോൺ നഷ്ടപ്പെട്ടത് കമ്പനിയുടെ വിപണി മൂല്യത്തെയും ബാധിച്ചേക്കാം. കടലിനടിയിലെ പോരാട്ടങ്ങളിൽ പുതിയ തരം സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന്റെ അപകടസാധ്യതയാണ് ഇത് കാണിക്കുന്നത്.

ഇറാൻ തങ്ങളുടെ ഡ്രോൺ സാങ്കേതികവിദ്യ കൂടുതൽ വികസിപ്പിക്കുന്നത് ഗൾഫ് മേഖലയിലെ മറ്റ് രാജ്യങ്ങൾക്കും ആശങ്കയുണ്ടാക്കുന്നുണ്ട്. അമേരിക്കൻ ഡ്രോണിന്റെ ഭാഗങ്ങൾ ഉപയോഗിച്ച് പുതിയ ആയുധങ്ങൾ ഇറാൻ നിർമ്മിച്ചേക്കാം. ഈ സംഭവം മധ്യപൂർവേഷ്യയിലെ സൈനിക മത്സരത്തിന് പുതിയ മാനങ്ങൾ നൽകും. സംഭവം നടന്ന് മണിക്കൂറുകൾക്കുള്ളിൽ തന്നെ ഇറാൻ മാധ്യമങ്ങൾ ഡ്രോണിന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടു. അമേരിക്കൻ ആധിപത്യത്തിനെതിരെയുള്ള വലിയ വിജയമായാണ് ഇറാൻ ഇതിനെ വിശേഷിപ്പിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ വിവരങ്ങൾ പുറത്തുവരുമെന്ന് പ്രതീക്ഷിക്കുന്നു.












# ഭൂമിക്കടിയിലെ രഹസ്യ ആണവനിലയം ശക്തമാക്കി ഇറാൻ; സാറ്റലൈറ്റ് ചിത്രങ്ങൾ പുറത്തുവിട്ട് യുഎസ്

ഭൂമിക്കടിയിൽ രഹസ്യമായി നിർമ്മിക്കുന്ന ആണവനിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇറാൻ വേഗത്തിലാക്കിയതായി റിപ്പോർട്ട്. ഉപഗ്രഹ ചിത്രങ്ങൾ വിശകലനം ചെയ്തുകൊണ്ടാണ് അമേരിക്കൻ വിദഗ്ധർ ഇത്തരമൊരു സുപ്രധാന മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. നതാൻസ് ആണവനിലയത്തിന് സമീപമുള്ള പിക്കാക്സ് മൗണ്ടനിലാണ് ഇറാന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പുരോഗമിക്കുന്നത്.

പാശ്ചാത്യ രാജ്യങ്ങളുടെ കണ്ണുവെട്ടിച്ച് യറേനിയം സമ്പുഷ്ടീകരണത്തിന് ആവശ്യമായ വൻ പ്ലാന്റാണ് ഇവിടെ ഒരുങ്ങുന്നതെന്നാണ് സംശയം. അമേരിക്കൻ വിദേശകാര്യ സാമ്പത്തിക സുരക്ഷാ വിദഗ്ധർ ഇതിന്റെ ചിത്രങ്ങൾ കൃത്യമായി പരിശോധിച്ചിട്ടുണ്ട്. വാഷിംഗ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ സ്ട്രാറ്റജിക് ആൻഡ് ഇന്റർനാഷണൽ സ്റ്റഡീസ് തയാറാക്കിയ റിപ്പോർട്ടിലാണ് വിവരങ്ങളുള്ളത്.

ആറു വർഷത്തെ ഉപഗ്രഹ ചിത്രങ്ങൾ വിശദമായി പരിശോധിച്ച ശേഷമാണ് നിരീക്ഷകർ ഈ നിഗമനത്തിൽ എത്തിച്ചേർന്നത്. കഴിഞ്ഞ കുറച്ചു മാസങ്ങളായി പ്രദേശത്ത് റോഡുകളുടെ നിർമ്മാണം വൻതോതിൽ നടക്കുന്നുണ്ട്. തുരങ്കങ്ങളിലേക്കുള്ള കവാടങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കാനും ഭിത്തികൾ കൂടുതൽ കട്ടിയുള്ളതാക്കാനും പ്രത്യേക നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു.

മലനിരകൾ തുരന്ന് ഉണ്ടാക്കുന്ന അവശിഷ്ടങ്ങൾ വൻതോതിൽ പുറന്തള്ളുന്നതും വഴികൾ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുന്നതും ചിത്രങ്ങളിൽ വ്യക്തമാണ്. കടുത്ത സുരക്ഷാ കവചങ്ങളോടെയാണ് ഇവിടം പുനർനിർമ്മിക്കപ്പെടുന്നത്. മല തുരന്ന് തയ്യാറാക്കിയ ഇത്തരം താവളങ്ങൾ തകർക്കാൻ സാധാരണ ബോംബുകൾക്ക് സാധിക്കില്ല.

നേരത്തെ പിക്കാക്സ് മൗണ്ടനിലെ സുരക്ഷാ താവളത്തിന് നേരെ വ്യോമാക്രമണം നടത്തുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു. ഇറാന്റെ ആണവ പദ്ധതികൾ പൂർണ്ണമായി തകർക്കുകയെന്ന ലക്ഷ്യത്തോടെയാണ് ട്രംപ് ഇത്തരം ശക്തമായ മുന്നറിയിപ്പുകൾ നൽകിയത്. എന്നാൽ പിന്നീട് ആക്രമണങ്ങൾ ഒന്നും തടസ്സമില്ലാതെ നടന്നിരുന്നില്ല.

ഇറാൻ നിലയത്തിലേക്ക് പുതിയ സെൻട്രിഫ്യൂജുകൾ മാറ്റിയതായി ഇസ്രായേൽ രഹസ്യാന്വേഷണ ഏജൻസികളും സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച പൂർണ്ണമായ തെളിവുകൾ ഇനിയും പുറത്തുവരേണ്ടതുണ്ട്. അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി വിഷയത്തിൽ ഇറാന്റെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

പിക്കാക്സ് മൗണ്ടനിലെ നിർമ്മാണഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വ്യക്തത വരുത്താൻ അന്താരാഷ്ട്ര പരിശോധകർക്ക് അനുമതി നൽകണമെന്ന് ഐഎഇഎ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ആവശ്യങ്ങളോട് അനുകൂലമായി പ്രതികരിക്കാൻ ഇറാൻ ഇതുവരെ തയ്യാറായിട്ടില്ല. ഐഎഇഎയുടെ കത്തുകൾക്ക് ഇറാൻ മറുപടി നൽകിയിട്ടില്ലെന്നാണ് വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

# വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ ഫിലഡൽഫിയ ജർമ്മൻടൗൺ തീർത്ഥാടനകേന്ദ്രത്തിൽ 15–ാം വർഷത്തിലേക്ക്

ഫിലഡൽഫിയ: പ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രവും മൈനർ ബസിലിക്കയുമായ ജർമ്മൻടൗൺ മിറാക്കുലസ് മെഡൽ ഷ്രൈനിലേക്ക് എട്ടുനോമ്പിനോടനുബന്ധിച്ച് ആണ്ടുതോറും നടത്തിവരുന്ന പ്രാർത്ഥനാപൂർണമായ മരിയൻ തീർത്ഥാടനവും വേളാങ്കണ്ണിമാതാവിന്റെ തിരുനാളും 2026 സെപ്റ്റംബർ 12 ശനിയാഴ്ച്ച ആഘോഷിക്കപ്പെടുന്നു. ജർമ്മൻടൗണിന് തിലകമായി നിലകൊള്ളുന്ന മിറാക്കുലസ് മെഡൽ ബസിലിക്ക തീർത്ഥാടനകേന്ദ്രത്തിൽ തുടർച്ചയായി ഇതു പതിനഞ്ചാം വർഷമാണ് വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ ഭക്തിപൂർവം ആഘോഷിക്കപ്പെടുന്നത്. വിവിധ ഇൻഡ്യൻ ക്രൈസ്തവസമൂഹങ്ങളുടെയും, ഫിലാഡൽഫിയാ സീറോമലബാർ ഫൊറോനാപള്ളിയുടെയും സഹകരണത്തോടെ മിറാക്കുലസ് മെഡൽ തീർത്ഥാടനകേന്ദ്രമായ തിരുനാളിനു നേതൃത്വം നൽകുന്നത്.




സെപ്റ്റംബർ 12 ശനിയാഴ്ച്ച വൈകുന്നേരം നാലുമണിമുതൽ ആരംഭിക്കുന്ന തിരുനാൾകർമ്മങ്ങളിലേക്ക് എല്ലാ മരിയഭക്തരെയും വിശ്വാസികളെയും സെൻട്രൽ അസോസിയേഷൻ ഓഫ് മിറാക്കുലസ് മെഡൽ ഷ്രൈൻ റെക്ടർ ഫാ. ജോൺ കെറ്റൽബർഗർ സി.എം., സീറോമലബാർ പള്ളി വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാർ എന്നിവർ സംയുക്തമായി ക്ഷണിക്കുന്നു.

കിഴക്കിന്റെ ലൂർദ് എന്നറിയപ്പെടുന്ന വേളാങ്കണ്ണിയിലെ ആരോഗ്യമാതാവിന്റെ തിരുസ്വരൂപം 2012 ൽ പരിശുദ്ധ കന്യാമറിയത്തിന്റെ ജന്മദിനമായ സെപ്റ്റംബർ എട്ടിനാണ് ഫിലഡൽഫിയാ ജർമ്മൻടൗൺ മിറാക്കുലസ് മെഡൽ ഷ്രൈനിൽ അന്നത്തെ സെൻട്രൽ അസോസിയേഷൻ ഓഫ് മിറാക്കുലസ് മെഡൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. കാൾ പീബർ, അന്നത്തെ ഫിലാഡൽഫിയാ സീറോമലബാർ പള്ളി വികാരിയായിരുന്ന റവ. ഫാ. ജോൺ മേലേപ്പുറം എന്നിവരുടെ നേതൃത്വത്തിലും, കാർമ്മികത്വത്തിലും ആയിരക്കണക്കിന് മരിയഭക്തരെ സാക്ഷിനിർത്തി ആശീർവദിച്ചു പ്രതിഷ്ഠിച്ചത്. അന്നുമുതൽ ഒരു വ്യാഴവട്ടക്കാലമായി മുടക്കംവരാതെ എല്ലാവർഷങ്ങളിലും ഈ തിരുനാൾ ആഘോഷമായി നടത്തിവരുന്നു. മൈനർ ബസിലിക്കയായി ഉയർത്തപ്പെട്ടതിനുശേഷം ഇതു നാലാം തവണയാണ് വേളാങ്കണ്ണിമാതാവിന്റെ തിരുനാൾ ആഘോഷിക്കുന്നത്.

മിറാക്കുലസ് മെഡൽ നൊവേന, ആഘോഷമായ തിരുനാൾ കുർബാന, വേളാങ്കണ്ണി മാതാവിന്റെ നൊവേന, വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രദക്ഷിണം, രോഗിസൗഖ്യ പ്രാർത്ഥന, വിവിധ ഇൻഡ്യൻ ഭാഷകളിലുള്ള ജപമാലപ്രാർത്ഥന, തിരുസ്വരൂപം വണങ്ങി നേർച്ചസമർപ്പണം എന്നിവയാണ് തിരുനാൾ ദിവസത്തെ തിരുക്കർമ്മങ്ങൾ. സീറോമലബാർ പള്ളി വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, സെൻട്രൽ അസോസിയേഷൻ ഓഫ് മിറാക്കുലസ് മെഡൽ ഷ്രൈൻ റെക്ടർ റവ. ഫാ. ജോൺ കെറ്റൽബർഗർ സി.എം. എന്നിവർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം വഹിക്കും.

സീറോമലബാർ ഇടവകയും, വിവിധ ഇന്ത്യൻ ക്രൈസ്തവരും ഒന്നുചേർന്ന് നടത്തുന്ന ഈ തിരുനാളിൽ പങ്കെടുത്ത് ആരോഗ്യമാതാവിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കാൻ മരിയഭക്തർക്ക് സുവർണാവസരം. ഇന്ത്യൻ അമേരിക്കൻ ക്രൈസ്തവ വിശ്വാസപാരമ്പര്യത്തിന്റെയും, പൈതൃകത്തിന്റെയും, മരിയൻ ഭക്തിയുടെയും അത്യപൂർവമായ ഈ കൂടിവരവിലേക്ക് ജാതിമതഭേദമെന്യേ എല്ലാവർക്കും സ്വാഗതം. സീറോമലബാർ ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാരായ സിബിച്ചൻ ചെമ്പ്ളായിൽ, ജോബി കൊച്ചുമുട്ടം, റോഷിൻ പ്ലാമൂട്ടിൽ, ജിതിൻ ജോണി, ജെറി കുരുവിള, സെക്രട്ടറി ടോം പാറ്റാനിയിൽ എന്നിവരുടെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ അംഗങ്ങൾ, ഭക്തസംഘടനകൾ, മതബോധനസ്കൂൾ എന്നിവ തിരുനാളിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ജോസ് തോമസ് ആണ് തിരുനാളിന്റെ ജനറൽ കോർഡിനേറ്റർ.

*ജോസ് മാളേയ്ക്കൽ*









# പിണറായിയെ കുടുക്കിയ മാസപ്പടി അന്വേഷണം, ഇ.ഡി റിപ്പോർട്ടിൽ സഗൗരവം വി.ഡി.സതീശൻ

കൊച്ചി: പ്രതിപക്ഷ നേതാവ് പിണറായി വിജയനെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഇ.ഡി റിപ്പോർട്ട് തള്ളിക്കളയില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയിരിക്കെ വിഷയം കടുത്തേക്കും. ഇ.ഡി നിർദ്ദേശം നിയമപരമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ഇതിൽ രാഷ്ട്രീയമില്ലെന്നും വി.ഡി.സതീശൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്വയം ന്യായീകരിക്കാൻ മാത്രമാണ് സി.പി.എം ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ഇ.ഡി നൽകിയ റിപ്പോർട്ടാണെന്ന ഒറ്റ കാരണം കൊണ്ട് മാസപ്പടി കേസിലെ വിവരങ്ങൾ തള്ളിക്കളയില്ല. കൃത്യമായ നിയമപരശോധന നടത്തും. കേന്ദ്ര ഏജൻസി തെളിവുകൾ സഹിതമാണ് കള്ളപ്പണം വെളുപ്പിക്കൽ നിയമത്തിന്റെ സെക്ഷൻ 66 (2) പ്രകാരം നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയത്. ഇ.ഡി കൈമാറിയ തെളിവുകൾ അടക്കമുള്ള കത്ത് നിയമപരിശോധനയ്ക്കായി കൈമാറിയിട്ടുണ്ട്. കൂടുതൽ ഗുരുതരമായ കാര്യങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. നിയമപരമായ പരിശോധന നടക്കുന്നതിനാൽ പുറത്തുപറയുന്നത് ശരിയല്ല. രാഷ്ട്രീയ പാർട്ടികൾ വ്യക്തികളിൽനിന്നും കമ്പനികളിൽനിന്നും സംഭാവന വാങ്ങാറുണ്ട്. ഈ കേസ് അങ്ങനെയല്ല. അതിനപ്പുറമുള്ള കേസുകൾ ഇ.ഡി നൽകിയ കത്തിലുണ്ടെന്നും വി.ഡി പറഞ്ഞു.

രാഹുൽ ഗാന്ധി അടക്കമുള്ള കോൺഗ്രസ് നേതാക്കൾ ഇ.ഡി കേസുകൾ നേരിട്ടപ്പോൾ ഉദ്യോഗസ്ഥരുടെ വാഹനം തല്ലിത്തകർക്കുകയല്ല ചെയ്തത്. ഡൽഹിയിൽ കോൺഗ്രസ് പ്രവർത്തകരെ ഇ.ഡിയുടെ പരിശോധന തടയാനായി ചുമതലപ്പെടുത്തിയില്ല. 55 മണിക്കൂർ ചോദ്യം ചെയ്യലിനായി അവർ സഹകരിച്ചു. കേന്ദ്ര ഏജൻസികൾ അന്വേഷണത്തിന്റെ ഭാഗമായി സംസ്ഥാന ഏജൻസികൾക്ക് തെളിവുകളും വിവരങ്ങളും കൈമാറുന്നതു പതിവാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

പിണറായിവിജയനെതിരെഅഴിമതി നിരോധന നിയമപ്രകാരം കേസെടുക്കണമെന്ന് ആവശ്യപ്പെട്ടതിനു പിന്നാലെ സി.എം.ആർ.എൽ കമ്പനിയിലെ ഉദ്യോഗസ്ഥരെ വീണ്ടും ചോദ്യം ചെയ്യാനും ഇ.ഡി നടപടി തുടങ്ങി. മുഹമ്മദ് റിയാസിന്റെ സുഹൃത്തുക്കളെയും നോട്ടീസ് നൽകി ഇ.ഡി വിളിപ്പിക്കും.



## ഇ.ഡി രേഖ കൃത്യം, വിജലൻസ് ഇടപെടും

സി.എം.ആർ.എല്ലുമായി പിണറായിയുടെ മകൾ വീണയുടെ എക്സാലോജിക് കമ്പനി നടത്തിയ പണമിടപാടിന്റെ രേഖകളും സേവനം നൽകാതെയാണ് പണം വാങ്ങിയത് എന്നതിന്റെ രേഖകളും ഇ.ഡി പൊലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്. ബാങ്ക് ഇടപാടുകളുടെ രേഖകളും ഇതിലുണ്ട്. അതിനാൽ, സി.എം.ആർ.എല്ലിൽ നിന്ന് 3.28കോടി കൈക്കൂലി വാങ്ങിയെന്ന് ചൂണ്ടിക്കാട്ടി പൊലീസ് മേധാവിക്ക് നൽകിയ റിപ്പോർട്ടിൽ വിജിലൻസ് അന്വേഷണം വന്നേക്കും. ഇ.ഡിയുടെ 25പേജുള്ള റിപ്പോർട്ടിന്മേൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിട്ടുണ്ട്. ഇത് വിജിലൻസിന് കൈമാറുമെന്നാണ് സൂചന. എന്നാൽ, ഇ.ഡിയുടെ റിപ്പോർട്ട് മാത്രം അടിസ്ഥാനമാക്കിയുള്ള കേസും അന്വേഷണവും ശരിയല്ലെന്നാണ് ആഭ്യന്തര വകുപ്പിന്റെ നിലപാട്.

## രാഷ്ട്രീയവേട്ടയാടൽ നേരിടും: പിണറായി

മാന്നാർ (ആലപ്പുഴ): മാസപ്പടി കേസിൽ ഇ.ഡി കൈക്കൊണ്ട നടപടി രാഷ്ട്രീയമായി നേരിടുമെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. മാന്നാറിൽ സി.പി.എം ഏരിയ കമ്മിറ്റി ഓഫിസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഏതെങ്കിലും തരത്തിൽ എന്നെ പഴിചാരുകയാണ് ഇ.ഡിയുടെ ലക്ഷ്യം. അതിന്റെ ഭാഗമായാണ് ഒരുദിവസം വീട്ടിലേക്കു കയറിവന്നത്. മകൾ വീണ പഠനം കഴിഞ്ഞ് ആദ്യംചേർന്നത് ലോകപ്രശസ്തമായ ഐ.ടി കമ്പനിയായ ഒറാക്കിളിലാണ്. പിന്നീടാണ് സ്വന്തമായി കമ്പനിയുണ്ടാക്കിയത്.

വീണയുടെ കമ്പനി പല കമ്പനികൾക്കും സേവനം നൽകിയിട്ടുണ്ട്. സി.എം.ആർ.എൽ കമ്പനി നൽകിയ പ്രതിഫലം വ്യക്തമായ രേഖപ്രകാരമുള്ളതാണ്. അതിന് നികുതിയും അടച്ചിട്ടുണ്ട്. അന്നൊന്നും മുഹമ്മദ് റിയാസ് വീണയുടെ ഭർത്താവല്ല. അന്ന് ലഭിച്ച പണം വർഷങ്ങൾക്കുശേഷം ഭർത്താവായി വന്ന റിയാസ് എടുത്ത് പിണറായി വിജയനായി വിദേശത്തേക്ക് കടത്തിയെന്ന വെളിപ്പെടുത്തലിന്റെ പരിഹാസ്യത എത്രമാത്രമാണെന്ന് ചിന്തിക്കണം.

മാദ്ധ്യമങ്ങൾ കേട്ടപാതി മുഖ്യമന്ത്രിയായിരിക്കെ പിണറായി വിജയൻ മകൾ വഴി 3.28 കോടി കൈക്കൂലി വാങ്ങിയെന്നാണ് വാർത്ത നൽകിയത്. മാദ്ധ്യമങ്ങൾ വലിയ അച്ചിൽ നിരത്തിയാൽ താൻ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ കൈക്കൂലിക്കാരനായി മാറില്ലെന്നും പിണറായി പറഞ്ഞു.

## വേട്ടയാടാൻ ശ്രമിച്ചാൽ ജനകീയ പ്രതിഷേധം

മാസപ്പടി കേസിൽ പിണറായി വിജയനെ വേട്ടയാടാനാണ് ശ്രമമെങ്കിൽ ജനകീയ പ്രതിഷേധവുമായി മുന്നോട്ട് പോകും. പിണറായിക്കെതിരെ ഇ.ഡി നടത്തുന്ന രാഷ്ട്രീയ വേട്ടയിൽ കോൺഗ്രസ് ദേശീയ നേതൃത്വം നിലപാട് വ്യക്തമാക്കണം. ഇ.ഡി നീക്കം കോൺഗ്രസ് ബി.ജെ.പി. ഡീലിന്റെ ഭാഗമാണ്. സി.എം.ആർ.എല്ലിൽ നിന്ന് പണം വാങ്ങിയത് ചെന്നിത്തലയും കുഞ്ഞാലിക്കുട്ടിയുമാണ്. അവരെ ചോദ്യം ചെയ്യാൻ പോലും ഇ.ഡി തയ്യാറാകുന്നില്ലെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടേറിയത്ത് അംഗം എം.വി. ജയരാജൻ പറഞ്ഞു.



# ഓലപ്പാമ്പ് കാണിച്ച് ഭയപ്പെടുത്തേണ്ട: എം.വി.ഗോവിന്ദൻ

തിരുവനന്തപുരം: ഇ.ഡിക്ക് രാഷ്ട്രീയ ലക്ഷ്യമാണെന്നും ഓലപ്പാമ്പ് കാണിച്ച് ഭയപ്പെടുത്താമെന്ന് കരുതേണ്ടെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. വഴങ്ങാൻ മനസില്ലെന്നും ഏത് കേസ് വന്നാലും നേരിടുമെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു.

പിണറായി വിജയനെ കേസിൽ ഉൾപ്പെടുത്താനുള്ള രാഷ്ട്രീയ ഇടപെടലാണ് നടക്കുന്നത്. ഇനിയും പല കേസും വരും, പ്രതിരോധിച്ച് മുന്നോട്ടു പോകും.

ഒരു കത്തിനൊന്നും വലിയ വിലയില്ല. യു.ഡി.എഫ് സർക്കാർ എന്ത് നിലപാട് സ്വീകരിക്കുമെന്നാണ് അറിയേണ്ടത്. ഇ.ഡി. നടപടിയിൽ ദേശീയ തലത്തിൽ കോൺഗ്രസിന് മറ്റൊരു നിലപാടാണ്.

സോണിയാ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമെതിരെ കേന്ദ്ര ഏജൻസികൾ വരുമ്പോൾ ഒരു നിലപാട്. അവരിൽ തന്നെ ചിലർ ഇവിടെ വന്ന് എന്തുകൊണ്ട് പിണറായിയെ അറസ്റ്റ് ചെയ്തില്ലെന്നാണ് ചോദിച്ചത്. ബി.ജെ.പി കോൺഗ്രസ് ഡീൽ രൂപപ്പെടുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്.

സി.എം.ആർ.എൽ പണം നൽകിയവരുടെ കൂട്ടത്തിൽ മന്ത്രിമാരായ രമേശ് ചെന്നിത്തലയും കുഞ്ഞാലിക്കുട്ടിയും, അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമുണ്ട്.

സംഭാവനയായി വാങ്ങിയതാണെന്ന് അവർ സമ്മതിച്ചതാണ്. അതിൽ കേസെടുക്കാൻ ഇ.ഡി തയ്യാറായിട്ടില്ല. ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെതിരായ നീക്കം പോലെ രാഷ്ട്രീയ വേട്ടയാണ് നടക്കുന്നത്. കോടതികൾ തള്ളിക്കളഞ്ഞ കേസാണെന്നും ഗോവിന്ദൻ പറഞ്ഞു.

## ഉളുപ്പുണ്ടെങ്കിൽ പിണറായി രാജി വയ്ക്കണം: രാജീവ് ചന്ദ്രശേഖർ

ന്യൂഡൽഹി: മാസപ്പടിക്കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയനെതിരെ കേസെടുക്കാൻ സംസ്ഥാന സർക്കാർ മടിക്കുന്നത് രഹസ്യ ഡീലുള്ളതുകൊണ്ടാണെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ലേശമെങ്കിലും ഉളുപ്പുണ്ടെങ്കിൽപിണറായിരാജിവയ്ക്കുകയാണ് വേണ്ടതെന്നും വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

തെളിവുകളുടെ അടിസ്ഥാനത്തിലാണ് കേസെടുക്കാൻ ഇ.ഡി ശുപാർശ ചെയ്തത്. കേസെടുക്കാൻ സംസ്ഥാന സർക്കാരിന് ഒരു തടസവുമില്ല. എന്നാൽ നടപടി സ്വീകരിക്കാൻ മടിക്കുന്നു. നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ മാസപ്പടിക്കേസിൽ പിണറായിയെ ജയിലിൽ അടയ്ക്കുമെന്നാണ് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി കേരളത്തിൽ വന്നു പറഞ്ഞത്. ആ നിലപാടിൽ ഇപ്പോഴും കോൺഗ്രസും രാഹുലും ഉറച്ചു നിൽക്കുന്നുണ്ടോയെന്നു വ്യക്തമാക്കണം.

രാഹുലിനെ പ്രധാനമന്ത്രിയാക്കണമെന്നു സി.പി.എം ജനറൽ സെക്രട്ടറി എം.എ.ബേബി പറയുന്നു. രാഹുലിന്റെ ഇ.ഡി കേസ് വന്നപ്പോൾ ഞങ്ങൾ പിന്തുണച്ചല്ലോയെന്നു സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പറയുന്നു.

ഇതെല്ലാം വിരൽ ചൂണ്ടുന്നത് രഹസ്യധാരണയിലേക്കല്ലേ? രാഹുലിനെ അന്ന് വിമർശിച്ച സി.പി.എം ഇന്ന് അദ്ദേഹത്തെ പ്രധാനമന്ത്രിയാക്കാൻ ഇറങ്ങിത്തിരിച്ചിരിച്ചത് പിണറായിയെ സംരക്ഷിക്കാനാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS
OVER 23 YEARS OF EXPERIENCE
SERVING ILLINOIS & INDIANA

Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com
EMSONS REALTY
240 E. LAKE STREET, SUITE 109B, ADDISON, IL 60101

# യൂറോപ്പിനെപ്പോലെ കേരളത്തെയും പൊള്ളിക്കാൻ ഉഷ്ണ തരംഗം





ബാബു കദളിക്കാട്

മൺസൂൺ കാലം പിന്മാറുന്നതിനു മുമ്പു തന്നെ കേരളം ചുട്ടുപൊള്ളിത്തുടങ്ങി. പകൽ സഹിക്കാനാവാത്ത നിലയിൽ താപനില ഉയരുന്നത് കടുത്ത വേനലിന്റെ അവസ്ഥ സംസ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നു. തണുത്ത കാറ്റിനും ചാറ്റൽമഴയ്ക്കും പേരുകേട്ട മലയാളനാട് കൊടും ചൂടിൽ വിയർക്കുകയാണ്. രാത്രി താപനിലയും അനിയന്ത്രിതമായി ഉയരുന്നു. സംസ്ഥാനം നേരിടുന്ന ചൂടിന്റെ ചരിത്രം വളരെ പ്രകടമായിത്തന്നെ മാറിവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 1.15 ഡിഗ്രി സെൽഷ്യസ് തോതിലാണ് കേരളത്തിൽ വർഷം തോറും ചൂടു കൂടിവരുന്നതെന്ന വിവരം ആശങ്ക ജനിപ്പിക്കുന്നു.

പ്രകൃതിയുടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഇരയായി കേരളം മാറിക്കൊണ്ടിരിക്കുന്നു എന്നതിന്റെ ലക്ഷണം കൂടിയാണ്, മൺസൂൺ കാലത്തു പോലും ചൂട് അസാധാരണമാകുന്നത്. മഴ ഒഴിയും മുമ്പേ ചൂട് കനത്തിരിക്കുന്ന ഈ അവസ്ഥ നിരവധി ആരോഗ്യപ്രശ്നങ്ങൾക്കും കടുത്ത വൈദ്യുതി ക്ഷാമത്തിനും ഇടയാക്കുന്നതാണ്. പാലക്കാട്, കൊല്ലം, തൃശൂർ തുടങ്ങിയ ജില്ലകളിൽ താപനില റെക്കോഡുകൾ ഭേദിച്ച് മുന്നേറുന്നു. പ്രവചനാതീതമായ ഈ കാലാവസ്ഥാ വ്യതിയാനം ഉയർത്തിയിരിക്കുന്ന ഭീഷണികൾ ചെറുതല്ല.

കേരളമുൾപ്പെടുന്ന മേഖല പൊതുവെ മിതമായ ഉഷ്ണമേഖലാ കാലാവസ്ഥയുള്ള ഇടമാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും കുറച്ചു ദശകങ്ങളായി ഇതിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്നു. അന്തരീക്ഷ താപനിലയിൽ ഏതാനും ദിവസങ്ങളായി ശരാശരിയിൽ നിന്ന് രണ്ടു മുതൽ നാല് ഡിഗ്രി സെൽഷ്യസിലേറെ വർദ്ധനയാണ് രേഖപ്പെടുത്തുന്നത്. സ്ഥിതി ഇനിയും രൂക്ഷമായാൽ സൂര്യാഘാത സൂര്യാതപ ഭീഷണികളും നേരിടേണ്ടി വരും. പകൽ 11 മുതൽ 3 മണിവരെയുള്ള സമയങ്ങളിൽ പുറത്തിറങ്ങരുതെന്ന ദുരന്ത നിവാരണ അതോറിട്ടിയുടെ മുന്നറിയിപ്പ് ഇപ്പോൾ തന്നെ നിലവിലുണ്ട്. അന്തരീക്ഷ മർദ്ദ വ്യതിയാനങ്ങളും ആഗോള താപനവുമാണ് ഈ കഠിനമായ ചൂടിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും കൃഷിക്കും ജലസ്രോതസുകൾക്കും ഒരുപോലെ സമ്മർദവും ആശങ്കയും ഒപ്പം ഭീഷണിയും സൃഷ്ടിക്കുന്ന കാലാവസ്ഥാ മാറ്റം കേരളത്തിന് ആപൽസൂചനയാണെന്ന കാര്യത്തിൽ തർക്കമുണ്ടാവില്ല. തെക്കു പടിഞ്ഞാറൻ കാലവർഷമായ ഇടവപ്പാതി സെപ്തംബർ 30 വരെയാണ്. എന്നാൽ ചില ദിവസങ്ങളൊഴികെ കാര്യമായ രീതിയിൽ മഴയുണ്ടാകുമെന്ന് വിദഗ്ധ നിരീക്ഷകർ കരുതുന്നില്ല. കേരളത്തിന് കാലവർഷം ഇക്കുറി നിരാശയാണ് സമ്മാനിച്ചത്. ജൂൺ മുതൽ ഓഗസ്റ്റ് അവസാനം വരെ ശരാശരി 1,767. 9 മില്ലീ മീറ്റർ മഴ ലഭിക്കേണ്ട സ്ഥാനത്ത് 1,367. 6 മില്ലീ മീറ്റർ മാത്രമാണ് ലഭിച്ചത്. എൽനിനോ പ്രതിഭാസം ശക്തിപ്പെടുന്നതാണ് മഴ കുറയുന്നതുൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾക്ക് കാരണമെന്നും വിദഗ്ധർ പറയുന്നു.

ജലസ്രോതസുകളുടെ നാശം, കുളങ്ങൾ, അരുവികൾ, നദികൾ, മറ്റ് ജലാശയങ്ങൾ എന്നിവയിലെ ജലവിതാനത്തിന്റെ കുറവ് എന്നിവ ഭൂഗർഭജലത്തെ ബാധിക്കും. മഴമാറും മുമ്പുതന്നെ ചില ഭാഗങ്ങളിൽ കുടിവെള്ള പ്രതിസന്ധിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയത് നിസാരമായി കാണാനാകില്ല. അന്തരീക്ഷ താപനില കൂടുന്നത് കള്ളക്കടൽ പ്രതിഭാസം, തീരശോഷണം, ജന്തുജാലങ്ങൾക്ക് ഭീഷണി തുടങ്ങി ആവാസവ്യവസ്ഥയിൽ പ്രതികൂലമായ വലിയ മാറ്റങ്ങൾക്ക് കാരണമാകും. അതേസമയം, എൽനിനോ പ്രതിഭാസത്തിനിടെ മഴക്കുറവുണ്ടാകുന്നതോടൊപ്പം അപ്രതീക്ഷിതമായി പൊടുന്നനെ തീവ്രമഴ രൂപപ്പെടുന്നതും മിന്നൽപ്രളയങ്ങളുണ്ടാവുന്നതും ആശങ്കപ്പെടുത്തുന്നതാണ്. ഓഗസ്റ്റ് മാസം കേരളത്തിൽ പ്രളയസമാനമായ രീതിയിൽ തീവ്രമഴയും ഉരുൾപൊട്ടലുകളും ഉണ്ടായത് അപായ സൂചനതന്നെയാണ്.

## എങ്ങും തിരിച്ചടി

കേരളത്തിലെ ഉയർന്ന താപനില 2024 ൽ 38നും 42നും ഇടയിലായിരുന്നു. പരമ്പരാഗതമായി പാലക്കാട് ഉൾപ്പെടെയുള്ള മേഖലകളിലാണ് കൂടുതൽ ചൂട് അനുഭവപ്പെട്ടിരുന്നതെങ്കിൽ ഇപ്പോഴത് സ്ഥലമേഖലാ വ്യത്യാസമില്ലാതെ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. ഫാൻ നോക്കുവെസ്തുവാകവേ കൂടുതൽ പേർ എസിയെ ആശ്രയിക്കുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗത്തിൽ 500 - 600 മെഗാവാട്ട് വരെ വർദ്ധനയുണ്ടാകുമെന്നാണ് കെ.എസ്.ഇ.ബിയുടെ വിലയിരുത്തൽ. രാജ്യത്താകെ വൈദ്യുതിക്ഷാമം നിലനിൽക്കുകയാണ്. ആവശ്യമായ വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽ നിന്ന് ലഭിക്കുന്നില്ല. ചൂട് കൂടുന്നതോടെ ഉപഭോഗത്തിൽ വലിയ വർധനയുണ്ടാകും. നിലവിലെ ആവശ്യത്തിനുപോലും തികയാത്ത വിധത്തിലാണ് കേരളത്തിലെ വൈദ്യുതി ഉൽപാദനശേഷി എന്നിരിക്കെ കൂടുതൽ നിയന്ത്രണ നടപടികളിലേക്ക് കടക്കുന്നത് മറ്റൊരു ഇരുട്ടടിയായി മാറും.

കൽക്കരി ക്ഷാമം കണക്കിലെടുത്ത് രാജ്യത്തെ താപനിലയങ്ങൾ വൈദ്യുതി ഉത്പാദനം കുറച്ചതോടെ കേരളം കൂടുതൽ പ്രതിസന്ധിയിലാണ്. 36 ദശലക്ഷം വൈദ്യുതിയാണ് കേന്ദ്ര ഗ്രിഡിൽ നിന്നും പ്രതിദിനം ലഭിക്കുന്നത്. ഇതിൽ 12 ദശലക്ഷം യൂണിറ്റ് കുറഞ്ഞു. രാജ്യത്തെ 190 താപനിലയങ്ങളിൽ 50 എണ്ണവും പ്രവർത്തനം നിലയ്ക്കുന്ന സ്ഥിതിയിലാണ്. വൈകിട്ട് 6 നും 12നുമിടയിൽ ഇപ്പോൾതന്നെ ലോഡ് ഷെഡിംഗ് നടപ്പാക്കിയിട്ടുണ്ട്. വേനൽ ഈ രീതിയിൽ തുടരുന്ന സാഹചര്യത്തിൽ ലോഡ് ഷെഡിംഗിന്റെ ദൈർഘ്യം കൂട്ടേണ്ടിവരുന്ന അവസ്ഥയും അകലെയല്ല. നിർമ്മാണ രംഗത്തും വൈദ്യുതി നിയന്ത്രണം ബാധകമായതിനാൽ ആ രംഗത്തെ പുരോഗതിയെ ഇത് കാര്യമായി ബാധിക്കും.

മനുഷ്യരെ മാത്രമല്ല, നാട്ടിലെ മൃഗങ്ങളെയും കാട്ടിലെ വന്യമൃഗങ്ങളെയും വേനൽ പല രീതിയിലും കുഴപ്പത്തിലാക്കും. ജലാശയങ്ങൾ വരളുന്നതിനാൽ വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാനുള്ള സാദ്ധ്യത പ്രതിസന്ധിയുടെ ആഴം കൂട്ടുന്നതാണ്.

ആരോഗ്യമേഖലയിലാണ് ആഘാതമേറെ. ചൂട് ക്രമാതീതമായി കൂടിയതോടെ പലവിധ പകർച്ചവ്യാധികളുടെ പിടിയിലാണ് കേരളം. രണ്ടാഴ്ചയിലേറെ നീണ്ടുനിൽക്കുന്ന പനിയാണ് കാലാവസ്ഥാമാറ്റത്തിലൂടെ പലർക്കുമുണ്ടായത്. പനി, ജലദോഷം, ശ്വാസകോശ സംബന്ധ അസുഖങ്ങൾ, നിർജലീകരണം തുടങ്ങി പല വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും കുറച്ചു ദിവസങ്ങളായി കേരളത്തെ അലട്ടുകയാണ്.

താപനിലയിലെ മാറ്റം ഏറ്റവും അധികമായും വേഗത്തിലും ബാധിക്കുന്നത് കാർഷികരംഗത്തെയാണ്. വിളകളുടെ വളർച്ച, പൂക്കൽ, കായ്ക്കൽ എന്നിവയെയെല്ലാം അതിതാപം ദോഷകരമായി ബാധിച്ചുതുടങ്ങിയെന്നാണ് കർഷകർ പറയുന്നത്. മഴക്കുറവിനൊപ്പം കൂടിയ ചൂട് ഇക്കുറി നാണ്യവിളകൾക്കും പഴവർഗങ്ങൾക്കും വലിയ തിരിച്ചടിയായി മാറുമെന്നാണ് ആശങ്ക. താപനില ഉയരുന്നതോടെ കർഷകരും മത്സ്യത്തൊഴിലാളികളും തുടങ്ങി പകൽസമയങ്ങളിൽ വെയിലിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെയും അതിതാപം പ്രതികൂലമായി ബാധിക്കും.

ആഗോളതലത്തിൽ ശക്തിപ്രാപിക്കുന്ന സൂപ്പർ എൽനിനോ ഇന്ത്യൻ മഹാസമുദ്രത്തിന്റെ കാലാവസ്ഥാ ഭൂപടം മാറ്റിമറിച്ചതാണ് ഇത്തരത്തിൽ മഴക്കുറവും കഠിനതാപവും തീവ്രമഴയും മിന്നൽ പ്രളയവും സൃഷ്ടിക്കുന്നത്. താപനിലയിലെ ക്രമാതീതമായ ഉയർച്ച ഒറ്റപ്പെട്ട ഉഷ്ണകാല പ്രതിഭാസമായി കണക്കാക്കാനാകില്ല. മറിച്ച് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വന്ന മാറ്റമാണത്. കാർബൺ ഡൈഓക്സൈഡ്, മീഥെയ്ൻ തുടങ്ങിയ ഹരിതഗൃഹ വാതകങ്ങളുടെ വർധനയാണ് ഭൂമിയുടെ ശരാശരി താപനില ഉയരാൻ കാരണം. വനനശീകരണം, അതിദ്രുത നഗരവൽക്കരണം, ആഗോളതാപനമുൾപ്പെടെയുള്ള കാലാവസ്ഥാ വ്യതിയാനം എന്നിവ കാരണമാണ് കണ്ടുശീലമില്ലാത്ത കാലാവസ്ഥയുടെ രൗദ്രഭാവങ്ങൾ അനുഭവിക്കേണ്ടിവരുന്നത്.

## 'ഒമേഗ ബ്ലോക്ക്'

"മേഗ ബ്ലോക്ക്' എന്ന പ്രതിഭാസത്താൽ കനത്ത ഉഷ്ണതരംഗത്തിൽ വലഞ്ഞതിന്റെ തീവ്രഅനുഭവത്തിൽ നിന്ന് ഫ്രാൻസ്, ഇറ്റലി, ബ്രിട്ടൻ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങൾ ഇനിയും കര കയറിയിട്ടില്ല. കേരളത്തിലും ഇതേ ദുരവസ്ഥ വന്നുപെടുമോയെന്ന് യൂറോപ്പിലുള്ള മലയാളികൾ ഭയക്കുന്നു. ഫ്രാൻസിൽ 80 വർഷത്തിന് ശേഷം ഏറ്റവും ചൂടു കൂടിയ ദിവസങ്ങൾ ആണ് കടന്നുപോയത്. മുങ്ങിമരിച്ചത് 48 പേർ. കാറിനുള്ളിൽപെട്ട രണ്ട് കുട്ടികളടക്കം വേറെയും മരണങ്ങൾ റിപ്പോർട്ട് ചെയ്തു. പവർകട്ട് കാരണമുള്ള ചൂട് വേറെ. ഇറ്റലിയിൽ 16 നഗരങ്ങളിൽ താപനില മുന്നറിയിപ്പ് വന്നു. ബ്രിട്ടനിലും ചൂട് കൂടി. സ്പെയിനിലും മരണങ്ങൾ സംഭവിച്ചു. 2003 ഓഗസ്റ്റിലും ഉണ്ടായിരുന്നു ഇത്രയും തന്നെ ചൂട്. 16 ദിവസം നീണ്ടുനിന്നു. രേഖപ്പെടുത്തിയത് 80,000 മരണം.

മറ്റിടങ്ങളേക്കാൾ ചൂട് കൂടിവരുന്നുണ്ടായിരുന്നു യൂറോപ്പിൽ. കാലാവസ്ഥാ റിപ്പോർട്ടുകൾ മുന്നറിയിപ്പും നൽകുന്നുണ്ടായിരുന്നു. ഉഷ്ണതരംഗങ്ങളും കനത്ത മഴയും വെള്ളപ്പൊക്കവും പതിവായിട്ട് പതിറ്റാണ്ടുകളായി. മനുഷ്യന്റെ പ്രവൃത്തികൾ തന്നെയാണ് കാരണം. കുറച്ചുകാലമായി യൂറോപ്പിൽ ആൽബിഡോ പ്രഭാവവും കണ്ടുതുടങ്ങിയിരുന്നു. ഇതു മൂലം സൂര്യപ്രകാശം തിരികെ പ്രതിഫലിക്കുന്നു. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകുന്നതും യൂറോപ്പിൽ ചൂടുകൂടാൻ കാരണമാണ്. സമുദ്രങ്ങൾക്ക് മുകളിലെ വെളുത്ത മഞ്ഞുപാളികൾ പ്രകൃതിദത്തമായ എയർകണ്ടീഷണറാണ്. മഞ്ഞ് സൂര്യന്റെ ചൂട് പ്രതിഫലിപ്പിച്ച് തിരിച്ചയക്കുകയാണ് ചെയ്യുക. പക്ഷേ, മഞ്ഞില്ലാത്തതിനാൽ ധ്രുവപ്രദേശത്തെ സമുദ്രത്തിലേക്കാണ് സൂര്യപ്രകാശം വീഴുന്നത്. സമുദ്രം അത് ആഗിരണം ചെയ്യുന്നു. അങ്ങനെയും ചൂട് യൂറോപ്പ് വരെയെത്തും.

കാലാവസ്ഥാ വ്യതിയാനം ഒരു ദീർഘകാല പ്രതിഭാസമായി കണക്കാക്കി അതിനുള്ള മുന്നൊരുക്കങ്ങളും പരിഹാരക്രിയകളും നടത്തുകയാണ് വേണ്ടത്. ഹരിത മേഖലകളെ സംരക്ഷിക്കാനും നിലനിറുത്താനുമുള്ള വികസന നയങ്ങൾക്കു ഭരണകൂടങ്ങൾ മനസിരുത്തേണ്ടത് അനിവാര്യം. കേരളം നേരിടുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രതിസന്ധിയെക്കുറിച്ച് വിദഗ്ദ്ധ സംഘത്തിന്റെ പഠനവും ആവശ്യമാണെന്ന് കാര്യവിവരമുള്ളവർ പറയുന്നു. കേരളത്തിന്റെ താപനില നിയന്ത്രിച്ചുനിർത്തുന്നതിൽ പ്രകൃതിയുടെ വരദാനമായ പശ്ചിമഘട്ട മലനിരകളുടെ പ്രാധാന്യം ഏറെയാണ്. എന്നാൽ, വനനശീകരണം, ലക്കും ലഗാനുമില്ലാത്ത ഭൂവിനിയോഗം, നിർമാണപ്രവൃത്തികൾ, കൈയേറ്റം തുടങ്ങിയവ കാരണം പശ്ചിമഘട്ടം അതീവ ദുർബലമായി മാറിയിരിക്കുന്നു.

പശ്ചിമഘട്ട സംരക്ഷണത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ച അനുവദിച്ചാൽ കേരളം വൈകാതെ വലിയ വിഷമത്തിലാകുമെന്നു വ്യക്തം. സംസ്ഥാനത്ത് ജലസംരക്ഷണം പ്രഥമ പരിപാടിയായി നടപ്പാക്കേണ്ടതുണ്ട്. തുള്ളി വെള്ളംപോലും പാഴാക്കാൻ പാടില്ലെന്ന ശീലം കുട്ടികൾ മുതൽ മുതിർന്നവർ വരെ പിന്തുടരണം. മഴവെള്ള സംഭരണം നിയമമാക്കണം. ഒരു മരം മുറിക്കുമ്പോൾ പേരിന് നാല് മരം നടുകയല്ല, അത് പരിപാലിക്കാനുള്ള നിയമപരമായ ബാധ്യത ഉറപ്പാക്കണം. കുളങ്ങളും തണ്ണീർത്തടങ്ങളും നിയമം മൂലം സംരക്ഷിതമാക്കണം. പ്രാദേശിക ഹോട് സ്പോട്ടുകൾ കണ്ടെത്തി അതിനെ മറികടക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്ന രീതിയിൽ കാർഷിക മേഖലയിൽ നവീകരണം നടപ്പാക്കുക കൂടി വേണം. ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ അനിവാര്യമായ കർശന നടപടികൾക്കുള്ള പ്രേരണ അധികാരികൾക്കേകുമോ ഇപ്പോഴത്തെ കൊടും ചൂടെന്നതാണ് നിർണ്ണായക ചോദ്യം.



# വിവാദങ്ങൾ തട്ടമിട്ടിറങ്ങുമ്പോൾ





ആധുനിക സമൂഹത്തിൽ കാര്യമായി ചെലവാകാത്ത ഒന്നാണ് സ്ത്രീവിരുദ്ധത. അതിനെ എതിർക്കുകയും എതിർക്കാൻ വേണ്ടി എതിർക്കുകയും ചെയ്യുന്നവർ കൈകോർക്കുമ്പോൾ സ്ത്രീവിരുദ്ധ പരാമർശം നടത്തുന്നവർ ഒറ്റപ്പെടും. പറയുന്നത് കാന്തപുരം അബൂബക്കർ മുസലിയാർ ആണെങ്കിൽപ്പോലും. സ്വന്തം സമുദായത്തിൽ ഇരുചേരിയായി നിൽക്കുന്ന വിഭാഗങ്ങൾക്ക് കൊമ്പ് കോർക്കാൻ ഇടയ്ക്കിടെ ഇത്തരം ചില പരാമർശങ്ങൾ മതി.

കേരള രാഷ്ട്രീയത്തിന്റെ അടിത്തട്ടിൽ മുന്നണികൾക്ക് പിന്നിൽ വോട്ട് ബാങ്കായി നിലകൊള്ളുന്ന മതശക്തികൾ പുറപ്പെടുവിക്കുന്ന പ്രസ്താവനകൾ പലപ്പോഴും രാഷ്ട്രീയ ഇന്ധനമായി വർത്തിക്കാറുണ്ട്. അത് തെരഞ്ഞെടുപ്പ് കാലമാണെങ്കിൽ കൂടുതൽ ആളിക്കത്തും എന്നുമാത്രം. എങ്കിലും തങ്ങളോടുള്ള ബന്ധത്തിൽ രാഷ്ട്രീയ കക്ഷികൾ എവിടെ നിൽക്കുന്നു എന്നറിയാനുള്ള ഒരു ടെസ്റ്റ് ഡോസ് കൂടിയാണ് പലപ്പോഴും വിവാദ പരാമർശങ്ങൾ. ഇത്തരം പരീക്ഷണങ്ങൾക്കെതിരെ ജാഗ്രത പുലർത്തിയ നേതാവാണ് ഇ.എം.എസ് നമ്പൂതിരിപ്പാട്. സമുദായങ്ങളെ അടുപ്പിക്കുമ്പോൾ എത്രമാത്രം ശ്രദ്ധ വേണമെന്ന് ഇ.എം.എസ് പതിറ്റാണ്ടുകൾക്ക് മുമ്പ് നിലപാടെടുത്തത് ഇടതുപക്ഷത്ത് സൃഷ്ടിച്ച വിള്ളലുകൾക്ക് കേരളം സാക്ഷിയാണ്. ബദൽ രേഖ എഴുതി എം.വി.രാഘവനും മറ്റും പാർട്ടി വിട്ടത് അതിനു പിന്നാലെയാണ്.

സമസ്തയുടെ പേരിലൊരു രാഷ്ട്രീയ പ്രസ്ഥാനമെന്ന ആശയം മനസ്സിൽ കൊണ്ടുനടന്ന കാന്തപുരത്തിനും അനുയായികൾക്കും നല്ല അവസരം തെളിഞ്ഞു വന്നത് 1985ലെ ഷാബാനു ബീഗം കേസിനെ തുടർന്നുണ്ടായ ശരീഅത്ത് വിവാദം കേരളമെങ്ങും അലയടിച്ചതോടെയാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട് ശരീഅത്തിനെതിരെ പരസ്യനിലപാട് എടുത്തതോടെ മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെ സഖ്യം ചേർന്നിരുന്ന അഖിലേന്ത്യാ മുസ്ലിംലീഗ് സഖ്യം ഉപേക്ഷിക്കുകയും തുടർന്ന് രണ്ടു ലീഗുകളും ലയിച്ച് ശരീഅത്ത് സംരക്ഷണ പോരാട്ടം ശക്തമാക്കുകയും ചെയ്ത കാലമായിരുന്നു അത്.

മതനേതാവ് ആണെങ്കിലും കാന്തപുരത്തിന്റെ ഇടത് അനുകൂല രാഷ്ട്രീയം അതിനെ ആളിക്കത്തിക്കുകയും ചെയ്യും. എതിരാളികൾക്ക് എന്നും വിമർശിക്കാനുള്ള ഒരു വക ഇട്ടുകൊടുത്ത് കേരള രാഷ്ട്രീയത്തിൽ തന്നോടൊപ്പമുള്ള സമുദായാംഗങ്ങളുടെ കരുത്ത് തെളിയിക്കുക കാന്തപുരത്തിന് ഒരു ലഹരിയാണ്.

## മുഖം മറയ്ക്കാത്ത വിവാദം

കാന്തപുരത്തിന്റെ പ്രസ്താവന കേവലം സ്ത്രീവിരുദ്ധത മാത്രമല്ല; അത് ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവും ദേശവിരുദ്ധവുമാണെന്ന് ബി.ജെ.പി നേതാവ് പി.കെ. കൃഷ്ണദാസ് പറയുമ്പോഴാണ് അതിൽ രാഷ്ട്രീയം കടന്നുവരുന്നത്. മതരാഷ്ട്രവാദത്തിന്റെ ആദ്യ വെടിയൊച്ചയാണ് കാന്തപുരത്തിലൂടെ ഉയരുന്നതെന്നും ബി.ജെ.പി വിലയിരുത്തി. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി മാത്രമുള്ള അടവുനയത്തിന്റെ ഭാഗമാണ് മുഖ്യമന്ത്രി വി.ഡി. സതീശന്റെ കാന്തപുരത്തെ തിരുത്തിയുള്ള പ്രസ്താവന. അല്ലെങ്കിൽ, അക്കൂട്ടത്തിൽ മുസ്ലിംലീഗിനെയും തള്ളിപ്പറയാൻ മുഖ്യമന്ത്രി തയ്യാറാവണം. സ്ത്രീവിരുദ്ധ പരാമർശം രാഷ്ട്രീയ ഇന്ധനമാക്കുന്നതിന്റെ ഏറ്റവും വലിയ തെളിവ് !

പരമ്പരാഗത ഇസ്‌ലാമിക പണ്ഡിതൻ എന്ന നിലയിൽ കാന്തപുരം ഉയർത്തിപ്പിടിക്കുന്ന മതപരമായ നിലപാടുകൾ ഒരു വിഭാഗം സംരക്ഷിക്കുമ്പോൾ, മറുവിഭാഗം അത് ആധുനിക ജനാധിപത്യ മൂല്യങ്ങൾക്കും ലിംഗസമത്വത്തിനും വിരുദ്ധമാണെന്ന് വിമർശിക്കുന്നു.

മതം രാഷ്ട്രീയത്തിലിടപെടാൻ പാടുണ്ടോ, രാഷ്ട്രീയം മതത്തിലിടപെടാൻ പാടുണ്ടോ എന്ന ചർച്ചക്ക് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്.

ഇടയലേഖനങ്ങളിലൂടെ വോട്ടുരാഷ്ട്രീയത്തിൽ സജീവമായി ഇടപെടുന്ന ക്രിസ്തീയ പൗരോഹിത്യം സ്വീകരിക്കുന്ന ലൈനിലേക്ക് കേരളത്തിലെ മുസ്‌ലിം പൗരോഹിത്യവും കടന്നുവരുന്നതിന്റെ സൂചനകളാണോ മുസ്ലിം പണ്ഡിതരിലൂടെ പുറത്തേക്ക് വരുന്നത് എന്ന് ആശങ്കപ്പെടുന്നവരും ഇല്ലാതില്ല. പ്രത്യേകമായ വോട്ടുബാങ്കുകൾ സൃഷ്ടിച്ച് രാഷ്ട്രീയ പാർട്ടികളെ സമ്മർദത്തിലാക്കുന്ന തന്ത്രങ്ങൾ ചില മൗലാനമാർ ഉത്തരേന്ത്യയിൽ പയറ്റുന്നത് പലപ്പോഴും കണ്ടിട്ടുള്ളതാണ്. കേരളം അതിൽ നിന്നും ഭിന്നമായിരുന്നു. ഇസ്ലാമിക ആഘോഷങ്ങളിൽ തെരുവുകളിലോ വേദികളിലോ മറ്റ് പുരുഷന്മാർക്ക് മുന്നിൽ സ്ത്രീകളെ പ്രദർശിപ്പിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട്, സംസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ കാന്തപുരം മഹല്ലുകൾക്ക് സംയുക്തമായി ഒരു സർക്കുലർ പുറപ്പെടുവിച്ചതിലൂടെ കേരളം ഒരിക്കൽ കൂടി നവീകരിക്കപ്പെട്ടു !

ആ നവീകരണം മതങ്ങളുടെ കാഴ്ചപ്പാടും ആധുനിക സമൂഹത്തിന്റെ ചിന്താഗതിയും ഒരിക്കൽ കൂടി ചർച്ചയ്ക്ക് വയ്ക്കാൻ വഴിയൊരുക്കി. ഇത്തരം ചിന്താഗതികൾ നമ്മുടെ സമൂഹത്തിന്റെ കീഴ്ത്തട്ടിൽ ഇപ്പോഴും ഉറങ്ങിക്കിടക്കുന്നു എന്ന് പുതുതലമുറയെ ഓർമ്മിപ്പിക്കാനും ഇത് അവസരം ഒരുക്കി. ആ നിലയ്ക്ക് നോക്കിയാൽ കാന്തപുരം ഉയർത്തിയ വിവാദം,ദോഷത്തേക്കാൾ ഏറെ ഗുണമാണ് ചെയ്തത്.

## ചന്ദ്രികയിൽ അലിയുമോ?

സമസ്തയുടെ മുഖപത്രമായ സുപ്രഭാതവും മുസ്‌ലിം ലീഗിന്റെ മുഖപത്രമായ ചന്ദ്രികയും തമ്മിൽ നിലനിൽക്കുന്ന രാഷ്ട്രീയവും സംഘടനാപരവുമായ അഭിപ്രായവ്യത്യാസങ്ങൾ മുഖപ്രസംഗങ്ങളിലൂടെ പുറത്തുവരുമ്പോൾ കൊച്ചു കേരളത്തിൽ ഒരു സമുദായം ഉയർത്തുന്ന ഭിന്നസ്വരം വ്യക്തമായി കേൾക്കാം. ലീഗും സമസ്തയിലെ ഒരു വിഭാഗവും തമ്മിലുള്ള രാഷ്ട്രീയ ചേരിതിരിവാണ് ഇരുപത്രങ്ങളും തമ്മിലുള്ള വാർത്തായുദ്ധങ്ങൾക്ക് പിന്നിലുള്ള പ്രധാന കാരണം. മുൻകാലങ്ങളിൽ മുസ്‌ലിം ലീഗ് രാഷ്ട്രീയത്തോട് പൂർണ്ണമായും ചേർന്നുനിന്നിരുന്ന സമസ്തയുടെ ചില നേതാക്കളും അണികളും, സമീപകാലത്തായി ഇടത് മുന്നണിയോട് പുലർത്തുന്ന രാഷ്ട്രീയ അടുപ്പം പത്രങ്ങളിലെ ഉള്ളടക്കത്തിലും പ്രതിഫലിക്കാൻ തുടങ്ങി. ഇത് ഇരുപത്രങ്ങളും തമ്മിലുള്ള പരസ്യമായ വിയോജിപ്പുകൾക്ക് വഴിതുറന്നു.

അപ്പോഴാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയം ഉന്നം വെച്ച് അതിരിൽ വന്നു നിൽക്കുന്ന സംഘപരിവാര ശക്തികളുടെ സാന്നിധ്യം തിരിച്ചറിയുന്നത്. അതുകൊണ്ടാണ് സ്ത്രീവിരുദ്ധതയുടെ പേരിലാണെങ്കിലും സതീശൻ സർക്കാരിനെ തൊടാൻ ഞങ്ങൾ അനുവദിക്കില്ല എന്നൊരു പ്രഖ്യാപനവുമായി പി.കെ. കൃഷ്ണദാസ് എത്തിയത്. നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട സർക്കാരാണ് ഇപ്പോൾ ഭരിക്കുന്നത്. മതതീവ്രവാദികൾക്ക് നിയന്ത്രിക്കാൻ അതിനെ വിട്ടുകൊടുക്കില്ല എന്ന കൃഷ്ണദാസ വചനം ശ്രദ്ധേയമാണ്.

## ബി.ജെ.പി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖരവും രംഗത്തെത്തി

ഇത്തരം അഭിപ്രായങ്ങൾ ആദ്യമായല്ല കേൾക്കുന്നത്. എന്നാൽ കോൺഗ്രസ്-മുസ്ലിം ലീഗ് സർക്കാർ വി.ഡി. സതീശന്റെ നേതൃത്വത്തിൽ അധികാരത്തിലെത്തിയ കഴിഞ്ഞ 100 ദിവസത്തിനിടെ, ഇന്ത്യൻ ഭരണഘടനയ്ക്കും നിയമവാഴ്ചയ്ക്കും ഒരോ പൗരനും ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾക്കും വിരുദ്ധമായി കേരളത്തെ പിന്നോട്ടടിക്കാനുള്ള ശ്രമങ്ങൾ വർധിച്ചുവരികയാണ്' അദ്ദേഹം പറഞ്ഞു.

കാന്തപുരം മാത്രമല്ല, ഏതൊരു മത നേതാവും പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളോട് തൽക്ഷണം പ്രതികരിക്കാൻ കഴിയുന്ന ഒരു പൊതു സമൂഹം ഇവിടെ നിലനിൽക്കുകയും അത് ഒരു സംഘർഷത്തിലേക്ക് നീങ്ങാതിരിക്കുകയും ചെയ്യുന്നിടത്താണ്, കേരളം എക്കാലത്തും അഭിമാനത്തോടെ പറയാറുള്ള ആ സമത്വ സുന്ദര ഭൂമിക എന്ന ചിത്രം ഒരിക്കൽ കൂടി തെളിയുന്നത്. ഇടയ്ക്കിടെ അതിന്റെ മാറ്റുരയ്ക്കാൻ അവസരം തരുന്ന വൃദ്ധ നേതൃത്വങ്ങളോട് യുവതലമുറയ്ക്ക് നന്ദി പറയാം.

◗ പ്രജിത്ത് രാജ്






# വേതാളമരത്തിലെ കൂട്ടുകാരും ബസ് സ്റ്റോപ്പിലെ പ്രണയപ്പകയും

**മോഹൻലാലിന്റെയും പ്രിയദർശന്റെയും പഴയകാല കോളേജ് ജീവിതത്തിലെ ശത്രുതയും സൗഹൃദവും വിവരിക്കുന്ന ഒരു കുറിപ്പാണ് ഈ അധ്യായത്തിലുള്ളത്. സിദ്ധന്റെ ആശ്രമത്തിൽ വെച്ച് മോഹൻലാലിന്റെ മനസ്സിലുണ്ടാകുന്ന മാറ്റങ്ങളും, പ്രിയദർശനോടുള്ള പകയും കോളേജിലെ വേതാളക്കൂട്ടത്തിന്റെ വിശേഷങ്ങളും ഇതിൽ രസകരമായി വിവരിക്കുന്നു. ബസ്സിലെ ചെറിയ തർക്കങ്ങളും പ്രണയവഴികളും മറ്റുമായി ഇരുവർക്കുമിടയിലുള്ള വൈരാഗ്യം നീണ്ടപോകുന്നതാണ് ഇതിന്റെ പ്രധാന പ്രമേയം.**



CELEBRATING 48 MOHANLAL YEARS

## വിസ്മയനടനം 03



ജോഷി ജോർജ്

ആ സിദ്ധന്റെ ആശ്രമവും ജീവിതരീതിയും മോഹൻലാലിന് വലിയ തോതിൽ ബോധിച്ചു. കഥകളിലൂടെയും ഉപദേശങ്ങളിലൂടെയും ഒട്ടേറെ സാരോപദേശങ്ങളാണ് സിദ്ധൻ ലാലിന് പറഞ്ഞു കൊടുത്തത്. അദ്ദേഹത്തിന്റെ വാക്കുകൾ തികഞ്ഞ ശ്രദ്ധയോടെ കേട്ടിരിക്കുന്നതിനിടയിലാണ് ലാൽ ആ കാഴ്ച കണ്ടത്. സിദ്ധന്റെ കുടുമയ്ക്കുള്ളിൽ ഒരു ഗണപതി വിഗ്രഹം ഇരിക്കുന്നു!

അതിലേക്ക് സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കെ ലാലിൽ പുതിയൊരു ചൈതന്യവും ഊർജ്ജവും നിറഞ്ഞു. ഹൃദയത്തിൽ അടിഞ്ഞുകൂടിയിരുന്ന കോപവും ശ്വാസംമുട്ടലുമെല്ലാം അലിഞ്ഞില്ലാതാകുന്നതുപോലെ തോന്നി. കുറച്ചു ദിവസത്തേക്ക് എങ്ങനെയെങ്കിലും ഒരു സിദ്ധനാകണം എന്ന ഒരൊറ്റ ചിന്ത മാത്രമേ ലാലിന്റെ മനസ്സിൽ ഉണ്ടായിരുന്നുള്ളൂ.

കാര്യങ്ങൾ അറിഞ്ഞ അമ്മാവൻ ലാലിനെ ഉപദേശിച്ചു:

''സിദ്ധിയുള്ളവനാകണമെങ്കിൽ ആദ്യം നല്ല വിദ്യാഭ്യാസം വേണം. അതുകൊണ്ട് മോൻ ഇപ്പോൾ പഠനകാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുക.''

അങ്ങനെ ഒരു പുതിയ മനുഷ്യനായാണ് ലാൽ ആലപ്പുഴയിൽ നിന്നും തിരികെ എത്തിയത്. പ്രിയദർശനോടുള്ള ശത്രുത പോലും മനസ്സിൽ നിന്നും എവിടെയോ പോയ്മറഞ്ഞിരുന്നു. എന്നാൽ, സ്കൂൾ തുറന്ന് ഏതാനും ദിവസങ്ങൾക്കകം തന്നെ ലാലും പ്രിയനും വീണ്ടും ഉടക്കാൻ തുടങ്ങി.

അതോടെ പഴയ ശത്രുത പണ്ടത്തേക്കാൾ ശക്തമായി ഇരുവരിലും തിരിച്ചെത്തി. ഇതിനിടയിലാണ് മോഹൻലാലിന് പ്രദീപ് എന്നൊരു പുതിയ കൂട്ടുകാരനെ ലഭിക്കുന്നത്. അവർ രണ്ടുപേരും ഒന്നിച്ച് ഒരു ജിംനേഷ്യത്തിൽ ചേർന്നു.

ആ ശാരീരിക ബലത്തിന്റെ ധൈര്യത്തിൽ പ്രിയദർശനെ വിരട്ടാൻ ലാൽ പലതവണ ശ്രമിച്ചു. ഇവരുടെ വഴക്ക് ഏതാണ്ട് ഒരു കുടിപ്പക പോലെയാണ് വളർന്നത്. പ്രിയദർശൻ പത്താം ക്ലാസ് പാസായി. തുടർന്ന് പ്രീഡിഗ്രി (ഇന്റർമീഡിയറ്റ്) പഠനത്തിനായി യൂണിവേഴ്സിറ്റി കോളേജിൽ ചേർന്നു. അതോടെ മോഹൻലാലും പ്രിയദർശനും തമ്മിലുള്ള വഴക്കുകളെല്ലാം അവസാനിച്ചുവെന്നാണ് പലരും കരുതിയത്.

എന്നാൽ തൊട്ടടുത്ത വർഷം എസ്.എസ്.എൽ.സി പാസായ മോഹൻലാൽ എം.ജി. കോളേജിലാണ് ചേർന്നത്. പഠനം രണ്ടു വ്യത്യസ്ത കോളേജുകളിലായിരുന്നെങ്കിലും, ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇവർക്ക് ഒരുമിച്ചു കൂടേണ്ടി വന്നു. അവിടെയും രണ്ടുപേരും രണ്ടു ടീമുകളിലായിരുന്നു!

പണ്ട് സ്കൂൾ ബസ്സിൽ ഉണ്ടായിരുന്ന ശത്രുത ക്രിക്കറ്റ് ഗ്രൗണ്ടിൽ എത്തിയപ്പോൾ പതിന്മടങ്ങ് ശക്തിപ്പെട്ടു. കളിയിൽ മാത്രമല്ല, വാക്പോരിലും ഇരുവരും കരുത്തു കാട്ടി. കോഴിക്കൂട്ടിലെ പോരുകോഴികളെപ്പോലെയായിരുന്നു അവരുടെ വീര്യം. തികച്ചും നിസ്സാരമായ കാര്യങ്ങളിൽ പിടിച്ചായിരിക്കും പലപ്പോഴും വഴക്ക് തുടങ്ങുക .എം.ജി. കോളേജിലെ ഓപ്പൺ എയർ തിയേറ്ററായിരുന്നു മോഹൻലാലിന്റെയും ചങ്ങാതിമാരുടെയും പ്രധാന താവളം. അതിനടുത്തായി ഒരു വലിയ മരമുണ്ടായിരുന്നു. കുട്ടികൾ ആ മരത്തെ ''വേതാളമരം'' എന്നാണ് വിളിച്ചിരുന്നത്. വിക്രമാദിത്യൻകഥകളിലെ വേതാളം തലകീഴായിതൂങ്ങിക്കിടക്കുന്നതപോലെ, പത്തുപതിനെട്ട് ''വേതാളങ്ങൾ'' (വിദ്യാർത്ഥികൾ) എപ്പോഴും ആ മരത്തിൽ കാണും.

ക്ലാസിൽ അധ്യാപകർ സജീവമായി ലക്ചർ നടത്തിക്കൊണ്ടിരിക്കമ്പോൾ പോലും, ഈ അഭിനവ വേതാളങ്ങൾ ക്ലാസ് കട്ട് ചെയ്ത് മരക്കൊമ്പുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ടാകും. മരത്തിനു സമീപത്തുകൂടി ആരുപോയാലും ഈ വേതാളക്കൂട്ടം വെറുതെ വിടാറില്ലായിരുന്നു. പോകുന്നവർക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്ക്, അവർ കേൾക്കെ പല കമന്റുകളും പാസാക്കും.

മാന്യമായ രീതിയിൽ പറയാൻ ശ്രമിക്കുമെങ്കിലും ചിലപ്പോഴൊക്കെ അത് വഴിമാറിപ്പോകാറുണ്ട്. എങ്കിലും, പെൺകുട്ടികൾക്കോ ആൺകുട്ടികൾക്കോ ഈ വേതാളങ്ങളെക്കുറിച്ച് യാതൊരു പരാതിയും ഉണ്ടായിരുന്നില്ല. പെൺകുട്ടികൾ ഇവരുടെ രസകരമായ കമന്റുകൾ കേൾക്കാൻ വേണ്ടിത്തന്നെ താറാവുകൂട്ടങ്ങളെപ്പോലെ ആ വേതാളമരത്തിനു ചുറ്റും പലതവണ കറങ്ങി നടക്കുമായിരുന്നു.



*മോഹൻലാൽ മാതാപിതാക്കളോടൊപ്പം*

വേതാളവൃക്ഷത്തിന്റെ പരിസരത്തുകൂടി പോകുന്നവർക്കെല്ലാം മനോഹരമായ ഇരട്ടപ്പേരുകൾ ഇടുക എന്നത് ഈ കൂട്ടത്തിന്റെ ഒരു പ്രധാന വിനോദമായിരുന്നു. ഓരോരുത്തരുടെയും പ്രത്യേകതകൾ സൂക്ഷ്മമായി നിരീക്ഷിച്ച ശേഷമേ അവർ ഇരട്ടപ്പേര് നൽകാറുള്ളൂ. ഹൗസിംഗ് ബോർഡ് ചെയർപേഴ്സൺ, ഡൺലപ്, മീശശ്രീ, കുറുമാ, കുറന്തോട്ടി, കുറിഞ്ഞിപ്പൂച്ച, തൊട്ടാവാടി... എന്നിങ്ങനെ നീളുന്നു ആ പേരുകൾ. ഇതിന് വേതാളങ്ങളുടേതായ ചില യോഗ്യതാ മാനദണ്ഡങ്ങളുമുണ്ടായിരുന്നു.

ശരീരത്തിന്റെ പ്രത്യേകത, നടപ്പ്, എടുപ്പ്, നോട്ടം എന്നിവയെല്ലാം നോക്കിയാണ് ഇരട്ടപ്പേരുകൾ നിശ്ചയിച്ചിരുന്നത്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും, പരിധി വിട്ട് ആരെയും കളിയാക്കുന്ന കാര്യത്തിൽ മോഹൻലാൽ ഒട്ടും കൂട്ടുനിൽക്കാറില്ലായിരുന്നു. എന്ന് മാത്രമല്ല, ആരെങ്കിലും അതിരുവിട്ടാൽ അവരെ ശാസിക്കാനും ലാൽ മടിച്ചില്ല. എന്തുകൊണ്ടാണ് ലാൽ ഇങ്ങനെ പെരുമാറുന്നതെന്ന് ചില വേതാള സുഹൃത്തുക്കൾ അവനോട് ചോദിച്ചു.

ലാൽ അവരോട് പറഞ്ഞു: ''എടേയ്... യഥാർത്ഥ ജീവിതത്തിൽ എനിക്ക് ഒരു സഹോദരൻ മാത്രമാണുള്ളത്, സഹോദരിമാരില്ല. അതുകൊണ്ടു തന്നെ പല പെൺകുട്ടികളെയും കാണുമ്പോൾ, അവർ എന്റെ ചേച്ചിയോ അനിയത്തിയോ ആയിരുന്നെങ്കിൽ എന്ന് എനിക്ക് തോന്നിപ്പോകും...!''

ചെറുപ്പം മുതൽക്കേ എല്ലാ പെൺകുട്ടികളോടും ഒരുതരം സഹോദരതുല്യമായ അടുപ്പമാണ് ലാലിനുണ്ടായിരുന്നത്. വെറുമൊരു അടുപ്പമല്ല, ഒരു പ്രത്യേകതരം മമത. ഒരു കാര്യത്തിൽ ആ വേതാളക്കൂട്ടത്തെ സമ്മതിച്ചു കൊടുക്കണം. പെൺകുട്ടികളുടെ കാര്യത്തിൽ ആ പതിനെട്ടംഗ സംഘത്തിന്റെ പൊതുസ്വഭാവം ഏതാണ്ട് ഒരുപോലെയായിരുന്നു. പ്രണയം, പ്രേമാഭ്യർത്ഥന, ലൗ ലെറ്റർ കൊടുക്കൽ തുടങ്ങിയ വിലകുറഞ്ഞ ഏർപ്പാടുകളൊന്നും അവർക്കിടയിൽ ഉണ്ടായിരുന്നില്ല. എന്നാൽ പ്രണയിക്കുന്നവരോട് ഈ വേതാളക്കൂട്ടത്തിന് യാതൊരു വിരോധവുമില്ലായിരുന്നു.

കോളേജിലെ പ്രേമലോലുപരായ പെൺകുട്ടികളും പ്രണയ ജോഡികളും അല്പം സംസാരിച്ചിരിക്കാനും സമയം ചെലവഴിക്കാനും ഇടം തേടി എത്തിയിരുന്നത് പലപ്പോഴും ഈ വേതാളമരത്തിന്റെ തണലിലായിരുന്നു. പക്ഷേ, ആ പ്രണയ ജോഡികൾ ആദ്യമേ തന്നെ ഈ വേതാളക്കൂട്ടത്തിൽ നിന്ന് ഒരു ''നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്'' വാങ്ങിയിരിക്കണം! അതില്ലെങ്കിൽ ഈ വേതാളങ്ങൾ സ്വർഗ്ഗത്തിലെ കട്ടുറുമ്പുകളല്ല, കാട്ടുമാക്കാനുകൾ തന്നെയായി മാറും. അതുകൊണ്ട് പ്രണയിക്കാൻ ലേണേഴ്സ് ലൈസൻസിനുള്ള അപേക്ഷയുമായി കന്നിക്കാർ ഈ വേതാളക്കൂട്ടത്തെയാണ് ആദ്യം സമീപിച്ചിരുന്നത്.

ഒട്ടുമിക്ക പേർക്കും പ്രണയത്തിന്റെ പ്രഥമാക്ഷരങ്ങളും പ്രണയമന്ത്രങ്ങളും പഠിപ്പിച്ചു കൊടുത്തിരുന്നതും ഈ സംഘം തന്നെയായിരുന്നു. ഇത്തരം വിനോദങ്ങൾക്കിടയിലും പ്രണയവും പ്രതികാരവും ലാലിന്റെയും പ്രിയദർശന്റെയും ഇടയിൽ ഒരു ചുഴലിക്കാറ്റായി രൂപംകൊള്ളുന്നുണ്ടായിരുന്നു. പ്രിയദർശന് എങ്ങനെയെങ്കിലും നല്ലൊരു പണി കൊടുക്കണം എന്ന് ലാൽ തീരുമാനിച്ചു. പതിനെട്ടംഗ വേതാളസംഘത്തെ അതിനായി ഉപയോഗിക്കാനായിരുന്നു ലാലിന്റെ പദ്ധതി. ഒടുവിൽ ലാൽ തന്റെ ആഗ്രഹം ചങ്ങാതിക്കൂട്ടത്തോട് തുറന്നുപറഞ്ഞു. വേതാളക്കൂട്ടം പ്രിയന്റെ വിഷയം ദീർഘമായി ചർച്ച ചെയ്തു.

പ്രിയനെതിരെ ഒരു യുദ്ധപ്രതീതി തന്നെ സൃഷ്ടിച്ച്, എങ്ങനെയൊക്കെ അവനെ പൂട്ടാൻ സാധിക്കുമോ ആ വഴികളിലെല്ലാം ആഞ്ഞടിക്കണം എന്നായിരുന്നു തീരുമാനം. എന്നാൽ കാര്യങ്ങൾ ഗൗരവമായി നീങ്ങുന്നത് അറിഞ്ഞപ്പോൾ വേതാളക്കൂട്ടത്തിലെ ചില വമ്പന്മാർ തടിയൂരി മുങ്ങി. ഒടുവിൽ കാര്യത്തോട് അടുത്തപ്പോൾ പതിനെട്ട് പേരുണ്ടായിരുന്ന സംഘത്തിൽ വെറും രണ്ടു പേർ മാത്രമായി അവശേഷിച്ചു! ഒന്ന് മോഹൻലാലും, മറ്റേയാൾ സനലും. ലാൽ എന്തുപറയുന്നോ അത് അക്ഷരംപ്രതി ചെയ്യാൻ തയ്യാറായി സനൽ ഉറച്ചുനിന്നു.

മറ്റുള്ളവർ ലാലും പ്രിയനും തമ്മിലുള്ള കടുത്ത ശത്രുതയുടെ കഥ കേട്ടപ്പോൾ, തങ്ങൾക്ക് പണി കിട്ടാൻ സാധ്യതയുള്ള ഈ പരിപാടിയിൽ നിന്ന് പിന്മാറുന്നതാണ് നല്ലതെന്ന് തീരുമാനിക്കുകയായിരുന്നു. അവരെല്ലാവരും ചേർന്ന് സനലിനെ ബ്രെയിൻവാഷ് ചെയ്തതോടെ ഒടുവിൽ സനലും ആ ദൗത്യത്തിൽ നിന്ന് പിന്മാറി. അതിന് മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു; സനൽ പ്രിയദർശന്റെ ഒരു ബന്ധുകൂടിയായിരുന്നു. അതോടെ, പ്രിയദർശനെ പൂട്ടാനുള്ള ലാലിന്റെ ആ പദ്ധതി പാളിപ്പോയി. അങ്ങനെയിരിക്കമ്പോഴാണ് പ്രിയദർശന് ഒരു പ്രണയമുണ്ടെന്ന കാര്യം ലാൽ അറിയുന്നത്. ഒരുനാൾ ലാൽ തന്നെ അതിന് നേരിട്ട് സാക്ഷിയാവുകയും ചെയ്തു.

പ്രിയദർശനും മോഹൻലാലും ഒരേ ബസ്സിലായിരുന്നു കോളേജിൽ പോയിരുന്നത്. ആ ബസ്സിൽ തന്നെയാണ് പ്രിയന്റെ പ്രേമഭാജനവും കയറിയിരുന്നത്, കൃത്യമായി പറഞ്ഞാൽ ജഗതി ഡി.പി.ഐ ജങ്ഷനിൽ നിന്ന്. അവൾക്കായി പ്രിയൻ നേരത്തെ തന്നെ ബസ്സിൽ ഒരു സീറ്റ് ബുക്ക് ചെയ്ത് വെക്കുമായിരുന്നു. ഈ ഏർപ്പാട് അറിഞ്ഞതുമുതൽ ലാൽ എന്ത് ചെയ്തു എന്നോ? അവൾക്ക് ആ സീറ്റിൽ ഇരിക്കാൻ പറ്റാത്ത വിധം പ്രശ്നങ്ങൾ ഉണ്ടാക്കുക എന്നതായിരുന്നു ലാലിന്റെ പണി.

അതിനുവേണ്ടി ലാൽ തന്റെ ചങ്ങാതിയായ പ്രദീപിനെ കൂട്ടുപിടിക്കും. പ്രദീപ് എന്തെങ്കിലും കാരണം ഉണ്ടാക്കി പ്രിയദർശനുമായി ബസ്സിൽ വെച്ച് വാക്കു തർക്കത്തിൽ ഏർപ്പെടും. പിന്നീട് അത് വലിയൊരു വഴക്കായി കലാശിക്കും. ഇതിനിടയിൽ ആ പെൺകുട്ടിക്ക് എങ്ങനെ പ്രിയൻ ബുക്ക് ചെയ്തിരിക്കുന്ന സീറ്റിൽ വന്നിരിക്കാൻ കഴിയും?

വൈകുന്നേരങ്ങളിൽ പ്രിയദർശനെ ഈ ബസ്സിൽ കയറ്റാൻ ലാലും കൂട്ടരും സമ്മതിക്കില്ലായിരുന്നു. പ്രിയൻ ബസ്സിന് കൈ കാണിക്കുമ്പോഴേക്കും മോഹൻലാലിന്റെ കൂട്ടുകാർ ആരെങ്കിലും ബസ് നിർത്താതെ പോകാനായി ''ഡബിൾ ബെൽ'' അടിക്കും. അങ്ങനെ ബസ് നിർത്താതെ പോകും. ഈ കളി കുറച്ചുദിവസം തുടർന്നപ്പോൾ, പ്രിയൻ തന്റെ സുഹൃത്തുക്കളെ കൂട്ടി ബസ് തടഞ്ഞുനിർത്തി അകത്തുകയറി. പ്രിയൻ ബസ്സിലേക്ക് കാൽ എടുത്തു വെക്കുമ്പോഴേക്കും ലാലും കൂട്ടരും വലിയ രീതിയിൽ കൂക്കിവിളിക്കാൻ തുടങ്ങും.

അടുത്ത പടിയായി പ്രിയന്റെ കാമുകിയെ എങ്ങനെയെങ്കിലും നാണം കെടുത്താനുള്ള വഴികളെക്കുറിച്ചായി ആലോചന. പ്രിയനോട് തീർത്താൽ തീരാത്ത പകയുണ്ടായിരുന്നെങ്കിലും, അവന്റെ കാമുകിയോട് അതിരുവിട്ട് പെരുമാറാൻ ലാലിന്റെ ആത്മാഭിമാനവും അന്തസ്സും അനുവദിച്ചില്ല.

(തുടരും)

# ‘മൈ ഫീഡ്, മൈ വേ’: ഉപയോക്താക്കൾക്ക് ഡിജിറ്റൽ നിയന്ത്രണാധികാരം നൽകുന്ന പുതിയ ആഗോള നിയമ നിർമ്മാണങ്ങൾ വരുന്നു!

ക്യാൻബറയിൽ വെച്ച് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസും വാർത്താവിനിമയ മന്ത്രി അനിക വെൽസും സംയുക്തമായി പുറത്തിറക്കിയ ചരിത്രപരമായ നിയമ നിർമ്മാണ കരട് പ്രകാരം, ഡിജിറ്റൽ ലോകത്തെ വൻകിട ടെക് കമ്പനികൾക്ക് വൻ തിരിച്ചടി നൽകുന്ന അടിയന്തിര തീരുമാനങ്ങളാണ് പുറത്തുവന്നിരിക്കുന്നത്.

മെറ്റാ, ഇൻസ്റ്റാഗ്രാം, ടിക് ടോക്ക്, യൂട്യൂബ്, എക്സ് എന്നീ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലെ ഉപയോക്താക്കളുടെ സ്വഭാവം നിരീക്ഷിച്ച് ഉള്ളടക്കങ്ങൾ കാണിക്കുന്ന ‘പേഴ്സണലൈസ്ഡ് അൽഗോരിതങ്ങൾ’ ഓഫാക്കാനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം ജനങ്ങൾക്ക് നൽകാൻ ഓസ്ട്രേലിയ നിയമ നിർമ്മാണം ആവിഷ്കരിച്ചു.



‘മൈ ഫീഡ്, മൈ വേ’ എന്ന് പേരിട്ടിരിക്കുന്ന ഈ പുതിയ പ്ലാൻ വഴി, ആപ്ലിക്കേഷൻ തുറക്കുമ്പോൾ അൽഗോരിതം നിർദ്ദേശിക്കുന്ന പ്രകോപനപരമായ വീഡിയോകൾ കാണണോ അതോ തങ്ങൾ ഫോളോ ചെയ്യുന്ന സുഹൃത്തുക്കളുടെയും ക്രിയേറ്റർമാരുടെയും പോസ്റ്റുകൾ മാത്രം കാണണോ എന്ന് ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാം. ഡിജിറ്റൽ ഡ്യൂട്ടി ഓഫ് കെയർ നിയമങ്ങൾ ലംഘിക്കുന്ന വിദേശ കമ്പനികൾക്ക് 10 കോടി ഓസ്ട്രേലിയൻ ഡോളറിലധികം (ഏകദേശം 570 കോടി ഇന്ത്യൻ രൂപ) പിഴ ചുമത്തുമെന്നാണ് മുന്നറിയിപ്പ്.

### അൽഗോരിതം നിയന്ത്രണങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെ?

ഉപയോക്താക്കളുടെ ഡിജിറ്റൽ സ്വാതന്ത്ര്യം തിരികെ നൽകാൻ ലക്ഷ്യമിട്ട് പ്ലാറ്റ്ഫോമുകളുടെ ഉൽപ്പാദന രീതിയിലാണ് ഗവൺമെന്റ് അടിയന്തിര മാറ്റങ്ങൾ വരുത്തുന്നത്.

**1. അൽഗോരിതം ഓഫാക്കാനുള്ള ‘സ്വിച്ച് ഓൺഓഫ്’ സംവിധാനങ്ങൾ**

പുതിയ നിയമം നിലവിൽ വരുന്നതോടെ സോഷ്യൽ മീഡിയ ആപ്ലിക്കേഷനുകൾ തുറക്കമ്പോൾ തന്നെ പുതിയ ഉപയോക്താക്കൾക്കും നിലവിലുള്ളവർക്കും കൃത്യമായ ഒരറിയിപ്പ് ലഭിക്കും. ഉപയോക്താവിന് താൽപ്പര്യമുണ്ടെങ്കിൽ മാത്രം അൽഗോരിതം അധിഷ്ഠിത ഉള്ളടക്കങ്ങൾ തിരഞ്ഞെടുക്കാം, അല്ലെങ്കിൽ അവ പൂർണ്ണമായി ഓഫാക്കി തങ്ങൾ പിന്തുടരുന്ന അക്കൗണ്ടുകളിൽ നിന്നുള്ള വിവരങ്ങൾ മാത്രം തീയതി ക്രമത്തിൽ കാണാൻ സാധിക്കും. ഏത് നിമിഷവും ഉപയോക്താവിന് ഈ അനുമതി മാറ്റാനും സ്വാതന്ത്ര്യമുണ്ടാകും.

**2. 16 വയസ്സിന് താഴെയുള്ളവർക്ക് അൽഗോരിതം സമ്പൂർണ്ണമായി നിരോധിക്കും**

2025 ഡിസംബറിൽ 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിന് ആഗോളതലത്തിൽ ആദ്യമായി വിലക്കേർപ്പെടുത്തിയ രാജ്യമാണ് ഓസ്ട്രേലിയ. നിലവിലെ പുതിയ ഭേദഗതി പ്രകാരം, 16 നും 18 നും ഇടയിൽ പ്രായമുള്ള കൗമാരക്കാരുടെ ഫീഡുകളിൽ നിന്നും തുടർച്ചയായ അഡിക്ഷൻ ഉണ്ടാക്കുന്ന ‘ഇൻഫിനിറ്റ് സ്ക്രോളിംഗ്’ രീതികളും, ഭക്ഷണക്രമ വൈകല്യങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള വിദ്വേഷ പ്രചാരണങ്ങൾ, കുറ്റകൃത്യങ്ങളെ മഹത്വവത്കരിക്കുന്ന ഉള്ളടക്കങ്ങൾ എന്നിവ കാണിക്കുന്ന അൽഗോരിതങ്ങൾ കമ്പനികൾ നിർബന്ധമായും നീക്കം ചെയ്യേണ്ടി വരും.

**3. ബിഗ് ടെക് കമ്പനികളുടെ വൻകിട സാമ്പത്തിക ചോർച്ചകൾ**

സോഷ്യൽ മീഡിയ ഭീമന്മാരായ മെറ്റയും ടിക് ടോക്കും തങ്ങളുടെ ആഗോള പരസ്യ വരുമാനത്തിന്റെ വലിയൊരു പങ്കും കണ്ടെത്തുന്നത് ഉപയോക്താക്കളെ സ്ക്രീനിൽ തളച്ചിടുന്ന അൽഗോരിതം ഡാറ്റ വഴിയാണ്. അൽഗോരിതങ്ങൾ ഉപയോക്താക്കൾ ഓഫാക്കുന്നതോടെ പ്ലാറ്റ്ഫോമുകളിൽ ആളുകൾ ചെലവഴിക്കുന്ന സമയം കുറയുകയും, കൃത്യമായ വ്യക്തിഗത പരസ്യങ്ങൾ നൽകാൻ സാധിക്കാതെ വരികയും ചെയ്യും. ഇത് ശതകോടികളുടെ ബിസിനസ്സ് നഷ്ടമാണ് വിദേശ കമ്പനികൾക്ക് വരുത്തിവെക്കുക.

**4. പ്രീമിയം എൻജിനീയറിംഗ് മാറ്റങ്ങളും സാങ്കേതിക വെല്ലുവിളികളും**

ഓരോ രാജ്യത്തിനും പ്രത്യേകം ഫീഡ് സിസ്റ്റങ്ങൾ ഡിസൈൻ ചെയ്യുക എന്നത് കമ്പനികൾക്ക് അത്യാധുനിക സാങ്കേതിക വെല്ലുവിളിയാണ്. ഓസ്ട്രേലിയൻ വിപണിക്ക് വേണ്ടി മാത്രം തങ്ങളുടെ പ്രധാന കോഡിംഗുകളിൽ മാറ്റങ്ങൾ വരത്തേണ്ടി വരുന്നത് കമ്പനികളുടെ പ്രവർത്തനച്ചെലവുകൾ കുത്തനെ കൂട്ടും. ഇതിന് വഴങ്ങാത്ത വിദേശ കമ്പനികളുടെ ആപ്പുകൾ രാജ്യത്ത് നിരോധിക്കാൻ വരെ സർക്കാരിന് പുതിയ ചട്ടപ്രകാരം അധികാരമുണ്ട്.

### ആഗോള ഡിജിറ്റൽ വിപണിയിലും മറ്റ് രാഷ്ട്രങ്ങളിലും ഉണ്ടാകുന്ന തരംഗങ്ങൾ

ഓസ്ട്രേലിയ കൊണ്ടുവരുന്ന ഈ വിപ്ലവകരമായ നിയമം ലോകമെമ്പാടുമുള്ള മറ്റ് രാജ്യങ്ങൾക്കും മാതൃകയാവുകയാണ്.

**1. യൂറോപ്യൻ യൂണിയനിലെയും മറ്റ് രാജ്യങ്ങളിലെയും മാറ്റങ്ങൾ**

യൂറോപ്യൻ യൂണിയൻ തങ്ങളുടെ ഡിജിറ്റൽ സർവീസസ് ആക്ട് വഴി സമാനമായ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടെങ്കിലും, അൽഗോരിതം പൂർണ്ണമായി നിർവീര്യമാക്കാനുള്ള ഓസ്ട്രേലിയൻ മാതൃക യുകെ, ഫ്രാൻസ്, ഡെന്മാർക്ക്, ന്യൂസിലാൻഡ് എന്നീ രാഷ്ട്രങ്ങളും പകർത്തി എഴുതാൻ ഒരുങ്ങുകയാണ്. മറ്റ് രാജ്യങ്ങളും ഈ നിയമം നടപ്പിലാക്കിയാൽ ബിഗ് ടെക് പ്ലാറ്റ്ഫോമുകളുടെ ആഗോള കുത്തക തകരും.

**2. ഡാറ്റാ സ്വകാര്യതയും ഉപയോക്തൃ ആരോഗ്യ സംരക്ഷണവും**

മാനസികാരോഗ്യ വിദഗ്ദ്ധരുടെ വലിയ പിന്തുണയാണ് ഈ നിയമത്തിന് ലഭിക്കുന്നത്. അൽഗോരിതങ്ങൾ പ്രകോപനപരമായ സന്ദേശങ്ങളും വ്യാജ വാർത്തകളും നിരന്തരം കാണിക്കുന്നത് വഴി ചെറുപ്പക്കാരിൽ വിഷാദരോഗവും വംശീയ വിദ്വേഷങ്ങളും വർദ്ധിക്കുന്നുവെന്ന പഠനങ്ങൾ മുൻനിർത്തിയാണ് സർക്കാർ ഈ നടപടി സ്വീകരിച്ചത്. ഉപയോക്താക്കൾക്ക് തങ്ങളുടെ മാനസിക ഘടന സുരക്ഷിതമായി സൂക്ഷിക്കാൻ ഇത് വഴിയൊരുക്കും.

**3. സ്വതന്ത്ര അഭിപ്രായ സ്വാതന്ത്ര്യവും രാഷ്ട്രീയ തർക്കങ്ങളും**

ഈ പുതിയ ചട്ടത്തിനെതിരെ ഓസ്ട്രേലിയയിലെ ചില പ്രതിപക്ഷ നേതാക്കൾ എതിർപ്പുമായി രംഗത്തെത്തിയിട്ടുണ്ട്. ഉപയോക്താക്കളുടെ ഫീഡുകൾ ഗവൺമെന്റ് നേരിട്ട് നിയന്ത്രിക്കുന്നത് സ്വതന്ത്രമായ അഭിപ്രായ സ്വാതന്ത്ര്യത്തിന് ഭീഷണിയാകുമെന്ന് അവർ ആരോപിക്കുന്നു. എന്നാൽ ഇത് ഗവൺമെന്റ് നിയന്ത്രണമല്ല, മറിച്ച് ജനങ്ങൾക്ക് തങ്ങളുടെ ഫീഡ് തിരഞ്ഞെടുക്കാനുള്ള അധികാരമാണെന്ന് പ്രധാനമന്ത്രി ആന്റണി അൽബനീസ് അടിവരയിടുന്നു.

**4. എഐ ചാറ്റ്ബോട്ടുകൾക്കും ഗെയിമിംഗ് ആപ്പുകൾക്കും കടുക്കുന്ന നിയന്ത്രണങ്ങൾ**

സോഷ്യൽ മീഡിയയ്ക്ക് പുറമെ ഓൺലൈൻ എഐ ചാറ്റ്ബോട്ടുകൾ, ഓൺലൈൻ ഗെയിമുകൾ എന്നിവയ്ക്കും ഈ ഡിജിറ്റൽ ഡ്യൂട്ടി ഓഫ് കെയർ ബാധകമാണ്. കുട്ടികളെ സ്വാധീനിക്കുന്ന രീതിയിലുള്ള എഐ ആപ്ലിക്കേഷൻ ഡിസൈനുകളും ലഹരി പോലുള്ള വിനോദ ഘടകങ്ങളും ഇത്തരം കമ്പനികൾ സ്വയം ഒഴിവാക്കേണ്ടി വരും.

### ഇന്ത്യൻ ഡിജിറ്റൽ വിപണിയിലെ പ്രതിഫലനങ്ങളും മുൻഗണനകളും

ലോകത്തിലെ ഏറ്റവും വലിയ സോഷ്യൽ മീഡിയ ഉപയോക്തൃ വിപണിയായ ഇന്ത്യയ്ക്കും ഈ പുതിയ മാറ്റങ്ങൾ വലിയ പാഠങ്ങൾ നൽകുന്നു.

**1. 50 കോടിയിലധികം വരുന്ന ഇന്ത്യൻ ഉപയോക്താക്കളുടെ സുരക്ഷകൾ**

യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് എന്നിവയ്ക്ക് ഏറ്റവും കൂടുതൽ ഉപയോക്താക്കളുള്ള രാജ്യമാണ് ഇന്ത്യ. തദ്ദേശീയമായി വ്യാജ വാർത്തകളും അഡിക്ഷൻ ഉണ്ടാക്കുന്ന അൽഗോരിതം വീഡിയോകളും പടരുന്നത് തടയാൻ ഓസ്ട്രേലിയൻ മാതൃകയിലുള്ള ‘ഓപ്റ്റ്-ഔട്ട്’ നിയമങ്ങൾ ഭാരതീയ ഡിജിറ്റൽ നിയമങ്ങളിലേക്ക് കൊണ്ടുവരണമെന്ന ആവശ്യങ്ങൾ ശക്തമാകുന്നുണ്ട്.

**2. തദ്ദേശീയ കണ്ടന്റ് ക്രിയേറ്റർമാർക്ക് ലഭിക്കുന്ന പുതിയ അവസരങ്ങൾ**

അൽഗോരിതങ്ങൾ വഴി മാത്രം പ്രെമോട്ട് ചെയ്യപ്പെടുന്ന വിദേശ പ്രൊഫൈലുകൾക്ക് പകരം, തദ്ദേശീയരായ ക്രിയേറ്റർമാർക്ക് നേരിട്ട് വോട്ടർമാരിലേക്കും കാണികളിലേക്കും എത്താൻ അൽഗോരിതം രഹിത ഫീഡുകൾ സഹായിക്കും. മികച്ച ഉള്ളടക്കങ്ങൾ നിർമ്മിക്കുന്ന പ്രാദേശിക ഇൻഫ്ളുവൻസർമാർക്ക് ഇത് കൂടുതൽ കാഴ്ചക്കാരെ നേടിക്കൊടുക്കും.

**3. ഇന്ത്യയുടെ സൈബർ ഐടി നിയമങ്ങളുടെ നവീകരണങ്ങൾ**

ഇന്ത്യൻ ഗവൺമെന്റ് ആവിഷ്കരിക്കുന്ന പുതിയ ഡിജിറ്റൽ സുരക്ഷാ നിയമങ്ങളിൽ ബിഗ് ടെക് കമ്പനികളുടെ സ്വതന്ത്ര അധീശത്വം തടയാൻ ഇത്തരം വ്യവസ്ഥകൾ ഉൾപ്പെടുത്താം. കുട്ടികളുടെ ഡിജിറ്റൽ സുരക്ഷ ഉറപ്പാക്കുന്നതിനും ഡാറ്റ ദുരുപയോഗം തടയുന്നതിനും ഭാരതത്തിന് മുൻപിൽ തുറന്ന മാതൃകയാണ് ഇതിലൂടെ തെളിയുന്നത്.

**4. വൻകിട കമ്പനികളുടെ ഇന്ത്യൻ നയരൂപീകരണങ്ങൾ**

ഓസ്ട്രേലിയയിൽ അൽഗോരിതങ്ങൾ മാറ്റാൻ നിർബന്ധിതരാകുന്ന കമ്പനികൾ, ഏഷ്യൻ വിപണികളിലും സമാനമായ മാറ്റങ്ങൾ വരുത്താൻ തയാറായേക്കും. ആഗോളതലത്തിൽ ഉപയോക്തൃ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന പുതിയൊരു ഡിജിറ്റൽ സംസ്കാരം വളർന്നുവരുന്നത് എല്ലാ രാഷ്ട്രങ്ങളിലെയും പൗരന്മാർക്ക് ഗുണകരമാകും.



# 20,000 കോടിയുടെ റെയിൽവേ പദ്ധതികൾക്ക് അംഗീകാരം

ന്യൂഡൽഹി: തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന സംസ്ഥാനങ്ങളിലെ 17 ജില്ലകളെ ഉൾക്കൊള്ളുന്ന (10,021 കോടി) അഞ്ച് മൾട്ടിട്രാക്കിംഗ് പദ്ധതികൾക്കും പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഒഡീഷ, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലെ 14 ജില്ലകളെ ഉൾക്കൊള്ളുന്ന (10,783 കോടി) പദ്ധതികൾക്കും കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

പദ്ധതികൾ 2029-30ഓടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു

**തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന സംസ്ഥാനങ്ങളിലെ പദ്ധതികൾ:**

ആരക്കോണം - രേണിഗുണ്ട മൂന്നും നാലും പാത(77 കിലോമീറ്റർ)

വൈറ്റ്ഫീൽഡ് - ബംഗാർപേട്ട് മൂന്നും നാലും പാത(47 കിലോമീറ്റർ)

ഹൊസൂർ - ഓമലൂർ പാത ഇരട്ടിപ്പിക്കൽ(147 കിലോമീറ്റർ)

സേലം-കരൂർ-ഡിണ്ടിഗൽ പാത ഇരട്ടിപ്പിക്കൽ(159 കിലോമീറ്റർ)

സെക്കന്തരാബാദ് (ഘട്‌കേസർ) - കാസിപേട്ട് മൾട്ടിട്രാക്കിംഗ്(110 കിലോമീറ്റർ)

**പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഒഡിഷ, മധ്യപ്രദേശ്, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലെ പദ്ധതികൾ:**

ഖരഗ്പൂർ - ഝാർസുഗുഡ (ബാഗ്ദേഹി) നാലാം പാത

കാട്നി - പെന്ദ്ര റോഡ് നാലാം പാത

ബിലാസ്പൂർ (ഉസ്‌ലാപൂർ) - പെന്ദ്ര റോഡ് മൂന്നാം പാത

## അനധികൃത കെട്ടിടങ്ങൾ ഇടിച്ചുനിരത്തി ഡൽഹി സർക്കാർ

ന്യൂഡൽഹി: സത്യനികേതനിലെ കെട്ടിട ദുരന്തത്തെ തുടർന്ന് അപകടമായ നിലയിലുള്ളതും അനധികൃതമായി കെട്ടിപ്പൊക്കിയതുമായ കെട്ടിടങ്ങൾക്കെതിരെ കർശന ആരംഭിച്ച് ഡൽഹി സർക്കാർ. മുഖ്യമന്ത്രി രേഖാ ഗുപ്തയുടെ നിർദ്ദേശ പ്രകാരം ഇത്തരം കെട്ടിടങ്ങൾ ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചു നിരത്തുകയാണ്.

12 ഇടങ്ങളിലായി 34 കെട്ടിടങ്ങൾ പൊളിച്ചു.17 കെട്ടിടങ്ങൾ സീൽ ചെയ്തു. കഴിഞ്ഞ ദിവസം വരെ 1,007 കെട്ടിടങ്ങൾ അപകടാവസ്ഥയിലാണെന്ന് കണ്ടെത്തിയിരുന്നു. 471 എണ്ണം സീൽ ചെയ്തു. 3018 ഷോകോസ് നോട്ടീസുകൾ പുറപ്പെടുവിച്ചു. 1,551 കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണവും കണ്ടെത്തി. 714 എണ്ണം സീൽ ചെയ്യുകയും 753 പൊളിച്ചു മാറ്റാനും ഉത്തരവിട്ടു.

അനധികൃതമായി നിർമ്മിച്ച പി.ജി ഹോസ്റ്റൽ കെട്ടിടങ്ങൾ പരിശോധിക്കാൻ മുഖ്യമന്ത്രിയും ഡൽഹി ലെഫ്രനന്റ് ഗവർണർ തരൺജിത് സിംഗ് സന്ധുവും അധികാരികളോട് നിർദ്ദേശിച്ചിരുന്നു.

# മോദി - പുട്ടിൻ കൂടിക്കാഴ്ച സെപ്തം.11ന്

# ആണവ സഹകരണവും സുഖോയ് 57 ഉം ചർച്ചയാകും

ന്യൂഡൽഹി: ബ്രിക്സ് ഉച്ചകോടിക്ക് മുന്നോടിയായി ഇന്ത്യ-റഷ്യ നയതന്ത്ര ബന്ധത്തിൽ നിർണായക നീക്കം. പ്രധാനമന്ത്രി നരേന്ദ്രമോദിയും റഷ്യൻ പ്രസിഡന്റ് വ്‌ലാഡിമിർ പുട്ടിനും സെപ്തംബർ 11ന് ഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. പ്രതിരോധം, ഊർജ്ജം, വ്യാപാരം, ആണവസഹകരണം തുടങ്ങി തന്ത്രപ്രധാന വിഷയങ്ങൾ ചർച്ചയാകും. പ്രതിരോധ സഹകരണത്തിലും നിർണായക നീക്കങ്ങളുണ്ടാകും. സുഖോയ് 57 അഞ്ചാം തലമുറ യുദ്ധവിമാനങ്ങളുടെ വില്പനയും സാങ്കേതികവിദ്യ കൈമാറുന്നതും ചർച്ചയായേക്കും. ബ്രഹ്മോസ് മിസൈൽ നവീകരണം, എസ് 400 സംവിധാനങ്ങളുടെ വിതരണം എന്നിവ പരിഗണിക്കും. പുതിയ ആണവനിലയങ്ങളുടെ നിർമ്മാണത്തിൽ റഷ്യയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതുമടക്കമുള്ള കാര്യങ്ങളും ഇതിലുൾപ്പെടും. സുഖോയ് 57 സാങ്കേതികവിദ്യ പങ്കിടാൻ തയ്യാറാണെന്ന് റഷ്യൻ വക്താവ് ദിമിത്രി പെസ്കോവ് വ്യക്തമാക്കിയിട്ടുണ്ട്.

റഷ്യൻ എണ്ണ ഇറക്കുമതിയുടെ പേരിൽ ഇന്ത്യയ്ക്കുമേൽ യു.എസ് സമ്മർദ്ദം ശക്തമാക്കുന്നതിനിടെയാണ് മോദി-പുട്ടിൻ കൂടിക്കാഴ്ചയെന്നത് ശ്രദ്ധേയം. റഷ്യൻ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്ക് അധിക തീരുവ ചുമത്താനുള്ള യു.എസ് നീക്കത്തിനെതിരെ മോസ്കോ കടുത്ത നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യ-റഷ്യ വ്യാപാരവും പണമിടപാട് സംവിധാനങ്ങളും ചർച്ച ചെയ്യുമെന്നാണ് സൂചന. അപൂർവ ധാതുക്കൾ, പ്രതിരോധ സാങ്കേതികവിദ്യ എന്നിവയിലും പുതിയ സഹകരണ സാദ്ധ്യതകൾ തേടും. റഷ്യയുടെ ആർട്ടിക് മേഖലയിലെ വിഭവങ്ങളും നോർത്തേൺ സീ റൂട്ടും ഇന്ത്യയുടെ താത്പര്യത്തിലുള്ള വിഷയങ്ങളാണ്. യുക്രെയ്ൻ യുദ്ധത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് പുട്ടിൻ മോദിയെ ധരിപ്പിക്കും. യുദ്ധം അവസാനിപ്പിക്കാൻ ഇന്ത്യ നടത്തുന്ന സമാധാനശ്രമങ്ങൾക്ക് പിന്തുണയും അറിയിച്ചേക്കും. കഴിഞ്ഞയാഴ്ച ബിഷ്കെക്കിൽ നടന്ന കൂടിക്കാഴ്ചയിൽ സംഘർഷം അവസാനിപ്പിക്കണമെന്ന് മോദി പുട്ടിനോട് ആവശ്യപ്പെട്ടിരുന്നു.



### റഷ്യൻ സൈന്യത്തിലുള്ള ഇന്ത്യക്കാർ മടങ്ങും

റഷ്യൻ സൈന്യത്തിലുള്ള ഇന്ത്യക്കാരെ തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇവരുടെ പട്ടിക തയ്യാറാക്കി നാട്ടിലേക്ക് മടക്കിയയയ്ക്കുമെന്ന് പെസ്കോവ് അറിയിച്ചു. റഷ്യൻ സൈന്യത്തിൽ ജോലി ചെയ്യുന്ന 50ലേറെ ഇന്ത്യക്കാർ കൊല്ലപ്പെട്ടതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നേരത്തെ വ്യക്തമാക്കിയിരുന്നു.






# ബിരുദാനന്തര ബിരുദ പഠനങ്ങൾക്ക് മുൻഗണന നൽകി കാനഡ; പുതിയ സ്റ്റഡി പെർമിറ്റുകളിൽ 21 ശതമാനവും മാസ്റ്റേഴ്സ്, പിഎച്ച്ഡി വിദ്യാർത്ഥികൾക്ക്!

ഇമിഗ്രേഷൻ, റെഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ പുറത്തുവിട്ട ഏറ്റവും പുതിയ ഡാറ്റകൾ അനുസരിച്ച്, വിദേശ വിദ്യാർത്ഥികൾക്കായുള്ള കാനഡയുടെ വിസ നയങ്ങളിൽ നിർണ്ണായകമായ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുകയാണ്. 2026 ജനുവരി മുതൽ ജൂൺ വരെയുള്ള ആദ്യ ആറു മാസത്തെ കണക്കുകൾ പ്രകാരം, രാജ്യത്ത് അനുവദിച്ച ആകെ പുതിയ സ്റ്റഡി പെർമിറ്റുകളിൽ 21 ശതമാനവും മാസ്റ്റേഴ്സ്, ഡോക്ടറൽ (പിഎച്ച്ഡി) പഠനത്തിനായി എത്തിയ ഗ്രാജ്വേറ്റ് തലത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ലഭിച്ചത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് കേവലം 12 ശതമാനം മാത്രമായിരുന്നു.



തക്കതായ യോഗ്യതയില്ലാത്ത ഡിപ്ലോമ, അണ്ടർഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തടയിട്ട്, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകാൻ ശേഷിയുള്ള അത്യാധുനിക വിദഗ്ദ്ധരെയും ഗവേഷകരെയും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കനേഡിയൻ ഭരണകൂടം ഈ നയരൂപീകരണം നടത്തിയിരിക്കുന്നത്. കാനഡയിലെ താത്കാലിക നിവാസികളുടെ എണ്ണം കുറയ്ക്കാനുള്ള പ്ലാനുകൾക്കിടയിലും, ഇന്ത്യൻ ബിരുദധാരികൾക്ക് കാനഡയുടെ ഈ പുതിയ മുൻഗണനകൾ എപ്രകാരമാണ് ഉപകാരപ്പെടാൻ പോകുന്നത് എന്നതിന്റെ സമഗ്രമായ അവലോകനം താഴെ നൽകുന്നു:

## ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി കാനഡ നടപ്പിലാക്കിയ പ്രധാന നയപരമായ ഇളവുകൾ

ഉന്നത പഠനത്തിനായി എത്തുന്ന അപേക്ഷകരുടെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാൻ വിപുലമായ ഇളവുകളാണ് ഐ.ആർ.സി.സി പ്രഖ്യാപിച്ചിട്ടുള്ളത്.

**1. പ്രൊവിൻഷ്യൽ അറ്റസ്റ്റേഷൻ ലെറ്റർ നിബന്ധനകളിൽ നിന്നുള്ള സമ്പൂർണ്ണ ഇളവുകൾ**

സാധാരണ അണ്ടർഗ്രാജ്വേറ്റ്, കോളേജ് ഡിപ്ലോമ വിദ്യാർത്ഥികൾക്ക് സ്റ്റഡി പെർമിറ്റ് അപേക്ഷ സമർപ്പിക്കാൻ ബന്ധപ്പെട്ട കനേഡിയൻ പ്രൊവിൻസുകളിൽ നിന്നുള്ള അറ്റസ്റ്റേഷൻ ലെറ്റർ നിർബന്ധമാണ്. എന്നാൽ പബ്ലിക് സർവ്വകലാശാലകളിൽ മാസ്റ്റേഴ്സ്, പിഎച്ച്ഡി കോഴ്സുകൾക്ക് അപേക്ഷിക്കുന്ന ഗ്രാജ്വേറ്റ് വിദ്യാർത്ഥികളെ ഈ സങ്കീർണ്ണമായ കടമ്പയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രവേശന നടപടികൾ വേഗത്തിലാക്കാൻ സഹായിക്കുന്നു.

**2. ഡോക്ടറൽ (പിഎച്ച്ഡി) അപേക്ഷകർക്ക് രണ്ട് ആഴ്ചക്കുള്ളിലെ അതിവേഗ വിസ പ്രോസസിംഗ്**

ഗവേഷണ രംഗത്തേക്ക് മികച്ച വിദേശ പ്രൊഫഷണലുകളെ ആകർഷിക്കുന്നതിനായി, പിഎച്ച്ഡി കോഴ്സുകൾക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിസ അപേക്ഷകൾ രണ്ട് ആഴ്ചയ്ക്കുള്ളിൽ പ്രോസസ്സ് ചെയ്ത് നൽകുന്ന പ്രത്യേക വിൻഡോ ഐ.ആർ.സി.സി തുറന്നിട്ടുണ്ട്. ഇത് വിസ നീണ്ട്പോകുന്നത് മൂലമുള്ള അനിശ്ചിതത്വങ്ങൾ ഒഴിവാക്കും.

**3. സ്റ്റഡി പെർമിറ്റ് ആനുവൽ ക്യാപുകളിൽ നിന്നുള്ള സംരക്ഷണങ്ങൾ**

രാജ്യത്തെ ആകെയുള്ള അന്താരാഷ്ട്ര സ്റ്റഡി പെർമിറ്റ് അപേക്ഷകളിൽ കടുത്ത നിയന്ത്രണങ്ങളും വെട്ടിച്ചുരുക്കലുകളും കാനഡ വരുത്തിയിട്ടുണ്ടെങ്കിലും, പബ്ലിക് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ മാസ്റ്റേഴ്സ്, പിഎച്ച്ഡി വിദ്യാർത്ഥികളെ ഈ വാർഷിക വിസ പരിധികളുടെ ഭീഷണിയിൽ നിന്നും വെളിയിൽ നിർത്തിയിരിക്കുകയാണ്. അതിനാൽ ഉയർന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ക്വാട്ട തീർന്ന്പോകുമെന്ന ഭയമില്ലാതെ അപേക്ഷിക്കാം.

**4. പങ്കാളികൾക്കുള്ള ഓപ്പൺ വർക്ക് പെർമിറ്റ് സുരക്ഷകൾ**

ഡിപ്ലോമ വിദ്യാർത്ഥികളുടെ പങ്കാളികൾക്ക് വർക്ക് പെർമിറ്റ് നൽകുന്നതിന് കാനഡ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, മാസ്റ്റേഴ്സ്, ഡോക്ടറൽ കോഴ്സുകളിൽ പഠിക്കുന്നവരുടെ ഭാര്യ/ഭർത്താക്കന്മാർക്ക് കാനഡയിൽ തടസ്സമില്ലാതെ പൂർണ്ണ സമയ ജോലി ചെയ്യാനുള്ള 'സ്പൗസൽ ഓപ്പൺ വർക്ക് പെർമിറ്റ്' ആനുകൂല്യങ്ങൾ കാനഡ പൂർണ്ണമായി നിലനിർത്തിയിട്ടുണ്ട്.

## ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഈ മാറ്റങ്ങൾ നിർണ്ണായകമാകുന്നത് എന്തുകൊണ്ട്?

പരമ്പരാഗതമായി ഡിപ്ലോമ കോഴ്സുകളെ ആശ്രയിച്ചിരുന്ന ഇന്ത്യൻ പഠന വിപണി ഇനിമുതൽ ഉന്നത ബിരുദ പഠനങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവരും.

**1. പ്രൈവറ്റ് കോളേജ് ഡിപ്ലോമകളിൽ നിന്നും പബ്ലിക് സർവ്വകലാശാലകളിലേക്കുള്ള മാറ്റങ്ങൾ**

മുൻകാലങ്ങളിൽ ചുരുങ്ങിയ ചെലവിൽ കാനഡയിലെത്താൻ സ്വകാര്യ കോളേജുകളിലെ ഹ്രസ്വകാല ഡിപ്ലോമകൾ തിരഞ്ഞെടുത്തിരുന്ന പതിനായിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് നിലവിൽ വിസ നിരസിക്കപ്പെടാനുള്ള സാധ്യതയേറെയാണ്. കാനഡ ഗവൺമെന്റിന്റെ പുതിയ മുൻഗണന അനുസരിച്ച്, അക്കാദമിക് മികവുള്ള ഇന്ത്യൻ വിദ്യാർത്ഥികൾ പബ്ലിക് റിസർച്ച് സർവ്വകലാശാലകളിലെ മാസ്റ്റേഴ്സ് പ്രോഗ്രാമുകൾ ലക്ഷ്യമിടുന്നത് വിസ അംഗീകാര നിരക്കുകൾ വർദ്ധിപ്പിക്കും.

**2. പോസ്റ്റ് ഗ്രാജ്വേഷൻ വർക്ക് പെർമിറ്റുകളിലെ ഫീൽഡ് ഓഫ് സ്റ്റഡി ഇളവുകൾ**

പഠനം പൂർത്തിയാക്കിയ ശേഷം കാനഡയിൽ തങ്ങി ജോലി ചെയ്യാൻ സഹായിക്കുന്ന പിജിഡബ്ല്യുപി അനുമതികൾ നേടാൻ സാധാരണ ഡിപ്ലോമ വിദ്യാർത്ഥികൾ ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രത്യേക തൊഴിൽ മേഖലകൾ തന്നെ പഠിക്കണമെന്ന് നിർബന്ധമുണ്ട്. എന്നാൽ മാസ്റ്റേഴ്സ്, പിഎച്ച്ഡി പൂർത്തിയാക്കുന്ന ഭാരതീയ വിദ്യാർത്ഥികൾക്ക് ഈ ഫീൽഡ് ഓഫ് സ്റ്റഡി നിബന്ധന ബാധകമല്ല. ഏത് വിഷയത്തിൽ മാസ്റ്റേഴ്സ് ചെയ്തവർക്കും പിജിഡബ്ല്യുപി നേടാം.

**3. കാനഡയിലെ സ്ഥിരതാമസ മുൻഗണനകളും എക്സ്പ്രസ് എൻട്രിയും**

കാനഡയിലെ കടുത്ത പിആർ സ്കോറിംഗ് സിസ്റ്റമായ എക്സ്പ്രസ് എൻട്രിയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് കൂടുതൽ പോയിന്റുകൾ ലഭിക്കും. പ്രാദേശിക തൊഴിൽ വിപണിയിൽ ഉയർന്ന നൈപുണ്യമുള്ള ഭാരതീയ ഐടി, എഞ്ചിനീയറിംഗ്, ഹെൽത്ത്കെയർ മാസ്റ്റേഴ്സ് ബിരുദധാരികൾക്ക് വളരെ വേഗത്തിൽ സ്ഥിരതാമസ അനുമതികൾ കൈവരിക്കാൻ സാധിക്കും.

**4. ആഗോളതലത്തിൽ ഉയരുന്ന ഇന്ത്യൻ ഗവേഷകരുടെ പ്രാധാന്യങ്ങൾ**

കാനഡ തങ്ങളുടെ ആഭ്യന്തര ഗവേഷണ അന്തരീക്ഷവും പൊതസേവന മേഖലകളും ശക്തിപ്പെടുത്താൻ ഉന്നത വിദ്യാഭ്യാസം നേടിയവരെ ആഗ്രഹിക്കമ്പോൾ, ഭാരതീയ സയൻസ്ടെക്നോളജി ബിരുദധാരികൾക്ക് അവിടെ ഉയർന്ന ശമ്പളമുള്ള തൊഴിലവസരങ്ങൾ ലഭിക്കും. കേവലം കുറഞ്ഞ തരം തൊഴിലുകളിൽ ഒതുങ്ങിപ്പോകാതെ മികച്ച കരിയർ നിർമ്മിക്കാൻ ഇത് ഭാരതീയർക്ക് അവസരമൊരുക്കുന്നു.

## അപേക്ഷിക്കമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന മുൻകരുതലുകൾ

നിയമങ്ങളിൽ ഇളവുകൾ ഉണ്ടെങ്കിലും അപേക്ഷകൾ സമർപ്പിക്കമ്പോൾ കൃത്യത പാലിച്ചില്ലെങ്കിൽ തിരിച്ചടികൾ നേരിടാം.

**1. പൊതു സർവ്വകലാശാലകൾ മാത്രം തിരഞ്ഞെടുക്കുക**

മാസ്റ്റേഴ്സ് ഇളവുകൾ ലഭ്യമാകുന്നത് സർക്കാരിന്റെ അംഗീകാരമുള്ള പബ്ലിക് ഡെസിഗ്നേറ്റഡ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളിൽ അപേക്ഷിക്കമ്പോൾ മാത്രമാണ്. പ്രൈവറ്റ് യൂണിവേഴ്സിറ്റികളിൽ അപേക്ഷിക്കുന്ന മാസ്റ്റേഴ്സ് വിദ്യാർത്ഥികൾക്ക് പോലും ഈ ആനുകൂല്യങ്ങൾ ലഭിക്കില്ലെന്ന് ഐ.ആർ.സി.സി വ്യക്തമാക്കിയിട്ടുണ്ട്.

**2. വർദ്ധിപ്പിച്ച സാമ്പത്തിക ശേഷി തെളിവുകൾ**

കാനഡയിലെ വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് മുൻനിർത്തി, അന്താരാഷ്ട്ര വിദ്യാർത്ഥികൾ കാണിക്കേണ്ട സാമ്പത്തിക ശേഷി നിരക്കുകൾ ഗവൺമെന്റ് ഉയർത്തിയിട്ടുണ്ട്. അപേക്ഷകന്റെ അക്കൗണ്ടിൽ ട്യൂഷൻ ഫീസിന് പുറമെ ആവശ്യമായ നിക്ഷേപങ്ങൾ ഇല്ലെങ്കിൽ വിസ നിരസിക്കപ്പെടാം.

**3. കൃത്യമായ അക്കാദമിക് മാച്ചിംഗും സ്റ്റേറ്റ്മെന്റ് ഓഫ് പർപ്പസും**

നിങ്ങൾ ബിരുദത്തിൽ പഠിച്ച വിഷയങ്ങൾക്ക് അനയോജ്യമായ മാസ്റ്റേഴ്സ് കോഴ്സുകൾ തന്നെ തിരഞ്ഞെടുക്കണം. മുൻപഠനവുമായി ബന്ധമില്ലാത്ത കോഴ്സുകൾ തിരഞ്ഞെടുക്കുന്നത് വിസ ഓഫീസർമാരിൽ സംശയങ്ങൾ ഉണ്ടാക്കാൻ ഇടയാക്കും.

**4. സുതാര്യമായ രേഖകളും മുൻകാല വിസ വിവരങ്ങളും**

മുൻപ് ഏതെങ്കിലും വിദേശ രാജ്യങ്ങളിലേക്ക് സമർപ്പിച്ച വിസ അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് മറച്ചുവെക്കാതെ വ്യക്തമായി അപേക്ഷയിൽ ഓർമ്മിപ്പിക്കണം. തെറ്റായ വിവരങ്ങൾ നൽകുന്നത് കാനഡയിലേക്ക് അഞ്ച് വർഷത്തേക്ക് പ്രവേശന വിലക്ക് ഏർപ്പെടുത്താൻ കാരണമാകും.

# 2018ന് ശേഷം പ്രൈമറിയിൽ പരാജയപ്പെടുന്ന ആദ്യത്തെ സിറ്റിംഗ് ഗവർണർ; പ്രൈമറിയിൽ പരാജയപ്പെട്ട് റോഡ് ഐലൻഡ് ഗവർണർ

റോഡ് ഐലൻഡ് ഗവർണർ ഡാൻ മക്കീ ഡെമോക്രാറ്റിക് പാർട്ടി പ്രൈമറിയിൽ പരാജയപ്പെട്ടു. ബിസിനസ് രംഗത്തെ പ്രമുഖ ഹെലേന ഫൗൾക്സിനോടാണ് ബുധനാഴ്ച നടന്ന മത്സരത്തിൽ മക്കീ തോറ്റത്. ഇതോടെ 2018ന് ശേഷം സ്വന്തം പാർട്ടിയുടെ സ്ഥാനാർഥിത്വം നേടാനാകാതെ പോകുന്ന അമേരിക്കയിലെ ആദ്യ അധികാരത്തിലിരിക്കുന്ന ഗവർണറായി മക്കീ മാറി. മുൻ സി.വി.എസ്. എക്സിക്യൂട്ടീവായ ഫൗൾക്സും മക്കിയും തമ്മിലുള്ള പോരാട്ടം ഇത് രണ്ടാം തവണയാണ്. 2022ലെ ഡെമോക്രാറ്റിക് ഗവർണർ പ്രൈമറിയിലും ഇരുവരും ഏറ്റുമുട്ടിയിരുന്നു. അന്ന് ഏതാനും ശതമാനം വോട്ടുകളുടെ നേരിയ വ്യത്യാസത്തിലാണ് മക്കീ ഫൗൾക്സിനെ മറികടന്നത്.

2026ലെ പ്രൈമറി തിരഞ്ഞെടുപ്പുകളിൽ സ്വന്തം പാർട്ടിക്കുള്ളിൽ നിന്ന് തന്നെ പരാജയം നേരിടുന്ന അധികാരികളുടെയും ജനപ്രതിനിധികളുടെയും പട്ടികയിലേക്കാണ് മക്കീയും ഇപ്പോൾ എത്തുന്നത്. 2021ലാണ് മക്കീ ആദ്യമായി റോഡ് ഐലൻഡ് ഗവർണറായത്. അന്നത്തെ ഗവർണർ ജിന റൈമോണ്ടോ ബൈഡൻ ഭരണകൂടത്തിൽ വാണിജ്യ സെക്രട്ടറിയായി ചുമതലയേറ്റതിനെ തുടർന്നായിരുന്നു മക്കീ ഗവർണർ സ്ഥാനത്തെത്തിയത്. മുമ്പ് കംബർലാൻഡ് മേയറായും രണ്ട് തവണ ലെഫ്റ്റനന്റ് ഗവർണറായും പ്രവർത്തിച്ച മക്കീ 2022ൽ നടന്ന തിരഞ്ഞെടുപ്പിൽ ആദ്യ പൂർണ കാലാവധി നേടി.

2018ലാണ് ഇതിന് മുമ്പ് അധികാരത്തിലിരുന്ന ഒരു ഗവർണർ സ്വന്തം പാർട്ടിയുടെ പ്രൈമറിയിൽ പരാജയപ്പെട്ടത്. അന്ന് കൻസാസ് റിപ്പബ്ലിക്കൻ ഗവർണർ ജെഫ് കോലിയർ, റിപ്പബ്ലിക്കൻ പ്രൈമറിയിൽ അന്നത്തെ കൻസാസ് സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ക്രിസ് കോബാക്കിനോട് പരാജയപ്പെട്ടു. അന്നത്തെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പിന്തുണ കോബാക്കിനുണ്ടായിരുന്നു. 400ൽ താഴെ വോട്ടുകളുടെ വ്യത്യാസത്തിലാണ് കോലിയർ തോറ്റത്. റോഡ് ഐലൻഡ് ആസ്ഥാനമായ സി.വി.എസ്. ഹെൽത്തിൽ മുതിർന്ന എക്സിക്യൂട്ടീവ് ഉൾപ്പെടെ നിരവധി പ്രമുഖ പദവികളിൽ ഫൗൾക്സ് പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് ഹഡ്സൺസ് ബേ കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും സേവനമനുഷ്ഠിച്ചു. നിലവിൽ കോസ്റ്റ്കോയുടെ ഡയറക്ടർ ബോർഡ് അംഗമാണ്.

2026ലെ തിരഞ്ഞെടുപ്പ് ഫൗൾക്സിന്റെ രാഷ്ട്രീയ രംഗത്തെ രണ്ടാമത്തെ ശ്രമമാണ്. 2022ലെ ഡെമോക്രാറ്റിക് ഗവർണർ പ്രൈമറിയിൽ മക്കീക്ക് പിന്നിൽ രണ്ടാം സ്ഥാനത്തെത്തിയിരുന്നു. ഇത്തവണത്തെ പ്രചാരണത്തിൽ ഇരുവരുടെയും ഭരണപരിചയവും നേതൃത്വശേഷിയും പ്രധാന ചർച്ചാവിഷയമായി. സംസ്ഥാന ഭരണകൂടത്തെ മക്കീ കൈകാര്യം ചെയ്ത രീതിയെ ഫൗൾക്സ് രൂക്ഷമായി വിമർശിച്ചിരുന്നു. 2023 ഡിസംബറിൽ ഘടനാപരമായ സുരക്ഷാ പ്രശ്നങ്ങളെ തുടർന്ന് അപ്രതീക്ഷിതമായി അടച്ച വാഷിങ്ടൺ പാലവുമായി ബന്ധപ്പെട്ട സംസ്ഥാന ഭരണകൂടത്തിന്റെ നടപടികളും ഫൗൾക്സ് വിമർശിച്ചു. പാലം ഇപ്പോഴും പുനർനിർമാണത്തിലാണ്.

അതേസമയം, തന്റെ ഭരണത്തിന്റെ നേട്ടങ്ങൾ മക്കീ ഉയർത്തിക്കാട്ടി. സി.വി.എസിലെ ഫൗൾക്സിന്റെ മുൻകാല പ്രവർത്തനങ്ങളെ അദ്ദേഹം പലതവണ വിമർശിക്കുകയും സാധാരണ ജനങ്ങളുടെ ജീവിത യാഥാർഥ്യങ്ങളിൽ നിന്ന് അകന്നുനിൽക്കുന്ന കോർപ്പറേറ്റ് എക്സിക്യൂട്ടീവാണ് ഫൗൾക്സ് എന്ന് ആരോപിക്കുകയും ചെയ്തു. കുറിപ്പടി മരുന്നുകളുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ സി.വി.എസ് സ്വീകരിച്ച നടപടികളെയും പ്രചാരണത്തിൽ ഉന്നയിച്ചു.

റിപ്പബ്ലിക്കൻ പ്രൈമറിയിൽ റോഡ് ഐലൻഡ് ലെഫ്റ്റനന്റ് ഗവർണർ സ്ഥാനത്തേക്ക് 2022ൽ മത്സരിച്ച ആരൺ ഗക്കിയനും മുൻ ബിസിനസ് എക്സിക്യൂട്ടീവ് എലൈൻ പെലിനോയും തമ്മിലാണ് മത്സരം.

ഇവരിൽ വിജയിക്കുന്ന സ്ഥാനാർഥിയെയാണ് ഫൗൾക്സ് പൊതുതെരഞ്ഞെടുപ്പിൽ നേരിടുക.



# സന്തോഷിക്കാൻ വിവാഹം നിർബന്ധമല്ലെന്ന് നടി രമ്യ

കന്നഡ സിനിമാ ലോകത്തെ പ്രശസ്ത നടിയും മുൻ പാർലമെന്റ് അംഗവുമായ രമ്യ (ദിവ്യ സ്പന്ദന) വിവാഹത്തെക്കുറിച്ചും വ്യക്തിബന്ധങ്ങളെക്കുറിച്ചും നടത്തിയ തുറന്നുപറച്ചിലുകൾ സോഷ്യൽ മീഡിയയിൽ തരംഗമാകുന്നു. സിനിമയിൽ സജീവമല്ലെങ്കിലും സോഷ്യൽ മീഡിയയിലൂടെയും പൊതുപരിപാടികളിലൂടെയും ആരാധകരുമായി നിരന്തരം സമ്പർക്കം പുലർത്താറുള്ള താരത്തിന്റെ വ്യക്തിജീവിതം എപ്പോഴും വാർത്തകളിൽ ഇടംപിടിക്കാറുണ്ട്.പ്രശസ്ത മാധ്യമപ്രവർത്തക നബില ജമാലുമായി നടത്തിയ അഭിമുഖത്തിലാണ് താരം തന്റെ നിലപാടുകൾ വ്യക്തമാക്കിയത്. വിവാഹം കഴിക്കുക എന്നത് സന്തോഷത്തോടെ ജീവിക്കാൻ അത്യാവശ്യമായ ഒന്നല്ലെന്ന് രമ്യ ചൂണ്ടിക്കാട്ടി. താൻ ആരെന്ന് നിർണ്ണയിക്കുന്നത് വിവാഹമല്ലെന്നും, വിവാഹിതരാകാതെ തന്നെ സന്തോഷമായി ജീവിക്കാൻ സാധിക്കുമെന്നും അവർ പറഞ്ഞു.ഒന്നുകിൽ വിവാഹം കഴിക്കുക, അല്ലെങ്കിൽ സന്തോഷത്തോടെ ജീവിക്കുക എന്ന് സമൂഹം നമ്മെ നിരന്തരം ധരിപ്പിക്കാറുണ്ടെന്നും, അതിൽ ഏത് വേണമെന്ന് നമ്മൾ തന്നെയാണ് തീരുമാനിക്കേണ്ടതെന്നും താരം അഭിപ്രായപ്പെട്ടു. സ്ത്രീകളുടെ സന്തോഷവും വിജയവും വിവാഹവുമായി ബന്ധപ്പെടുത്തി കാണുന്ന സാമൂഹിക സങ്കൽപ്പങ്ങളെ ചോദ്യം ചെയ്യുന്നതായിരുന്നു അവരുടെ വാക്കുകൾ. അതേസമയം, താൻ വിവാഹത്തിന് പൂർണ്ണമായി എതിരല്ലെന്നും എന്നാൽ പരസ്പരമുള്ള സൗഹൃദവും സമാനമായ മൂല്യങ്ങളുമാണ് ഒരു നല്ല ബന്ധത്തിന് അടിത്തറയെന്നും രമ്യ കൂട്ടിച്ചേർത്തു. നല്ല സൗഹൃദവും പരസ്പര ധാരണയുമുള്ള രണ്ടു വ്യക്തികൾ ഒന്നിക്കുമ്പോൾ മാത്രമാണ് ദാമ്പത്യ ജീവിതം സഫലമാകുന്നത്. എന്നാൽ തനിക്ക് അനുയോജ്യനായ ഒരു വ്യക്തിയെ ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും, നിലവിൽ സിനിമകളിലും മറ്റ് ജോലി തിരക്കുകളിലുമാണ് താൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും താരം വ്യക്തമാക്കി. തിരഞ്ഞെടുത്ത നല്ല കഥാപാത്രങ്ങളിലൂടെ ചലച്ചിത്ര രംഗത്ത് ഇപ്പോഴും സജീവമായ രമ്യ, ഉപേന്ദ്ര കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച് ഈ വർഷം ജനുവരിയിൽ തിയേറ്ററുകളിലെത്തിയ 'രക്ത കാശ്മീര' എന്ന ചിത്രത്തിലും പ്രധാന വേഷം കൈകാര്യം ചെയ്തിരുന്നു. ജീവിതത്തിൽ സ്വന്തം സന്തോഷത്തിനാണ് മുൻഗണന നൽകേണ്ടതെന്ന താരത്തിന്റെ പ്രസ്താവനയ്ക്ക് മികച്ച പിന്തുണയാണ് ആരാധകരിൽ നിന്നും ലഭിക്കുന്നത്.

## 'പ്രാക്ടിക്കൽ മാജിക്' അനുഭവങ്ങൾ പങ്കുവെച്ച് സാന്ദ്രാ ബുള്ളോക്കും നിക്കോൾ കിഡ്മാനും

ഹോളിവുഡിൽ ഏറെ ആരാധകരുള്ള ഫാന്റസി ചിത്രത്തിന്റെ രണ്ടാം ഭാഗമായ 'പ്രാക്ടിക്കൽ മാജിക് 2' റിലീസിന് ഒരുങ്ങവേ, ചിത്രത്തിന്റെ ആദ്യ ഭാഗത്തിലെ അനുഭവങ്ങളും പുതിയ സിനിമയിലെ വിശേഷങ്ങളും പങ്കുവെച്ച് പ്രമുഖ താരങ്ങളായ നിക്കോൾ കിഡ്മാനും സാന്ദ്രാ ബുള്ളോക്കും.മുൻപ് ഇറങ്ങിയ ആദ്യ ചിത്രം തിയേറ്ററുകളിൽ പ്രതീക്ഷിച്ച സാമ്പത്തിക വിജയം നേടിയില്ലെങ്കിലും, വർഷങ്ങൾക്ക് ശേഷം സിനിമയ്ക്ക് വൻ ജനപ്രീതി ലഭിക്കുകയും ചിത്രം ഒരു ക്ലാസിക് സിനിമയായി മാറുകയും ചെയ്യുകയായിരുന്നു. അന്ന് നേരിടേണ്ടി വന്ന കടുപ്പമേറിയ വിമർശനങ്ങളെക്കുറിച്ചും മാനസിക ബുദ്ധിമുട്ടുകളെക്കുറിച്ചും അഭിമുഖത്തിൽ താരങ്ങൾ മനസ്സ് തുറന്നു.സിനിമയുടെ ആദ്യഭാഗം പുറത്തിറങ്ങിയ സമയത്ത് തങ്ങൾ നേരിട്ട മാധ്യമ വിമർശനങ്ങൾ വലിയ മാനസിക വിഷമമുണ്ടാക്കിയതായി സാന്ദ്രാ ബുള്ളോക്ക് വെളിപ്പെടുത്തി. സിനിമയിൽ കൂടുതൽ സ്ത്രീ കഥാപാത്രങ്ങളുണ്ടെന്നും, മന്ത്രവാദിനികളുടെ പ്രമേയമാണ് ചിത്രത്തിനുള്ളതെന്നും പറഞ്ഞ് വിമർശകർ തങ്ങ



ളെ അവഹേളിക്കുകയായിരുന്നുവെന്ന് സാന്ദ്ര അഭിപ്രായപ്പെട്ടു.എന്നാൽ, കാലം മാറിയതോടെ മന്ത്രവാദവും മാജിക്കും അടങ്ങുന്ന ഇത്തരം പ്രമേയങ്ങളെ പോസിറ്റീവായി കാണാൻ ആളുകൾ തുടങ്ങിയിട്ടുണ്ടെന്ന് നിക്കോൾ കിഡ്മാൻ വ്യക്തമാക്കി. വ്യക്തിപരമായി തനിക്ക് ഏറെ പ്രിയപ്പെട്ടതാണ് ഈ സിനിമയെന്നും അവർ കൂട്ടിച്ചേർത്തു.ചിത്രത്തിന്റെ നിർമ്മാതാക്കളിൽ പ്രധാനികളായ സാന്ദ്രയും നിക്കോളും കൃത്യമായ ബജറ്റ് പരിധിക്കുള്ളിൽ നിന്നാണ് ഈ രണ്ടാം ഭാഗം ഒരുക്കിയിരിക്കുന്നത്.

## മുതിർന്ന നടന്മാർക്ക് ഈഗോയും അരക്ഷിതാവസ്ഥയും കൂടുതലെന്ന് നീന ഗുപ്ത

നാലു പതിറ്റാണ്ടിലേറെയായി ഇന്ത്യൻ സിനിമാരംഗത്ത് സജീവമായി നിൽക്കുന്ന പ്രശസ്ത നടി നീന ഗുപ്ത തന്റെ സഹപ്രവർത്തകരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ സിനിമാ ലോകത്ത് വൻ ചർച്ചയാകുന്നു. മുതിർന്ന അഭിനേതാക്കൾക്കൊപ്പം ജോലി ചെയ്യുന്നതിനേക്കാൾ തനിക്ക് ഏറെ പ്രിയം യുവതലമുറയിലെ അഭിനേതാക്കൾക്കൊപ്പം പ്രവർത്തിക്കാനാണെന്ന് 67-കാരിയായ നീന വ്യക്തമാക്കുന്നു. സ്വന്തം തലമുറയിലെ അഭിനേതാക്കൾക്കിടയിലുള്ള അമിതമായ ഈഗോയും അരക്ഷിതബോധവുമാണ് ഇതിന് പ്രധാന കാരണമെന്ന് മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ അവർ വെളിപ്പെടുത്തി.താൻ യുവതലമുറയുമായി വളരെ വേഗത്തിൽ ഇഴുകിച്ചേരാറുണ്ടെന്നും അവരുമായി ഇടപെടുമ്പോൾ തനിക്ക് പ്രായ വ്യത്യാസം അനുഭവപ്പെടാറില്ലെന്നും നീന ഗുപ്ത പറഞ്ഞു. എന്നാൽ സ്വന്തം തലമുറയിലെ അഭിനേതാക്കൾക്കൊപ്പം ജോലി ചെയ്യുമ്പോൾ പെരുമാറ്റത്തിലും സെറ്റിലെ അന്തരീക്ഷത്തിലും വലിയ തടസ്സങ്ങൾ അനുഭവപ്പെടാറുണ്ടെന്ന് അവർ കൂട്ടിച്ചേർത്തു.ചിത്രീകരണത്തിനിടയിൽ തനിക്കുണ്ടായ ഒരു മോശം അനുഭവവും നീന പങ്കുവെച്ചു. ഒരിക്കൽ ഒരു ഷൂട്ടിംഗിനിടെ ക്യാമറ ഫ്രെയിമിൽ താൻ കാണുന്നില്ലെന്ന് മനസ്സിലാക്കിയ ഒരു മുതിർന്ന നടൻ നീനയെ ബലമായി പിന്നിലേക്ക് വലിച്ച് മാറ്റി ആ സ്ഥലം കൈയടക്കുകയുണ്ടായി. ഇത്തരം സംഭവങ്ങൾ അവരുടെ അരക്ഷിതബോധത്തിന്റെയും



ഈഗോയുടെയും തെളിവാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. കൂടാതെ, അഭിനേതാക്കൾ ചെറിയ കാര്യങ്ങൾക്ക് പോലും വേഗത്തിൽ വിഷമിക്കുകയും കാര്യങ്ങൾ വ്യക്തിപരമായി എടുക്കുകയും ചെയ്യുമെന്നും അവർ അഭിപ്രായപ്പെട്ടു.നീനയുടെ ഏറ്റവും പുതിയ ചിത്രമായ 'ചുംബക്' റിലീസിന് ഒരുങ്ങുകയാണ്.

## നിക്കോളാസ് കേജിന്റെ ആഡംബര വസതിക്ക് മുന്നിൽ കൂറ്റൻ ഗർത്തം! അപകടഭീഷണി

പ്രശസ്ത ഹോളിവുഡ് താരം നിക്കോളാസ് കേജിന്റെ അമേരിക്കയിലെ മാളിബുവിലുള്ള കോടികൾ വിലമതിക്കുന്ന വീടിന് മുന്നിൽ വലിയ ഗർത്തം. വീടിന് തൊട്ടുമുന്നിലെ റോഡിൽ കൂറ്റൻ കുഴി രൂപപ്പെട്ടതിനെ തുടർന്ന് കേജിന്റെ ആഡംബര വസതി തകർച്ചയുടെ വക്കിലെത്തിയിരിക്കുകയാണ്. തീരദേശത്തെ മണ്ണൊലിപ്പാണ് ഏകദേശം മുപ്പതടി നീളവും മുപ്പതടി വീതിയുമുള്ള ഈ കൂറ്റൻ കുഴി രൂപപ്പെടാൻ കാരണമെന്നാണ് പ്രാഥമിക നിഗമനം. റോഡിലെ



വലിയ കോൺക്രീറ്റ് കഷണങ്ങളും മതിലിന്റെ ഭാഗങ്ങളും കുഴിയിലേക്ക് പതിച്ച നിലയിലാണ്.ഭൂമി ഇടിഞ്ഞതിനെ തുടർന്ന് പ്രദേശത്ത് വൻ ഗ്യാസ് ചോർച്ചയുണ്ടായത് അധികൃതരെയും പ്രദേശവാസികളെയും ഒരുപോലെ പരിഭ്രാന്തരാക്കി. തുടർന്ന് സ്ഥലത്തെത്തിയ അഗ്നിശമന സേനയും ഗ്യാസ് കമ്പനി ജീവനക്കാരും ചേർന്ന് മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് ചോർച്ച നിയന്ത്രണവിധേയമാക്കിയത്.

# ടോം ക്രൂയിസും അലാൻഡ്രോ ഇന്യാരിറ്റുവും ഒന്നിക്കുന്നു

## 'ഡിഗ്ഗർ' ഒക്ടോബർ രണ്ടിന് തീയേറ്ററുകളിലേക്ക്



പ്രശസ്ത സംവിധായകൻ അലക്സാണ്ട്രോ ജി ഇന്യാരിറ്റു സംവിധാനം ചെയ്യുന്ന ഏറ്റവും പുതിയ ചിത്രം 'ഡിഗ്ഗർ' വേറിട്ടൊരു പ്രമേയവുമായാണ് പ്രേക്ഷകരിലേക്ക് എത്തുന്നതെന്ന് അണിയറപ്രവർത്തകർ. ഹോളിവുഡ് സൂപ്പർ താരം ടോം ക്രൂയിസ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിന്റെ ഫൈനൽ ട്രെയിലറിന് മുന്നോടിയായി പുതിയ പോസ്റ്റർ അണിയറപ്രവർത്തകർ പുറത്തുവിട്ടു.വരാനിരിക്കുന്ന ഒക്ടോബർ രണ്ടിനാണ് ചിത്രം തിയേറ്ററുകളിൽ എത്തുന്നത്. ചിത്രത്തിന്റെ പ്രമേയത്തെക്കുറിച്ച് സംവിധായകൻ പങ്കുവെച്ച വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. ഒരു ഉൽക്കാപാതമോ, ഭൂകമ്പമോ, അല്ലെങ്കിൽ അന്യഗ്രഹ ജീവികളുടെ ആക്രമണമോ അല്ല ഈ സിനിമയിലെ ദുരന്തമെന്നും, മറിച്ച് മനുഷ്യൻ തന്നെയാണ് യഥാർത്ഥ ദുരന്തമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.സാധാരണ ദുരന്ത സിനിമകൾ മനുഷ്യരാശിക്ക് ഭയാനകമായ എന്തെങ്കിലും സംഭവിച്ചാൽ എന്ത് ചെയ്യും എന്ന് ചോദിക്കുമ്പോൾ, മനുഷ്യൻ മനുഷ്യരാശിക്ക് തന്നെ ഒരു ഭീഷണിയായാൽ എന്ത് സംഭവിക്കും എന്ന ലളിതമായ ചോദ്യമാണ് ഈ ചിത്രം മുന്നോട്ടുവെക്കുന്നത്. ലോഭമോഹം, അധികാരം, ഉത്തരവാദിത്തം എന്നീ മൂന്ന് പുരാതന ശക്തികളെ ചുറ്റിപ്പറ്റിയാണ് സിനിമയുടെ കഥ മുന്നോട്ടുപോകുന്നത്. ഈ സിനിമയിലെ കഥാപാത്രത്തെക്കുറിച്ചുള്ള അനുഭവങ്ങൾ ടോം ക്രൂയിസും പങ്കുവെച്ചു. വെറുമൊരു തിരക്കഥ വായിക്കുന്നതിനപ്പുറം, ആ കഥാപാത്രത്തെ ആഴത്തിൽ അനുഭവിച്ചറിയേണ്ടതുണ്ടായിരുന്നു എന്ന് അദ്ദേഹം വ്യക്തമാക്കി. താൻ ഇതുവരെ ചെയ്ത സിനിമകളിൽ നിന്നും നേടിയ മുഴുവൻ അറിവുകളും അനുഭവങ്ങളും ഉപയോഗിച്ചാണ് ഈ കഥാപാത്രത്തിന് പൂർണ്ണത നൽകിയതെന്നും, പുതിയൊരു അനുഭവത്തിലേക്ക് കടക്കാൻ തനിക്ക് ഏറെ ആകാംക്ഷയുണ്ടായിരുന്നുവെന്നും ടോം ക്രൂയിസ് കൂട്ടിച്ചേർത്തു. വൻ പെട്രോളിയം വ്യവസായിയായ ഡിഗ്ഗർ റോക്ക്വെൽ എന്ന കഥാപാത്രത്തെയാണ് ചിത്രത്തിൽ ടോം ക്രൂയിസ് അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ അമിതമായ അധികാരമോഹവും ലക്ഷ്യങ്ങളും കാരണം ലോകം ഒരു വൻ പരിസ്ഥിതി ദുരന്തത്തിലേക്ക് നീങ്ങുന്നു. തന്റെ സാമ്രാജ്യം തകർച്ചയുടെ വക്കിലെത്തുമ്പോൾ, മനുഷ്യരാശിയെ രക്ഷിക്കാൻ കഴിയുന്ന ഏക വ്യക്തി താനാണെന്ന് അദ്ദേഹം വിശ്വസിക്കാൻ തുടങ്ങുന്നു. തുടർന്ന് നടക്കുന്ന കറുത്ത ഹാസ്യവും അരാജകത്വവും നിറഞ്ഞ സംഭവവികാസങ്ങളാണ് ചിത്രത്തിന്റെ ഇതിവൃത്തം.



## ബോക്സ് ഓഫീസിൽ വിയർത്ത് ദുൽഖറിന്റെ 'ഐ ആം ഗെയിം'

ദുൽഖർ സൽമാന്റെ ഫാന്റസി ആക്ഷൻ ത്രില്ലർ ചിത്രം 'ഐ ആം ഗെയിം' തിയേറ്ററുകളിൽ ആറാം ദിവസം പിന്നിടുമ്പോൾ ബോക്സ് ഓഫീസ് പോരാട്ടം തുടരുന്നു. റിലീസ് ദിനം മുതൽ സമ്മിശ്ര പ്രതികരണങ്ങൾ നേടിയ ചിത്രത്തിന് മികച്ച ഓപ്പണിംഗ് വീക്കെൻഡ് ലഭിച്ചെങ്കിലും, പ്രവൃത്തിദിവസങ്ങളിൽ കളക്ഷനിൽ വൻ കുറവാണ് അനുഭവപ്പെട്ടത്. എങ്കിലും പൃഥ്വിരാജ് സുകുമാരന്റെ 'ഖലീഫ: ദി റൂളർ' എന്ന ചിത്രത്തിന്റെ ലൈഫ് ടൈം കളക്ഷൻ മറികടക്കാൻ ദുൽഖർ ചിത്രത്തിന് സാധിച്ചിട്ടുണ്ട്.റിലീസ് ചെയ്ത് ആദ്യ വാരാന്ത്യത്തിൽ 8.70 കോടി രൂപ സ്വന്തമാക്കിയ ചിത്രത്തിന്റെ കളക്ഷൻ വർക്കിംഗ് ദിനങ്ങളിലേക്ക് കടന്നതോടെ മന്ദഗതിയിലായി. ആദ്യ തിങ്കളാഴ്ച 1.50 കോടി രൂപയും ചൊവ്വാഴ്ച 1.12 കോടി രൂപയുമാണ് ചിത്രം കളക്ട് ചെയ്തത്. ഇതോടെ ചിത്രത്തിന്റെ ഇന്ത്യയിലെ നെറ്റ് കളക്ഷൻ 21.62 കോടി രൂപയായും ആകെ ഗ്രോസ് കളക്ഷൻ 25.24 കോടി രൂപയായും ഉയർന്നു. വരാനിരിക്കുന്ന രണ്ടാം വാരാന്ത്യത്തിൽ കൂടുതൽ കാണികളെ ആകർഷിക്കാൻ സാധിച്ചാൽ മാത്രമേ ചിത്രത്തിന് ബോക്സ് ഓഫീസിൽ മുന്നേറാൻ സാധിക്കൂ. മുൻപ് റിലീസ് ചെയ്ത ദുൽഖർ ചിത്രം 'കാന്ത' ഇന്ത്യയിൽ നിന്ന് നേടിയ 22 കോടി രൂപ എന്ന കളക്ഷൻ റെക്കോർഡിന് തൊട്ടടുത്താണ് ഇപ്പോൾ 'ഐ ആം ഗെയിം' എത്തിനിൽക്കുന്നത്. ഇനി നിസ്സാരമായ തുക കൂടി ലഭിച്ചാൽ 'കാന്ത'യുടെ കളക്ഷൻ മറികടക്കാൻ ചിത്രത്തിന് സാധിക്കും. ഓണം റിലീസായി എത്തേണ്ടിയിരുന്ന ചിത്രം പിന്നീട് തീയതി മാറ്റിയാണ് പ്രേക്ഷകരിലേക്ക് എത്തിയത്.'ആർഡിഎക്സ്' എന്ന സൂപ്പർഹിറ്റ് ചിത്രത്തിന് ശേഷം നഹാസ് ഹിദായത്ത് സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ഡാൻ ജോൺ എന്ന ചൂതാട്ടക്കാരനായ കഥാപാത്രത്തെയാണ് ദുൽഖർ അവതരിപ്പിച്ചിരിക്കുന്നത്.

## ബിഗ് ബജറ്റ് പീരീഡ് ത്രില്ലർ 'ബ്ലാക്ക് പാലസ്' ചിത്രീകരണം പൂർത്തിയായി



ലണ്ടൻ നഗരത്തെ വിറപ്പിച്ച കുപ്രസിദ്ധ പരമ്പരക്കൊലയാളി ജാക്ക് ദി റിപ്പറിന്റെ കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ബിഗ് ബജറ്റ് പീരീഡ് ത്രില്ലർ ചിത്രം 'ബ്ലാക്ക് പാലസ്' ചിത്രീകരണം പൂർത്തിയാക്കി. കഴിഞ്ഞ ജൂണിൽ ആരംഭിച്ച ചിത്രത്തിന്റെ ചിത്രീകരണം ചുരുങ്ങിയ സമയത്തിനുള്ളിലാണ് പൂർത്തിയായത്. ഫ്രേയ അലൻ, കോഡി സ്മിറ്റ് മക്ഫീ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഈ ചിത്രം, പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉയർന്നുവന്ന ഭീതിജനകമായ അനുഭവങ്ങളെയാണ് ആസ്പദമാക്കിയിരിക്കുന്നത്. ജോ ആൻഡേഴ്സ്, റാഫി കാസിഡി, ഇയാൻ ഗ്ലെൻ, ജൂലിയറ്റ് സ്റ്റീവൻസൺ, മാർട്ടിൻ ക്ലൂൺസ് തുടങ്ങിയ വലിയ താരനിര തന്നെ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.വിക്ടോറിയ രാജ്ഞിയുടെ ഉത്തരവനുസരിച്ച്, രാത്രികാലങ്ങളിൽ അപ്രത്യക്ഷനാകുന്ന രാജ്ഞിയുടെ പേരക്കുട്ടിയെ നിരീക്ഷിക്കാൻ എത്തുന്ന ഒരു യുവതിയെ കേന്ദ്രീകരിച്ചാണ് കഥ വികസിക്കുന്നത്.

## വിശ്വനാഥ് ആൻഡ് സൺസ്' ഒടിടിയിലേക്ക്

വെങ്കി അറ്റ്ലൂരിയുടെ സംവിധാനത്തിൽ സൂര്യയും മമിത ബൈജുവും കേന്ദ്ര കഥാപാത്രങ്ങളായി എത്തി തിയേറ്ററുകളിൽ വൻ വിജയം കൊയ്ത 'വിശ്വനാഥ് ആൻഡ് സൺസ്' ഒടിടി റിലീസിന് ഒരുങ്ങുന്നു. ഓഗസ്റ്റ് 14-ന് തിയേറ്ററുകളിലെത്തിയ ചിത്രത്തിന് പ്രേക്ഷകരിൽ നിന്നും നിരൂപകരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.തിയേറ്റർ പ്രദർശനത്തിലൂടെ ആഗോള ബോക്സ് ഓഫീസിൽ വൻ നേട്ടമുണ്ടാക്കിയ ചിത്രം സൂര്യയുടെ കരിയറിലെ ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന രണ്ടാമത്തെ ചിത്രമായും ഈ വർഷത്തെ ഏറ്റവും വലിയ തമിഴ് ഹിറ്റുകളിലൊന്നായും മാറി.



## 'ഗെറ്റ് സ്മാർട്ട്' തിരിച്ചെത്തുന്നു; മുലാനി പ്രധാന വേഷത്തിൽ?

പ്രശസ്ത ഹോളിവുഡ് സ്റ്റാൻഡ്-അപ് കൊമേഡിയനും നടനുമായ ജോൺ മുലാനി അടുത്തതായി ഒരു രഹസ്യാന്വേഷണ ഏജന്റിന്റെ വേഷത്തിലെത്താൻ ഒരുങ്ങുന്നു. ആഗോളതലത്തിൽ വൻ വിജയം നേടിയ 'ഗെറ്റ് സ്മാർട്ട്' എന്ന ജനപ്രിയ സ്പൈ കോമഡി പരമ്പരയുടെ പുതിയ പതിപ്പിലാണ് താരം നായകനായി എത്തുന്നത്.വാർണർ ബ്രദേഴ്സ് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അഭിനയിക്കുന്നതിനായി താരവുമായി ആദ്യഘട്ട ചർച്ചകൾ നടന്നു വരികയാണെന്ന് ഹോളിവുഡ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.ചാൾസ് റോവൻ, ആൻഡ്രൂ ലസാർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ പ്രൊജക്റ്റിന്റെ തിരക്കഥ ഒരുക്കുന്നത് സേത്ത് ഗ്രഹാം സ്മിത്താണ്. മെൽ ബ്രൂക്സ്, ബക്ക് ഹെൻറി എന്നിവർ ചേർന്ന് സൃഷ്ടിച്ച 'ഗെറ്റ് സ്മാർട്ട്' എന്ന ഒറിജിനൽ സ്പൈ സ്പൂഫ് പരമ്പര 1965-ലാണ് സംപ്രേക്ഷണം ആരംഭിച്ചത്.അഞ്ച് സീസണുകളിലായി പ്രേക്ഷകരെ ചിരിപ്പിച്ച പരമ്പരയിൽ ഡൊണാൾഡ് ആഡംസ് ആയിരുന്നു നായക കഥാപാത്രമായ മാക്സ്വെൽ സ്മാർട്ടിനെ അവതരിപ്പിച്ചത്. ബാർബറ ഫെൽഡൺ, എഡ്വേർഡ് പ്ലാറ്റ് എന്നിവരും ഇതിൽ പ്രധാന വേഷങ്ങളിൽ എത്തിയിരുന്നു.പിന്നീട് 2008-ൽ പീറ്റർ സെഗലിന്റെ സംവിധാനത്തിൽ സ്റ്റീവ് കെയർ, ആനി ഹാത്ത്വേ, ഡ്വെയ്ൻ ജോൺസൺ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി 'ഗെറ്റ് സ്മാർട്ട്' എന്ന പേരിൽ തന്നെ ഒരു സിനിമയും പുറത്തിറങ്ങിയിരുന്നു. ആഗോള ബോക്സ് ഓഫീസിൽ നിന്ന് 230 ദശലക്ഷം ഡോളറിലധികം കളക്ഷൻ നേടിയ മികച്ചൊരു സാമ്പത്തിക വിജയമായിരുന്നു ആ ചിത്രം. പുതിയ പതിപ്പിലും മികച്ച ഹാസ്യ മുഹൂർത്തങ്ങൾ ഉണ്ടായിരിക്കുമെന്ന പ്രതീക്ഷയിലാണ് സിനിമാ പ്രേമികൾ.

# അമേരിക്കൻ വിസ കടുപ്പിക്കലുകളിൽ തളരാതെ ഇന്ത്യൻ ഐടി മേഖല; മുൻകൂട്ടി ആസൂത്രണം ചെയ്ത ബദൽ തന്ത്രങ്ങൾ പുറത്തെടുക്കുമ്പോൾ!



യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടം എച്ച്1ബി വിസ നിബന്ധനകളിലും സ്പോൺസർഷിപ്പ് ഫീസുകളിലും കൊണ്ടുവന്ന അടിയന്തിര നിയന്ത്രണങ്ങൾ ഇന്ത്യൻ ഐടി വ്യവസായത്തിന് പ്രഹരമാകുന്നുണ്ടെങ്കിലും, ഈ നീക്കങ്ങൾ വിപണി മുൻകൂട്ടി കണ്ടിരുന്നു. ട്രംപിന്റെ ആദ്യ ഭരണകാലത്ത് ഉണ്ടായ വിസ അനുഭവങ്ങളും അമേരിക്കൻ വിപണിയിലെ രാഷ്ട്രീയ മാറ്റങ്ങളും സസൂക്ഷ്മം നിരീക്ഷിച്ചിരുന്ന ഇന്ത്യൻ ടെക് ഭീമന്മാരായ ടിസിഎസ് , ഇൻഫോസിസ് , വിപ്രോ, എച്ച്സിഎൽടെക് എന്നിവർ തങ്ങളുടെ ബിസിനസ്സ് രീതികളിൽ മുൻകൂട്ടി തന്നെ വലിയ മാറ്റങ്ങൾ വരുത്തിയിരുന്നു.

പതിറ്റാണ്ടുകളായി തങ്ങൾ പിന്തുടർന്നിരുന്ന 'ഓൺസൈറ്റ് സ്പോൺസർഷിപ്പ് ' മോഡലിന് പകരമായി അമേരിക്കയ്ക്കുള്ളിൽ തദ്ദേശീയമായി നിയമനങ്ങൾ നടത്തുകയും, ഇന്ത്യക്ക് ഉള്ളിൽ തന്നെ അത്യാധുനിക ഗ്ലോബൽ ക്യാപബിലിറ്റി സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ഈ കുടിയേറ്റ വെല്ലുവിളിയെ പ്രതിരോധിക്കാൻ ഇന്ത്യൻ ഐടി കമ്പനികൾ സജ്ജരായിക്കഴിഞ്ഞു.

**മുൻകൂട്ടി ആസൂത്രണം ചെയ്ത തദ്ദേശീയ വിന്യാസങ്ങളും നിയമന മാറ്റങ്ങളും**

അമേരിക്കൻ വിസ സ്പോൺസർഷിപ്പുകൾ കുറച്ച് തദ്ദേശീയ പൗരന്മാരെ നേരിട്ട് ജോലിക്ക് എടുക്കുന്ന ശൈലിയിലേക്ക് ഇന്ത്യൻ കമ്പനികൾ മാറി.

**1. യു.എസ് വിസ ക്യാപ് നിബന്ധനകളിൽ വരുത്തിയ മുൻകരുതലുകൾ**

കഴിഞ്ഞ ഏതാനും വർഷങ്ങളായി എച്ച്1ബി വിസ ലോട്ടറികളെ മാത്രം ആശ്രയിക്കുന്നത് ഇന്ത്യൻ ഐടി പ്രമുഖർ പടിപടിയായി കുറച്ചുകൊണ്ടുവന്നിരുന്നു. അടിയന്തിര വിസ ആവശ്യമുള്ള പ്രോജക്ടുകൾക്ക് പകരമായി പ്രൊഫഷണലുകളെ മുൻകൂട്ടി പരിശീലനം നൽകി യു.എസിലെ സബ്സിഡിയറി ഓഫീസുകളിലേക്ക് നിയോഗിക്കുന്ന ശൈലിയാണ് കമ്പനികൾ പരീക്ഷിച്ചത്. ഇതിലൂടെ വിസ നിരസിക്കൽ നിരക്കുകൾ കമ്പനികളുടെ മൊത്തം വരുമാനത്തെ ബാധിക്കാതിരിക്കാൻ സാധിച്ചു.

**2. അമേരിക്കൻ പ്രാദേശിക വിപണിയിലെ നിയമന കുതിച്ചുചാട്ടങ്ങൾ**

വിസ പ്രോസസിംഗ് ചിലവുകളും ആറക്ക ഫീസുകളും വർദ്ധിച്ചതോടെ യു.എസിൽ തദ്ദേശീയരായ എഞ്ചിനീയർമാരെയും ബിരുദധാരികളെയും നേരിട്ട് റിക്രൂട്ട് ചെയ്യുന്ന ശൈലി കമ്പനികൾ വർദ്ധിപ്പിച്ചു. യു.എസ് പൗരന്മാരുടെയും ഗ്രീൻ കാർഡ് ഉടമകളുടെയും സാന്നിധ്യം കമ്പനികളുടെ അമേരിക്കൻ വർക്ക്ഫോഴ്സിൽ 60 മുതൽ 70 ശതമാനം വരെയായി ഉയർത്താൻ ഇന്ത്യൻ ഐടി ഭീമന്മാർക്ക് സാധിച്ചു.

**3. കാനഡ, മെക്സിക്കോ അതിർത്തി ഹബ്ബുകളുടെ വികസനങ്ങൾ**

അമേരിക്കൻ വിസ തടസ്സങ്ങൾ ഉള്ള ജീവനക്കാരെ യു.എസ് അതിർത്തിക്ക് സമീപമുള്ള കാനഡയിലെ ടൊറന്റോ, വാൻകൂവർ കേന്ദ്രങ്ങളിലേക്കും മെക്സിക്കോയിലേക്കും മാറ്റി വിന്യസിക്കുന്ന 'നിയർഷോറിംഗ്' തന്ത്രം ഐടി കമ്പനികൾ വിജയകരമായി നടപ്പിലാക്കി. അതേ ടൈം സോണിൽ ഇരുന്ന് പ്രോജക്ടുകൾ പൂർത്തിയാക്കാൻ ഇത് കസ്റ്റമർമാർക്ക് സൗകര്യമൊരുക്കി.

**4. ലെയ്ഓഫ് തടസ്സങ്ങളും വയോധിക ജീവനക്കാരുടെ മുൻഗണനകളും**

ടെക് ലോകത്ത് ആഗോളതലത്തിൽ ലെയ്ഓഫുകൾ നടക്കുമ്പോൾ ലഭ്യമാകുന്ന പരിചയസമ്പന്നരായ അമേരിക്കൻ വിദഗ്ദ്ധരെ തങ്ങളുടെ ടെക് ടീമുകളുടെ ഭാഗമാക്കാൻ കമ്പനികൾ ശ്രദ്ധിച്ചു. ഇതിലൂടെ വിസ സ്പോൺസർഷിപ്പ് എന്ന ഭാരിച്ച ചെലവിൽ നിന്നും രക്ഷപ്പെടാൻ കമ്പനികൾക്ക് സാധിക്കുന്നുണ്ട്.

**ഗ്ലോബൽ ക്യാപബിലിറ്റി സെന്ററുകളുടെ കുതിച്ചുചാട്ടവും സാങ്കേതിക മാറ്റങ്ങളും**

ഭാരതീയ നഗരങ്ങളിലേക്ക് നേരിട്ട് പ്രോജക്ടുകൾ മാറ്റുന്ന രീതി വിദേശ കമ്പനികളും വ്യാപകമാക്കുകയാണ്.

**1. ബെംഗളൂരു, ഹൈദരാബാദ് ജിസിസികളുടെ വൻ കുതിപ്പ്**

അമേരിക്കയിലേക്ക് ജീവനക്കാരെ കൊണ്ടുപോകുന്നത് ചെലവേറിയതായതോടെ, അമേരിക്കൻ ഫോർച്യൂൺ 500 കമ്പനികൾ തങ്ങളുടെ ആർ ആൻഡ് ഡി താവളങ്ങൾ നേരിട്ട് ഭാരതത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നു. ബെംഗളൂരു, ഹൈദരാബാദ്, പൂനെ, ചെന്നൈ തുടങ്ങിയ നഗരങ്ങളിൽ പുതുതായി ഉയർന്നുവരുന്ന ജിസിസികൾ ഭാരതീയ ഐടി എഞ്ചിനീയർമാർക്ക് ആഗോള നിലവാരത്തിലുള്ള തൊഴിലവസരങ്ങൾ സ്വന്തം നാട്ടിൽത്തന്നെ ഉറപ്പാക്കുന്നു.

**2. ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഒട്ടോമേഷൻ മോഡലുകളും**

പരമ്പരാഗതമായി ആളുകളെ നേരിട്ട് അയച്ച് ചെയ്തിരുന്ന ഐടി കോഡിംഗ്, മെയിന്റനൻസ് ജോലികൾ അത്യാധുനിക ജനറേറ്റീവ് എഐ സിസ്റ്റങ്ങളിലേക്ക് മാറ്റാൻ കമ്പനികൾ തയ്യാറായി. കൂടുതൽ മനുഷ്യവിഭവം ആവശ്യമില്ലാത്ത ഡിജിറ്റൽ ഒട്ടോമേഷൻ മോഡലുകൾ വിസ ആശ്രയത്വം വീണ്ടും കുറച്ചു.

**3. റിമോട്ട് വർക്ക് സിസ്റ്റങ്ങളും ക്ലൗഡ് നെറ്റ്‌വർക്കിംഗും**

കോവിഡ് കാലത്തിന് ശേഷം വ്യാപകമായ സുരക്ഷിത ക്ലൗഡ് നെറ്റ്‌വർക്കുകൾ ഉപയോഗിച്ച് ഭാരതത്തിൽ ഇരുന്നുകൊണ്ട് തന്നെ വിദേശ ക്ലയന്റുകളുടെ സെർവറുകൾ പൂർണ്ണമായി മാനേജ് ചെയ്യാൻ ഐടി കമ്പനികൾക്ക് സാധിക്കുന്നുണ്ട്. ഭൗതികമായി അമേരിക്കയിലേക്ക് പ്രവേശിക്കാതെ തന്നെ സേവനങ്ങൾ നൽകാൻ ഡിജിറ്റൽ സങ്കേതികവിദ്യ ഉപകരിക്കുന്നു.

**4. മാർജിൻ സമ്മർദ്ദങ്ങളും കോർപ്പറേറ്റ് ലാഭക്ഷമതയും**

വിസ ഫീസുകൾ ഉയരുന്നത് കാരണം കുറഞ്ഞ പ്രതിമാസ ലാഭവിഹിതം ലഭിച്ചിരുന്ന പഴയ പ്രോജക്ടുകളിൽ നിന്നും ഭാരതീയ കമ്പനികൾ സ്വയം പിന്മാറുന്നുണ്ട്. പകരം ഉയർന്ന പണം ലഭിക്കുന്ന എഐ, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കൺസൾട്ടിംഗ് പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നത് വിസ ചെലവുകളെ അതിജീവിക്കാൻ കമ്പനികളെ സഹായിക്കുന്നു.

**ഐടി ജീവനക്കാരുടെ കരിയർ മാറ്റങ്ങളും വിദേശ ബദൽ പാതകളും**

വിസ കടുപ്പങ്ങൾ കാരണം വ്യക്തിഗത തലത്തിൽ ജീവനക്കാർ പുതിയ ദിശകൾ തിരഞ്ഞെടുക്കുകയാണ്.

**1. അമേരിക്കൻ മോഹങ്ങളിൽ നിന്നും യൂറോപ്യൻ വിപണികളിലേക്കുള്ള ശ്രദ്ധ കേന്ദ്രം**

മുൻകാലങ്ങളിൽ അമേരിക്കൻ വിസ മാത്രമായിരുന്നു ഇന്ത്യൻ എഞ്ചിനീയർമാരുടെ പ്രധാന ലക്ഷ്യമെങ്കിൽ, ഇപ്പോഴത്തെ കടുത്ത ചട്ടങ്ങൾ കാരണം ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, യുകെ എന്നീ രാഷ്ട്രങ്ങളിലേക്ക് ഇന്ത്യൻ പ്രൊഫഷണലുകൾ താല്പര്യം കാണിക്കുന്നുണ്ട്. കുടിയേറ്റ നടപടികൾ വേഗത്തിലുള്ള ഇത്തരം രാജ്യങ്ങൾ പ്രൊഫഷണലുകൾക്ക് മികച്ച സ്ഥിരത നൽകുന്നു.

**2. ഇന്ത്യൻ സങ്കേതിക ഉദ്യോഗാർത്ഥികളുടെ തദ്ദേശീയ സ്റ്റാർട്ടപ്പ് സ്വപ്നങ്ങൾ**

വിദേശ വിസകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ശൈലി വിട്ട് തദ്ദേശീയമായി സ്വന്തം എഐ സ്റ്റാർട്ടപ്പുകളും സാങ്കേതിക ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ പുതിയ തലമുറ മുന്നോട്ട് വരുന്നുണ്ട്. വൻകിട ഗ്ലോബൽ കമ്പനികളിൽ നിന്നും ആർജ്ജിച്ച പരിചയസമ്പത്ത് ഭാരതീയ ഡിജിറ്റൽ വിപണിക്ക് പുതിയ കുതിപ്പേകും.

**3. ആഭ്യന്തര നയതന്ത്ര സംഭാഷണങ്ങളിലെ പ്രാധാന്യങ്ങൾ**

എച്ച്1ബി വിസ ഫീസുകൾ അനാവശ്യമായി കൂട്ടുന്നത് അമേരിക്കൻ കമ്പനികളുടെ ഡിജിറ്റൽ വികസനത്തെത്തന്നെ പ്രതികൂലമായി ബാധിക്കുമെന്ന് ഭാരതീയ വിദേശകാര്യ മന്ത്രാലയം യു.എസ് അധികൃതരെ ബോധ്യപ്പെടുത്തുന്നുണ്ട്. തദ്ദേശീയമായി വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമം നേരിടുന്ന അമേരിക്കയ്ക്ക് ഭാരതീയ ടെക് പ്രൊഫഷണലുകൾ അത്യാവശ്യമാണെന്ന യാഥാർത്ഥ്യം വിപണി ഓർമ്മിപ്പിക്കുന്നു.

**4. നൈപുണ്യ വികസനവും ഭാവി മുൻഗണനകളും**

സാധാരണ സോഫ്റ്റ്‌വെയർ കോഡിംഗിനേക്കാൾ അപ്പുറം അത്യാധുനിക ക്ലൗഡ് ആർക്കിടെക്ചർ, ഡാറ്റാ സയൻസ്, സൈബർ ഡിഫൻസ് എന്നിവയിൽ വൈദഗ്ധ്യം നേടുന്ന ജീവനക്കാർക്ക് ഏത് വിസ നിയന്ത്രണങ്ങൾക്കിടയിലും ആഗോളതലത്തിൽ വൻ ഡിമാൻഡ് നിലനിൽക്കും. നിരന്തരമായ പ്രൊഫഷണൽ അപ്ഗ്രേഡേഷൻ തന്നെയാണ് ഏതൊരു വിസ പ്രതിസന്ധിക്കും ശാശ്വത പരിഹാരം.

## ബ്രൊക്കോളിയിൽ സാൽമൊണെല്ല ബാക്ടീരിയ; 22 പേർക്ക് രോഗബാധ സ്ഥിരീകരിച്ച് എഫ്.ഡി.എ

വാഷിംഗ്ടൺ: അമേരിക്കയിലെ നാല് സംസ്ഥാനങ്ങളിലായി മുളപ്പിച്ച ബ്രൊക്കോളിയിൽ സാൽമൊണെല്ല ബാക്ടീരിയ അണുബാധ പടരുന്നതായി യു.എസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് ചെയ്തു. ഇതുവരെ 22 ആളുകൾക്ക് രോഗബാധ സ്ഥിരീകരിക്കുകയും ഇതിൽ രണ്ടുപേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംഭവത്തിൽ മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ആരോഗ്യ ഏജൻസികൾ വ്യക്തമാക്കുന്നു.

ഐഡഹോയിലെ മൊയി സ്പ്രിംഗ്സിലുള്ള 'എവർഗ്രീൻ ഫ്രഷ് സ്പ്രൗട്സ്' എന്ന കമ്പനി ഉത്പാദിപ്പിച്ച ബ്രൊക്കോളി മുളപ്പിച്ചതാണ് രോഗബാധയ്ക്ക് കാരണമെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.



ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ സാൽമൊണെല്ല ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് ഇവർ ഉൽപ്പന്നങ്ങൾ തിരിച്ചുവിളിക്കാൻ തുടങ്ങിയിരുന്നു. രോഗം ബാധിച്ചവരിൽ ഭൂരിഭാഗം ആളുകളും ഈ ബ്രൊക്കോളി മുളപ്പിച്ചത് കഴിച്ചതായി എഫ്.ഡി.എ അഭിമുഖങ്ങളിൽ സ്ഥിരീകരിച്ചു.

എവർഗ്രീൻ ഫ്രഷ് സ്പ്രൗട്സ് വിപണിയിലിറക്കിയ ബ്രൊക്കോളി മുളപ്പിച്ചത് യാതൊരു കാരണവശാലും കഴിക്കരുതെന്നും, റസ്റ്റോറന്റുകളിലും കടകളിലും ഇവ വിളമ്പാനോ വിൽക്കാനോ പാടില്ലെന്നും ഫെഡറൽ ആരോഗ്യ ഏജൻസി നിർദ്ദേശം നൽകിയിട്ടുണ്ട്. അതിസാരം, പനി, വയറുവേദന എന്നിവയ്ക്ക് കാരണമാകുന്ന ഒരു തരം വിനാശകാരിയായ ബാക്ടീരിയയാണ് സാൽമൊണെല്ല.

# "പിണറായി കുടുംബ യൂണിറ്റ്" സി.പി.എം. വിശാല സമ്മേളനത്തിൽ ഹിറ്റാകുമോ, ഫ്ളോപ്പാകുമോ?

കേരളാ വിൻഡോ



ആന്റണി ചടയംമുറി





അമ്പമ്പോ, ഇത് പൊന്നിൻ ചിങ്ങമല്ല, പൊള്ളും ചിങ്ങമാണ്. മലയാളികൾ വെയിൽത്തീനാളങ്ങൾക്ക് കീഴിൽ വിയർത്തൊഴുകി നിൽക്കുന്നു. ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ഉപയോഗം കൂടിയതിൽ അങ്കലാപ്പിലാണ്. ഉമ്മൻചാണ്ടി സർക്കാർ ഒപ്പുവച്ച ദീർഘകാല കരാറനുസരിച്ച് യൂണറ്റിന് 4.29 പൈസയ്ക്ക് 25 വർഷത്തേയ്ക്ക് വൈദ്യുതി ലഭിക്കുമായിരുന്നു.

രണ്ടാം പിണറായി സർക്കാർ യാതൊരു കാരണവും പറയാതെ ഈ കരാർ റദ്ദാക്കി. തുടർന്ന് യൂണിറ്റിന് 14 രൂപ വരെ വില നൽകി ബോർഡിന് വൈദ്യുതി വാങ്ങേണ്ടിവന്നു. ഇടതുമുന്നണി യു.ഡി.എഫ്. സർക്കാർ ഒപ്പിട്ട പഴയ കരാറിനെപ്പറ്റി ഇപ്പോഴും മൗനത്തിലാണ്. പകരം പുതിയ യു.ഡി.എഫ്. സർക്കാർ കേരളത്തെ ഇരുട്ടിലാക്കിയെന്ന് അവർ പഴി പറയുന്നു.

'പിണറായി കുടുംബ യൂണിറ്റ്' ആരോപണങ്ങളുടെ കൊടും ചൂട് അനുഭവിക്കുകയാണ്. ചെങ്ങന്നൂർ കല്ലിശ്ശേരിയിലുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ വച്ച് മാധ്യമ പ്രവർത്തകരോട് പിണറായി തട്ടിക്കയറിയത് ബുധനാഴ്ച ഉച്ചയ്ക്കാണ്. ഇ.ഡി. അന്വേഷണത്തെപ്പറ്റി വാർത്താ ലേഖകർ ചോദിച്ചപ്പോഴാണ് പിണറായി ക്ഷുഭിതനായത്.

'നിങ്ങളെന്താ, എന്റെ കൂടെ ബാത്റൂമിലേക്ക് വരികയാണോ'' എന്ന് പിണറായി കോപിച്ച് ഉരിയാടിയതോടെ, മാധ്യമപ്പടയെ അംഗരക്ഷകർ റൂമിൽ നിന്ന് ഉന്തിത്തള്ളി പുറത്താക്കി. മാന്നാറിൽ സി.പി.എം. ഏരിയാ കമ്മിറ്റി സംഘടിപ്പിച്ച യോഗത്തിൽ വച്ച് ഇ.ഡി. നടപടിയെക്കുറിച്ച് പിണറായി ന്യായീകരണ ക്യാപ്സൂൾ വച്ച് കാച്ചി.

### വിശാല സമ്മേളനവും വിശാല ഹൃദയരും...

കോഴിക്കോട്ട് നടക്കുന്ന സി.പി.എം. വിശാല സമ്മേളനം പിണറായിക്കും ഗോവിന്ദനുമെതിരെ അത്യപൂർവ നടപടികളിലേക്ക് പോകുമെന്ന് കരുതുന്നവർ പഴയ സിനിമാ ഡയലോഗ് ഓർമ്മിക്കുന്നത് നല്ലതാണ്. നടൻ ശ്രീനിവാസൻ എഴുതി വച്ച 'എന്തൊക്കെയായിരുന്നു, മലപ്പുറം കത്തി...'' എന്നു തുടങ്ങുന്ന ഡയലോഗ് പോലെ കോഴിക്കോട് സമ്മേളനം സമാപിക്കാനാണ് എല്ലാ സാധ്യതയും.

ഇ.ഡിയുടെ പുതിയ നടപടി പോലും പിണറായി കുടുംബത്തിന് ഒരു 'ഇരവാദ' മുന്നയിക്കാൻ കഴിയുന്ന വിധം സൈബർ സഖാക്കൾ വളച്ചൊടിച്ചു കഴിഞ്ഞു. കോഴിക്കോട്ട് അവതരിപ്പിക്കേണ്ട കരട് റിപ്പോർട്ട് സംസ്ഥാന കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചതായി ഗോവിന്ദൻമാഷ് ഇന്ന് (ബുധൻ) മാ.പ്ര. കളോട് പറഞ്ഞത് വെറുതെയല്ല.

കേന്ദ്ര കമ്മിറ്റി റിപ്പോർട്ടിൽ, സംസ്ഥാനത്തെ സി.പി.എം. നേതൃത്വത്തിന് പറ്റിയ പാളിച്ചകൾ അക്കമിട്ട് പറഞ്ഞിട്ടുണ്ടെങ്കിലും, അതെല്ലാം വെള്ള പൂശാനുള്ള തന്ത്രങ്ങൾ പിണറായിക്ക് ഇനിയും കൈമോശം വന്നിട്ടില്ലെന്നതാണ് സത്യം. ഒരർത്ഥത്തിൽ ഇ.ഡിയുടെ 'ടൈമിംഗ്' തീർച്ചയായും പിണറായിക്ക് ഗുണകരമായേക്കുമെങ്കിലും, യു.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ തട്ടറിഞ്ഞേ കളിക്കൂ.

അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടാൽ അത് കോൺഗ്രസ് ബി.ജെ.പി ഡീൽ എന്നു പറയുന്ന ഗോവിന്ദൻ മാഷ് 'ബഡായി ബംഗ്ലാവി'ൽ പറഞ്ഞിരുന്ന ഭാഷ ഉപയോഗിക്കുന്നത് നിവൃത്തികേടുകൊണ്ടാണ്.

### ഹോംവർക്ക്: സി.എം. തന്നെ മിടുക്കൻ

ബുധനാഴ്ചത്തെ വാർത്താ സമ്മേളനത്തിൽ വി.ഡി. സതീശൻ കേരളത്തിന്റെ ഭരണചക്രമുരുളാനുള്ള ഒരു കൃത്യമായ കളം വരച്ചിട്ടത് വ്യാഴാഴ്ച മാധ്യമങ്ങളിൽ വരുമോയെന്നറിയില്ല. എങ്കിലും ബജറ്റിൽ പ്രഖ്യാപിച്ച സർക്കാർ പദ്ധതികൾ നടപ്പാക്കാൻ, ആ പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

കുറെക്കൂടി ഇക്കാര്യം വ്യക്തമാക്കാം: പി.ഡബ്ല്യു.ഡി. കണ്ണാടിപ്പരുവത്തിൽ നന്നാക്കിയ റോഡ് പിറ്റേ ദിവസം വാട്ടർ അതോറിറ്റിക്കാർ വന്ന് വെട്ടിപ്പൊളിക്കുന്നത് വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്ന സ്ഥിരം കോമഡിയാണ്. ഇത്തരം 'നിസ്സഹകരണം' വകുപ്പുകളിൽ ഇനി നടക്കില്ല. ബജറ്റിൽ പ്രഖ്യാപിച്ച 23 പദ്ധതികൾ നടപ്പാക്കാൻ അതിനോട് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്.

മാത്രമല്ല, ഈ പദ്ധതി നിർവഹണത്തിനാവശ്യമായ വിവിധ തലങ്ങളിലുള്ള സാങ്കേതിക സഹകരണം കൂടി ഉറപ്പാക്കാനാണ് സർക്കാർ ശ്രമം. 10 പദ്ധതികൾ മാത്രമേ മറ്റ് വകുപ്പുകളുമായുള്ള കമ്മ്യൂണിക്കേഷൻ വേണ്ടാത്തതായി കണ്ടെത്തിയിട്ടുള്ളൂ. ഇനി മുതൽ ബജറ്റിലെ 'പശു പുല്ല്' തിന്നുമെന്ന കാര്യം സർക്കാർ ഉറപ്പാക്കുമെന്ന് ചുരുക്കം. പഴയ സർക്കാരിന്റെ രീതി വേറെ തരത്തിലുള്ളതായിരുന്നു. ഉദാഹരണം പറയാം:

ഇടതു സർക്കാരിന്റെ അവസാന നാളുകളിൽ വരൾച്ച നേരിടാൻ ഓരോ ജില്ലയ്ക്കും 1 കോടി രൂപ വീതം അനുവദിച്ച വാർത്ത നാം വായിച്ചതാണ്. പക്ഷെ, വാർത്തയിലെ 'കോടി' പഴയ ധനമന്ത്രി പടിയിറങ്ങിപ്പോകുന്നതുവരെ ജില്ലകൾക്ക് കിട്ടിയതേയില്ല. ചുരുക്കത്തിൽ നടപ്പക്കാവുന്ന കാര്യമേ ഈ സർക്കാർ പറയൂ എന്ന് ചുരുക്കം.

### എൻഡോസൾഫാൻ : കണ്ണീരൊപ്പും സർക്കാർ

എൻഡോസൾഫാൻ ദുരിതബാധിതരെ ഉമ്മൻചാണ്ടി സർക്കാർ അവഗണിക്കുന്നുവെന്ന വൻ പ്രചാരത്തെ തുടർന്നാണ് പിണറായി ഭരണം പിടിച്ചത്. എന്നാൽ കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരെ ഇടതു സർക്കാർ പിന്നീട് തിരിഞ്ഞു നോക്കിയതേയില്ല. വൈകല്യം ബാധിച്ച മക്കളുമായി എൻഡോസൾഫാൻ ദുരിതബാധിതർ സെക്രട്ടറിയേറ്റിന് മുമ്പിൽ നടത്തിയ സമരവും പിണറായി സർക്കാരിന്റെ കണ്ണ് തുറപ്പിച്ചില്ല.

ദുരിതബാധിതർക്കായുള്ള മരുന്നിന്റെ വിലയായി ഇടതു സർക്കാർ കുടിശ്ശിക വരുത്തിയ 15 കോടി രൂപ യു.ഡി.എഫ്. സർക്കാർ നൽകിക്കഴിഞ്ഞു. ദുരിതബാധിതർക്ക് ആവശ്യമുള്ള എല്ലാ മരുന്നുകളും ഇപ്പോൾ ചികിത്സാ കേന്ദ്രങ്ങളിൽ ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ദുരിതബാധിതരുടെ മറ്റ് പ്രശ്നങ്ങൾ കഴിയുന്നത്ര വേഗം പരിഹരിക്കാനും ശ്രമം തുടങ്ങിയിട്ടുള്ളതായി മുഖ്യമന്ത്രി വാർത്താ ലേഖകരെ അറിയിക്കുകയുണ്ടായി.

### രമ്യയും കോൺഗ്രസ് പാർട്ടിയും

രമ്യ ഹരിദാസ് നന്നായി പാടും. എന്നാൽ ചേലക്കരയിലും ആലത്തൂരിലും 'പാട്ട്' ഏൽക്കാതായപ്പോൾ കോൺഗ്രസ് പാർട്ടി അവർക്ക് ചിറയിൻകീഴ് സീറ്റ് നൽകി. കോൺഗ്രസ് പാർട്ടി ജയിക്കാൻ സാധ്യതയില്ലാതിരുന്ന ആ സീറ്റിൽ രമ്യ ജയിച്ചത് പിണറായി വിരുദ്ധ തരംഗത്തിന്റെ ബലത്തിലാണ്. എന്നാൽ, രമ്യ ഇപ്പോഴും വിശ്വസിക്കുന്നത് തന്റെ സന്തതസഹചാരിയായ ഒരു പ്രാദേശിക നേതാവാണ് അവരെ ജയിപ്പിച്ചതെന്നാണ്. പാർട്ടി ആ നേതാവിനെ പ്രാഥമികാംഗത്വത്തിൽ നിന്ന് നിന്ന് പുറത്താക്കി.

പിറ്റേന്ന് മുൻകാല പ്രാബല്യത്തോടെ ആ 'വലിയ' നേതാവിനെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കണമെന്ന് നിയമസഭാ സെക്രട്ടറിക്ക് രമ്യ കത്ത് നൽകിയത് തീരെ ചീപ്പായ നടപടിയായി. അങ്ങനെയൊരു കത്ത് സ്വീകരിക്കാനാവില്ലെന്ന നിയമസഭാ സെക്രട്ടറിയേറ്റിന്റെ നിലപാടാകട്ടെ രമ്യയ്ക്ക് മറ്റൊരു തിരിച്ചടിയാകുകയും ചെയ്തു.

കോൺഗ്രസിലെ ഗ്രൂപ്പുകളിയിലൂടെ 'സ്വാർത്ഥ താത്പര്യങ്ങൾ' മുതലാക്കുന്നവർ ഇപ്പോഴും ആ പാർട്ടിയെ ജനസമക്ഷം താറടിക്കുന്നുണ്ട്. ചേന്തി അനിൽ സംഭവത്തെക്കുറിച്ച് ചോദിച്ച മാ.പ്ര.കളോട് മുഖ്യമന്ത്രി പറഞ്ഞത് അതൊരടഞ്ഞ അധ്യായമാണെന്നാണ്. ഇനിയും കോൺഗ്രസ് നേതാക്കൾ സൂക്ഷിക്കണം. രമ്യമാരെ പിടികൂടുന്ന ഇത്തിക്കണ്ണികളെയും, എന്റെ ഗ്രൂപ്പ് നേതാവ് എന്നെ കാത്തുകൊള്ളുമെന്നു കരുതി റിയൽ എസ്റ്റേറ്റ് അടക്കമുള്ള 'ഡാർക്ക്' പരിപാടികളിൽ ഏർപ്പെടുന്നവരെയും സൂക്ഷിക്കണം. അതല്ലെങ്കിൽ ജനങ്ങൾക്ക് യു.ഡി.എഫ്. നൽകിയ വാക്ക് പാഴായി മാറും.

### മാധ്യമങ്ങളുടെ തിരക്കഥകൾ

കാന്തപുരത്തിന്റെ സ്ത്രീകളെ പരാമർശിച്ചുള്ള പ്രസ്താവന ഇന്നത്തെ വാർത്താ സമ്മേളനത്തിൽ മാ.പ്ര. കൾ വീണ്ടും കുത്തിപ്പൊക്കി. കാന്തപുരത്തിനെതിരെയുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന 'മൃദുവാക്കാൻ' ആ മുസ്ലീം നേതാവിനോടൊപ്പമുള്ള ചില നേതാക്കൾ തന്നെ കാണാനെത്തിയെന്ന മാധ്യമങ്ങളുടെ 'ഇല്ലാക്കഥ' മുഖ്യമന്ത്രി പൊളിച്ചടുക്കി. ഈ വാർത്ത സംഭവിക്കുന്നതിന് മൂന്നാഴ്ച മുമ്പ് കാന്തപുരത്തിനോടൊപ്പമുള്ള നേതാക്കൾക്ക് മുഖ്യമന്ത്രി നൽകിയ കൂടിക്കാഴ്ചയ്ക്കാണ് അവർ എത്തിയതെന്നും, എന്നാൽ ചില മാധ്യമങ്ങൾ ഈ വാർത്ത വക്രീകരിച്ചുവെന്നും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

മാധ്യമങ്ങളിലെ 'സ്വപ്നലോകത്തിലെ ബാലഭാസ്ക്കരെ'ന്മാർ പടച്ചുവിട്ട പി.എം.ശ്രീ സംബന്ധിച്ച് താൻ രാഹുൽ ഗാന്ധിയുമായി ചർച്ച നടത്തിയെന്ന 'വാർത്താ ഗുണ്ടും' വൃഥാവിലായില്ലേയെന്നായിരുന്നു മുഖ്യന്റെ ചോദ്യം. അടച്ചിട്ട മുറിയിൽ രാഹുൽ ഗാന്ധിയും താനും നടത്തിയ കൂടിക്കാഴ്ചയെപ്പറ്റി താനോ രാഹുൽഗാന്ധിയോ ഒന്നും പറയാതിരിക്കെ, ചില മാധ്യമങ്ങൾ ഈ വാർത്ത കെട്ടിച്ചമച്ചതിൽ ദുരുദ്ദേശമില്ലേയെന്ന സന്ദേഹം ആ വാക്കുകളിലുണ്ടായിരുന്നു.

ഇടതുഭരണകാലത്ത് പി.എം.ശ്രീ.യിൽ ഒപ്പിട്ട ശേഷം രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി 7 മാസങ്ങൾ കഴിഞ്ഞിട്ടും യോഗം ചേർന്നില്ലെന്ന കാര്യം മുഖ്യമന്ത്രി വാർത്താ ലേഖകരെ ഓർമ്മിപ്പിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ മന്ത്രിസഭാ ഉപസമിതി ഇതിനകം ആദ്യത്തെ യോഗം ചേർന്ന കാര്യവും മുഖ്യൻ അറിയിച്ചത് നിഷ്പക്ഷരായ വാർത്താലേഖകർ ചെറുചിരിയോടെയാണ് കേട്ടിരുന്നത്.





### എവിടെ സമരമുണ്ടോ, അവിടെ എസ്.എഫ്.ഐ.യുണ്ട് !

കേന്ദ്രസർക്കാരിന്റെ പ്രോട്ടോക്കോളനുസരിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ഗവർണർ എന്നിവരുടെ പരിപാടികളിൽ വന്ദേമാതരം പൂർണ്ണമായി ആലപിക്കണമെന്നുണ്ട്. ഇതിനെതിരെ നിയമസഭാ സെക്രട്ടറിയേറ്റിനു മുമ്പിൽ എസ്.എഫ്.ഐ. സമരം നടത്തുന്നത് അപഹാസ്യമല്ലേ? അത്തരമൊരു തീരുമാനമെടുത്ത കേന്ദ്രസർക്കാരിനെതിരെ സമരം ചെയ്യേണ്ടതിനുപകരം എന്തുകൊണ്ട് എസ്.എഫ്.ഐ. സെക്രട്ടറിയേറ്റിനു മുമ്പിൽ സമരം നടത്തുന്നുവെന്ന ചോദ്യത്തിന് ഇതുവരെ ഒരൊറ്റ സി.പി.എം. നേതാവും കമാന്നൊരക്ഷരം പറഞ്ഞിട്ടില്ല. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കാൻ പോലും കഴിയാത്തവിധം ഇവരുടെ സമരകാരണങ്ങൾ വെറും 'ഊശിയായി' ജനം കണ്ടുതുടങ്ങിയിട്ടുണ്ട്.

ഡൽഹി ഡെർബാർ

# അധികാരത്തിന്റെ കെറുവ്...!

ഉത്തർപ്രദേശിലെ പ്രമുഖ വ്യാവസായിക നഗരമായ ഗൗതം ബുദ്ധ നഗറിൽ (നോയിഡ) ആദ്യമായി ഒരു വനിതാ ജില്ലാ മജിസ്ട്രേറ്റും കളക്ടറുമായി ചുമതലയേറ്റ വ്യക്തിയാണ് മേധ രൂപം ഐ.എ.എസ്. തിളക്കമാർന്ന കരിയറും അഭിമാനകരമായ കുടുംബ പശ്ചാത്തലവുമുള്ളവരാണിവരെന്ന് അച്ചടി ദൃശ്യമാധ്യമങ്ങൾ ഇക്കണ്ട കാലമത്രയും കൊട്ടിഘോഷിച്ചിരുന്നു. ദേശീയതല ഷൂട്ടിംഗ് താരം എന്ന നിലയിൽ നിന്നും സിവിൽ സർവീസിലെ ഉന്നത പദവിയിലേക്കെത്തിയ ചരിത്രം ഏവർക്കും പ്രചോദനമാണെന്നു പ്രകീർത്തിച്ചവരും ഏറെ.

ആഗ്രയിൽ ജനിച്ച മേധയുടെ സ്കൂൾ വിദ്യാഭ്യാസം കേരളത്തിലായിരുന്നു. തുടർന്ന് ഡൽഹി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പ്രശസ്തമായ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. കായികരംഗത്തും മികവ് തെളിയിച്ച അവർ സംസ്ഥാന, ദേശീയ തലങ്ങളിൽ തിളങ്ങിയ ഒരു റൈഫിൾ ഷൂട്ടർ കൂടിയായിരുന്നുവെന്ന് വിസ്മരിക്കുന്നില്ല. ഇന്ത്യയുടെ ഇപ്പോഴത്തെ ചീഫ് ഇലക്ഷൻ കമ്മീഷണറായ ജ്ഞാനേഷ് കുമാർ ഐ.എ.എസിന്റെ മകളായ മേധ, 2014ൽ സിവിൽ സർവീസ് പരീക്ഷയിൽ അഖിലേന്ത്യാ തലത്തിൽ പത്താം റാങ്ക് കരസ്ഥമാക്കി.

ഉത്തർപ്രദേശ് കേഡറിലെ ഉദ്യോഗസ്ഥയായ മേധ രൂപം ബറേലി ജില്ലയിൽ അസിസ്റ്റന്റ് മജിസ്ട്രേറ്റായാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. തുടർന്ന് മീററ്റ്, ഹാപ്പൂർ, കാസ്ഗഞ്ച് തുടങ്ങി യു.പിയിലെ നിരവധി ജില്ലകളിൽ ഉന്നത പദവികളിൽ സേവനമനുഷ്ഠിച്ചു.

2023 ഫെബ്രുവരി മുതൽ 2024 ജൂൺ വരെ ഗ്രേറ്റർ നോയിഡ അതോറിറ്റിയുടെ അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും അവർ പ്രവർത്തിച്ചു. എന്നാൽ ഈ പദവികളിലെല്ലാം ഇരിക്കുമ്പോൾ ഇവർക്ക് ജനങ്ങളോട് യാതൊരു മമതയുമില്ലെന്നതാണ് വാസ്തവം..! ഭരണകൂടത്തെ എങ്ങിനേയും തൃപ്തിപ്പെടുത്തുക എന്നതിൽ മാത്രമാണ് ശ്രദ്ധ.



ആ വാസ്തവം അലഹാബാദ് ഹൈക്കോടതിയാണ് വിളിച്ചു പറഞ്ഞത്. ഔദ്യോഗിക ജീവിതത്തിൽ വലിയ നേട്ടങ്ങൾ സ്വന്തമാക്കാൻ ഇങ്ങനെ ചില കുറുക്കുവഴികളൊക്കെ വേണമായിരിക്കും. ഈയിടെ നോയിഡയിലെ തൊഴിലാളി സമരവുമായി ബന്ധപ്പെട്ട്, ദേശീയ സുരക്ഷാ നിയമപ്രകാരം ഒരു വിദ്യാർത്ഥിനിയെ തടങ്കലിലാക്കാൻ ഉത്തരവിട്ട ഈ കളക്ടറുടെ നടപടിയെ അലഹാബാദ് ഹൈക്കോടതി അതി രൂക്ഷമായ ഭാഷയിലാണ് വിമർശിച്ചത്. ക്രിമിനൽ പശ്ചാത്തലമില്ലാത്ത വിദ്യാർത്ഥിനി ആകൃതി ചൗധരിയെ എൻ.എസ്.എ ചുമത്തി തടവിലാക്കാൻ കളക്ടർ കാണിച്ച തിടുക്കം പരിഹാസ്യമാണെന്ന് കോടതി നിരീക്ഷിച്ചു.

ആവശ്യമായ പരിശോധനകളോ തെളിവുകളോ ഇല്ലാതെയാണ് ഇത്തരം ഗുരുതരമായ നിയമങ്ങൾ പ്രയോഗിക്കുന്നതെന്ന് കോടതി കുറ്റപ്പെടുത്തി. വിദ്യാർത്ഥിനിയെ തടവിലിടാൻ ഉത്തരവിട്ട കളക്ടർ മേധ രൂപം ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്ന് അഞ്ചു ലക്ഷം രൂപ നഷ്ടപരിഹാരമായി വിദ്യാർത്ഥിനിക്ക് നൽകാനും കോടതി ഉത്തരവിടുകയുണ്ടായി.

രാജ്യത്തെ ഐ.എ.എസ് ബ്യൂറോക്രാറ്റുകൾ ജനധിപത്യത്തിന്റെ യജമാനന്മാരല്ല, മറിച്ച് ജനങ്ങളുടെ സേവകരാണെന്ന് ഭരണഘടന നമ്മെ ഓർമ്മിപ്പിക്കുന്നു. ഉദ്യോഗസ്ഥർ മാനുഷിക മുഖത്തോടെ പെരുമാറാത്തപക്ഷം ജനാധിപത്യത്തിന്റെ യഥാർത്ഥ ലക്ഷ്യം തന്നെ വഴിമാറിപ്പോകും. മേധ രൂപവും അവരുടെ അച്ഛനുമായ ചീഫ് ഇലക്ഷൻ കമ്മീഷണർ ജ്ഞാനേഷ് കുമാർ ഐ.എ.എസും ജനപക്ഷത്തുനിന്നു ചിന്തിക്കാൻ ഒരിക്കലും തയ്യാറാകുന്നില്ലെന്നാണ് ജനസംസാരം..!

യുപിയിലെ നോയിഡയിൽ കഴിഞ്ഞ ഏപ്രിലിൽ ശമ്പള വർദ്ധനവ് ആവശ്യപ്പെട്ട് തൊഴിലാളികൾ നടത്തിയ സമരത്തിന്റെ വീഡിയോ എടുത്തതിനാണ് ഡൽഹി യൂണിവേഴ്സിറ്റി വിദ്യാർത്ഥിനിയും ആക്ടിവിസ്റ്റുമായ ആകൃതി ചൗധരിയെ ദേശ സുരക്ഷാ നിയമം ചുമത്തി ജയിലിൽ അടച്ചത് ഈ സ്ത്രീയുടെ ഉത്തരവ് പ്രകാരമായിരുന്നു. ആ ഉത്തരവാണ് ഇപ്പോൾ അലഹാബാദ് ഹൈക്കോടതി റദ്ദാക്കിയത്.

ഗൗതം ബുദ്ധ നഗർ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ മേധയുടെ ആ നടപടിയെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു. മതിയായ തെളിവുകളില്ലാതെ ഉദ്യോഗസ്ഥർ നടത്തിയ അധികാര ദുർവിനിയോഗത്തിന് മേധയ്ക്കും മറ്റ് ഉദ്യോഗസ്ഥരും അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കോടതി ഉത്തരവിടുകയും ചെയ്തു.

അർണാബ് ഗോസാമിക്ക് ജാമ്യം കൊടുക്കാൻ അർദ്ധരാത്രിയിലും കോടതി ഇടപെടും; എന്നാൽ നിരപരാധികളായ യുവതിക്ക് മാസങ്ങളും വർഷങ്ങളും ജയിലിൽ കഴിയേണ്ടി വരുമെന്നു ചുരുക്കം..!

◗ എമ എൽസ എൽവിൻ

# 9/11 ഭീകരാക്രമണത്തേക്കാൾ കൂടുതൽ ജീവനുകൾ അപഹരിച്ചത് അതിന് ശേഷമുണ്ടായ രോഗങ്ങൾ; 1,70,000 പേജ് രഹസ്യ രേഖകളിലെ ഞെട്ടിക്കുന്ന സത്യങ്ങൾ!

ന്യൂയോർക്ക് സിറ്റി മേയർ സോഹ്റാൻ മംദാനി മുൻ ഗവൺമെന്റുകൾ രഹസ്യമായി സൂക്ഷിച്ചിരുന്ന 1,70,000ത്തിലധികം പേജുകൾ വരുന്ന ഔദ്യോഗിക ഫയലുകൾ പരസ്യപ്പെടുത്തിയതോടെ, 2001 സെപ്തംബർ 11ലെ ഭീകരാക്രമണവുമായി ബന്ധപ്പെട്ട ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. വേൾഡ് ട്രേഡ് സെന്റർ തകർന്നുവീണ സെപ്തംബർ 11ലെ നേരിട്ടുള്ള ആക്രമണങ്ങളിൽ കൊല്ലപ്പെട്ട 2,977 ആളുകളേക്കാൾ കൂടുതൽ പേർ പിന്നീട് അതിന്റെ ഫലമായി ഉണ്ടായ കാൻസറുകളും ശ്വാസകോശ രോഗങ്ങളും ബാധിച്ച് മരണപ്പെട്ടു എന്ന തികച്ചും ദാരുണമായ വസ്തുതയാണ് ഈ രേഖകൾ വെളിച്ചത്തു കൊണ്ടുവരുന്നത്.

ആക്രമണംനടന്ന്ദുരന്തഭൂമിയായിമാറിയ ഗ്രൗണ്ട് സീറോയിലെ വായു ശ്വസിക്കാൻ അനുയോജ്യമാണെന്ന് അന്നത്തെ പരിസ്ഥിതി സംരക്ഷണ ഏജൻസിയും സിറ്റി അധികാരികളും പരസ്യമായി പ്രഖ്യാപിച്ചതിന് പിന്നിൽ വലിയ വീഴ്ചകളും വഞ്ചനകളും ഉണ്ടായിരുന്നുവെന്ന് ഈ അൺസീൽഡ് രേഖകൾ തെളിയിക്കുന്നു. ദുരന്തം നടന്ന് കാൽ നൂറ്റാണ്ട് തികയുന്ന ഈ ഘട്ടത്തിൽ, അന്നത്തെ ഗവൺമെന്റ് രേഖകൾ പുറത്തുവിട്ടതിലൂടെ വെളിപ്പെട്ട പ്രധാന സംഗതികളും അതിന്റെ സങ്കീർണ്ണമായ നിയമആരോഗ്യ വശങ്ങളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:



### 1,70,000 പേജ് രേഖകളിലെ പ്രധാന വെളിപ്പെടുത്തലുകളും ആരോഗ്യ ആഘാതങ്ങളും

വർഷങ്ങളായി രഹസ്യമാക്കി വെച്ചിരുന്ന നഗരസഭാ രേഖകൾ തുറന്നതോടെ ഭരണകൂടത്തിന്റെ വാഗ്ദാനങ്ങളിലെ പൊള്ളത്തരങ്ങളാണ് വെളിവായത്.

**1. 2,977 മരണങ്ങളേക്കാൾ ഉയർന്ന വിഷപ്പുക രക്തസാക്ഷിത്വങ്ങൾ**

2001സെപ്തംബർ11ലെദുരന്തദിനത്തിൽ 2,977 പേരാണ് വേൾഡ് ട്രേഡ് സെന്ററിലും പെന്റഗണിലും വിമാനങ്ങൾ കൂട്ടിയിടിച്ച് കൊല്ലപ്പെട്ടത്. എന്നാൽ പിന്നീട് വന്ന 25 വർഷത്തിനിടയിൽ, കെട്ടിടങ്ങൾ തകർന്നടിയുമ്പോൾ അന്തരീക്ഷത്തിലേക്ക് ഉയർന്ന ആസ്ബറ്റോസ്, ഈയം, മെർക്കുറി, മാരക രാസവസ്തുക്കൾ എന്നിവ അടങ്ങിയ വിഷപ്പുക ശ്വസിച്ച് 5,000ത്തിലധികം ആദ്യ പ്രതികരണ സേനാംഗങ്ങളും പ്രദേശവാസികളും കാൻസറും ശ്വാസകോശ രോഗങ്ങളും മൂലം മരണപ്പെട്ടു.

**2. അന്നത്തെ ഭരണകൂടത്തിന്റെ തെറ്റിദ്ധരിപ്പിക്കുന്ന പ്രഖ്യാപനങ്ങൾ**

ദുരന്തത്തിന് തൊട്ടുപിന്നാലെ സാമ്പത്തിക വിപണികളും മൻഹാട്ടനിലെ വ്യവസായ സ്ഥാപനങ്ങളും വേഗത്തിൽ തുറന്നു പ്രവർത്തിക്കാൻ അന്നത്തെ സിറ്റി ഭരണകൂടവും പരിസ്ഥിതി ഏജൻസികളും ധൃതികൂട്ടി. 'ഗ്രൗണ്ട് സീറോയിലെ വായു ശ്വസിക്കാൻ സുരക്ഷിതമാണ്' എന്ന അന്നത്തെ ഔദ്യോഗിക പ്രഖ്യാപനം തെറ്റായിരുന്നുവെന്നും, അന്തരീക്ഷത്തിൽ അപകടകരമായ അളവിൽ ആസ്ബറ്റോസ് ഉണ്ടെന്ന ഇൻഫർമേഷൻ റിപ്പോർട്ടുകൾ ഉന്നത ഉദ്യോഗസ്ഥർ മറച്ചുവെക്കുകയായിരുന്നുവെന്നും പുതിയ രേഖകൾ വ്യക്തമാക്കുന്നു.

**3. 71,000ത്തിലധികം ആളുകളിൽ സ്ഥിരീകരിച്ച മാരക രോഗങ്ങൾ**

ലോക ട്രേഡ് സെന്റർ ഹെൽത്ത് പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1,20,000ത്തിലധികം ആളുകളിൽ 71,000ലധികം പേർക്ക് 9/11 വിഷപ്പുകയുമായി ബന്ധപ്പെട്ട മാരകമായ രോഗങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിൽ 36,000ലധികം പേർക്ക് വിവിധതരം കാൻസറുകളും, ബാക്കിയുള്ളവർക്ക് ഗുരുതരമായ ശ്വാസകോശ തകരാറുകളും മാനസിക പിരിമുറുക്കങ്ങളുമാണ് അനുഭവപ്പെടുന്നത്. ദുരന്തം കഴിഞ്ഞ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും പുതിയ ആളുകളിൽ രോഗലക്ഷണങ്ങൾ തുടരുന്നത് ആശങ്കയുണ്ടാക്കുന്നു.

**4. നഗരസഭയ്ക്കെതിരെ നിലനിൽക്കുന്ന നിയമപരമായ വെല്ലുവിളികൾ**

വർഷങ്ങളായി തടഞ്ഞുവെച്ചിരുന്ന നഗരസഭാ ഫയലുകൾ പുറത്തുവിടാൻ മേയർ സോഹ്റാൻ മംദാനി കൈക്കൊണ്ട അടിയന്തിര തീരുമാനം ചരിത്രപരമായ സുതാര്യത ഉറപ്പാക്കുന്നു. ദുരന്തബാധിതരായ കുടുംബങ്ങൾ നൽകിയ നഷ്ടപരിഹാരകേസ്സുകളിലെപ്രധാനതെളിവുകളായി ഈ 1,70,000 പേജ് രേഖകൾ മാറും. അന്നത്തെ ഉദ്യോഗസ്ഥർക്കെതിരെ കുറ്റകരമായ അശ്രദ്ധയ്ക്ക് നിയമനടപടികൾ സ്വീകരിക്കാൻ ഇത് ഇരകളെ സഹായിക്കും.

### ആദ്യ പ്രതികരണ സേനാംഗങ്ങളുടെ പോരാട്ടങ്ങളും നഷ്ടപരിഹാര നിധികളും

തങ്ങളുടെ ജീവൻ പണയം വെച്ച് രക്ഷാപ്രവർത്തനം നടത്തിയ പോലീസുകാരും ഫയർഫോഴ്സ് ഉദ്യോഗസ്ഥരും അനുഭവിച്ച നിരാശകൾ വളരെ വലുതാണ്.

**1. 363 ഫയർഫൈറ്റർമാർ ദുരന്തദിനത്തിൽ, 370 പേർ പിന്നീട് രോഗങ്ങളാൽ മരണപ്പെട്ടു**

സെപ്തംബർ 11ലെ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടത് 363 ന്യൂയോർക്ക് സിറ്റി ഫയർഫൈറ്റർമാർക്കാണെങ്കിൽ, അതിനേക്കാൾ കൂടുതൽ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ (370ൽ അധികം ആളുകൾ) പിന്നീട് കാൻസർ ബാധിച്ച് മരണമടഞ്ഞു. രക്ഷാപ്രവർത്തന സമയത്ത് ആവശ്യത്തിന് വിഷവാതക മാസ്കുകൾ നൽകിയിരുന്നില്ലെന്ന ആരോപണം പുതിയ ഫയലുകൾ വഴി ശരിവെക്കപ്പെടുന്നു.

**2. ജെയിംസ് സദ്രോഗ 9/11 ഹെൽത്ത് ആക്റ്റിലെ അടിയന്തിര നീക്കങ്ങൾ**

ദുരന്തത്തിൽ പരിക്കേറ്റവർക്ക് വൈദ്യസഹായം നൽകാൻ യുഎസ് കോൺഗ്രസ് പാസാക്കിയ ജെയിംസ് സദ്രോഗ 9/11 ഹെൽത്ത് ആൻഡ് കോമ്പൻസേഷൻ ആക്റ്റിലെ അടിയന്തിര ഫണ്ടുകൾ പലപ്പോഴും അപര്യാപ്തമായിരുന്നു. മരണ സംഖ്യ ഉയർന്നതോടെ വിക്ടിം കോമ്പൻസേഷൻ ഫണ്ടിലേക്ക് കൂടുതൽ ഫണ്ട് അനുവദിക്കാൻ ഭരണകൂടം നിർബന്ധിതമായിരിക്കുകയാണ്.

**3. സിവിലിയന്മാരും സ്കൂൾ കുട്ടികളും അനുഭവിച്ച മാനസിക പ്രഹരങ്ങൾ**

ലോവർ മൻഹാട്ടനിലെ നഗര പ്രദേശങ്ങളിൽ ജീവിച്ചിരുന്ന സാധാരണക്കാരും, അന്നത്തെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും വിഷപ്പുക ശ്വസിക്കാൻ നിർബന്ധിതരായി. കുട്ടികളിൽ പിൽക്കാലത്ത് ഉയർന്ന തോതിൽ രക്താർബുദവും ആസ്ത്മയും കണ്ടെത്തിയത് ഗവൺമെന്റിന്റെ വഞ്ചന കാരണമാണെന്ന് രക്ഷകർത്താക്കളുടെ സംഘടനകൾ ആരോപിക്കുന്നു.

**4. മെഡിക്കൽ സർഗ്ഗശേഷികളിൽ സംഭവിച്ച വിപ്ലവകരമായ മാറ്റങ്ങൾ**

വിഷപദാർത്ഥങ്ങൾ ശ്വസിക്കുന്നത് മൂലമുണ്ടാകുന്ന കാൻസറുകളെ കണ്ടെത്തുന്നതിൽ സദ്രോഗ ഹെൽത്ത് പ്രോഗ്രാം വലിയ മെഡിക്കൽ വിപ്ലവം സൃഷ്ടിച്ചിട്ടുണ്ട്. ദുരന്തബാധിതരുടെ ജീൻ മാറ്റങ്ങളും കാൻസർ ഡിഎൻഎ വ്യതിയാനങ്ങളും നിരീക്ഷിച്ച് നിർമ്മിച്ച പുതിയ ചികിത്സാ രീതികൾ ലോകമെമ്പാടുമുള്ള കാർഷികവ്യവസായിക വിഷബാധകൾ ചികിത്സിക്കാൻ ഇന്ന് പ്രയോജനപ്പെടുന്നുണ്ട്.



## സി.എസ്.കെയിൽ നായകമാറ്റത്തിന് വഴിയൊരുങ്ങുന്നു

ഐ.പി.എല്ലിലെ ഏറ്റവും വിജയകരമായ ഫ്രാഞ്ചൈസികളിലൊന്നായ ചെന്നൈ സൂപ്പർ കിംഗ്സിൽ വലിയ മാറ്റങ്ങൾക്ക് സാധ്യത തെളിയുന്നു. അഞ്ച് തവണ ചാമ്പ്യൻമാരായ ചെന്നൈയ്ക്ക് രണ്ടായിരത്തി ഇരുപത്തിമൂന്നിലെ കിരീടനേട്ടത്തിന് ശേഷം പ്ലേഓഫിൽ കടക്കാൻ സാധിച്ചിട്ടില്ല. എം.എസ്. ധോണിയിൽ നിന്ന് റുതുരാജ് ഗെയ്ക്വാദ് നായകസ്ഥാനം ഏറ്റെടുത്ത ശേഷം ടീമിന് മുൻപത്തെപ്പോലെ സ്ഥിരതയാർന്ന പ്രകടനം പുറത്തെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, അടുത്ത സീസണിലേക്ക് ടീമിന്റെ ക്യാപ്റ്റൻ സ്ഥാനത്തേക്ക് മലയാളി താരം സഞ്ജു സാംസണെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് രംഗത്തെത്തിയിരിക്കുകയാണ് മുൻ ഇന്ത്യൻ താരം സദഗോപൻ രമേഷ്.കഴിഞ്ഞ സീസണിൽ ചെന്നൈ നിരയിലെത്തിയ സഞ്ജു സാംസൺ ഓപ്പണറായും വിക്കറ്റ് കീപ്പറായും മികച്ച പ്രകടനമാണ് പുറത്തെടുത്തത്. ടീമിന്റെ ഏറ്റവും ഉയർന്ന റൺവേട്ടക്കാരനായ സഞ്ജു പതിനാല് മത്സരങ്ങളിൽ നിന്ന് 477 റൺസ് അടിച്ചുകൂട്ടി. എന്നാൽ നായകൻ റുതുരാജ് ഗെയ്ക്വാദിന് വലിയ രീതിയിൽ തിളങ്ങാനായില്ല. റുതുരാജിന്റെ സ്ട്രൈക്ക് റേറ്റും ക്യാപ്റ്റൻസിയും വലിയ രീതിയിൽ വിമർശിക്കപ്പെട്ട പശ്ചാത്തലത്തിലാണ് സഞ്ജുവിനെ നായകനാക്കണമെന്ന നിർദ്ദേശം ശക്തമാകുന്നത്.



# അൽകാറസിനെ അട്ടിമറിച്ച് ബെൻ ഷെൽട്ടൻ യുഎസ് ഓപ്പൺ സെമിയിൽ

യുഎസ് ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ വൻ അട്ടിമറി. നിലവിലെ ചാമ്പ്യനും ഏഴ് ഗ്രാൻസ്ലാം കിരീടങ്ങളുടെ ഉടമയുമായ കാർലോസ് അൽകാരാസിനെ അട്ടിമറിച്ച് അമേരിക്കൻ താരം ബെൻ ഷെൽട്ടൺ പുരുഷ വിഭാഗം സിംഗിൾസ് സെമി ഫൈനലിൽ പ്രവേശിച്ചു. ഫ്ലഷിംഗ് മെഡോസിൽ ഇതുവരെയുള്ളതിൽവെച്ച് ഏറ്റവും വൈകി അവസാനിച്ച മത്സരമെന്ന റെക്കോർഡും ഈ ആവേശപ്പോരാട്ടം സ്വന്തമാക്കി.ആവേശകരമായ അഞ്ച് സെറ്റുകൾ നീണ്ട പോരാട്ടത്തിനൊടുവിലാണ് ഷെൽട്ടൺ വിജയം പിടിച്ചെടുത്തത്. കരിയറിൽ ആദ്യമായാണ് ഷെൽട്ടൺ അൽകാരാസിനെ പരാജയപ്പെടുത്തുന്നത്. നാല് മണിക്കൂറും ഇരുപത്തിയെട്ട് മിനിറ്റും നീണ്ട മാരത്തൺ പോരാട്ടത്തിനൊടുവിലാണ് അൽകാരാസിന്റെ പതിനെട്ട് മത്സരങ്ങളുടെ ഗ്രാൻസ്ലാം വിജയക്കുതിപ്പിന് തിരശ്ശീല വീണത്.സെമി ഫൈനലിൽ സഹതാരം ഫ്രാൻസിസ് തിയാഫോയുമായാണ് ഷെൽട്ടന്റെ അടുത്ത മത്സരം. അലക്സ് മിഷേൽസനെ പരാജയപ്പെടുത്തിയാണ് തിയാഫോ സെമിയിലെത്തിയത്. രണ്ടായിരത്തി മൂന്നിന് ശേഷം യുഎസ് ഓപ്പൺ കിരീടം സ്വന്തമാക്കാൻ ഒരു അമേരിക്കൻ താരത്തിന് അവസരമൊരുങ്ങുന്നമത്സരമാണിത്. കരിയറിലെ മൂന്നാം ഗ്രാൻസ്ലാം സെമി ഫൈനലിലേക്കാണ് ഷെൽട്ടൺ മുന്നേറിയിരിക്കുന്നത്.

## മെസ്സി, എംബാപ്പെ പട്ടികയിൽ; ബാലൺ ഡി ഓറിൽ കനത്ത പോരാട്ടം!

2026ലെ ബലോൺ ഡി ഓർ പുരസ്കാരത്തിനായുള്ള 30 അംഗ പുരുഷ-വനിതാ താരങ്ങളുടെ അന്തിമ ചുരുക്കപ്പട്ടിക ഫ്രാൻസ് ഫുട്ബോൾ മാഗസിൻ പുറത്തുവിട്ടു. മുപ്പത് താരങ്ങളാണ് പുരസ്കാരത്തിനുള്ള ചുരുക്കപ്പട്ടികയിൽ ഇടംപിടിച്ചത്.ലിയോണൽ മെസി, കിലിയൻ എംബാപ്പേ, ഹാരി കെയ്ൻ, ലമീൻ യമീൽ, റോഡ്രി, ഒസ്മാൻ ഡെംബലേ, പൗ കുർബാസി, ജുഡ് ബെല്ലിംഗ്ഹാം, എർലിംഗ് ഹാലൻഡ് തുടങ്ങിയവരെല്ലാം പട്ടികയിലുണ്ട്. സൗദി ക്ലബ് അൽ നസറിൽ കളിക്കുന്ന പോർച്ചുഗീസ് താരം ക്രിസ്റ്റ്യാനോ റൊണാൾഡോ ചുരുക്കപ്പട്ടികയിലില്ല.കഴിഞ്ഞ സീസണിൽ ബയേൺ മ്യൂണിക്കിനായും ഇംഗ്ലണ്ടിനായും 73 ഗോളുകൾ അടിച്ചുകൂട്ടിയ ഹാരി കെയ്ൻ, ലോകകപ്പിൽ മികച്ച പ്രകടനം പുറത്തെടുത്ത കിലിയൻ എംബാപ്പേ, സ്പെയിൻ താരം ലാമിൻ യമാൽ, നിലവിലെ ജേതാവ് ഒസ്മാൻ ഡെംബെലെ എന്നിവരാണ് പുരുഷ വിഭാഗത്തിൽ പ്രധാനമായും മുന്നിലുള്ളത്.




## സിഡി എൽഡെൻസെയെ സ്വന്തമാക്കാൻ മെസ്സി

അർജന്റൈൻ ഫുട്ബോൾ ഇതിഹാസം ലിയോണൽ മെസ്സി സ്പാനിഷ് ഫുട്ബോളിലേക്ക് ബിസിനസ്സ് നിക്ഷേപങ്ങളുമായി വീണ്ടും എത്തുന്നു. സ്പാനിഷ് രണ്ടാം ഡിവിഷൻ ക്ലബ്ബായ സിഡി എൽഡെൻസെയുടെ പൂർണ്ണ ഉടമസ്ഥാവകാശം ഏറ്റെടുക്കാൻ മെസ്സി നിലവിലെ ഉടമകളുമായി ധാരണയിലെത്തിയതായി വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. മറ്റാരെയും പങ്കാളികളാക്കാതെ, പൂർണ്ണമായും സ്വന്തം നിക്ഷേപത്തിലൂടെയായിരിക്കും മുപ്പത്തിയൊൻപതുകാരനായ മെസ്സി ക്ലബ്ബിന്റെ മുഴുവൻ ഓഹരികളും സ്വന്തമാക്കുക.നിയമപരമായ നടപടിക്രമങ്ങളും സാമ്പത്തിക പരിശോധനകളും പൂർത്തിയാകുന്നതോടെ അടുത്ത ദിവസങ്ങളിൽ തന്നെ കരാർ ഔദ്യോഗികമായി ഒപ്പുവെക്കും. സ്പാനിഷ് നാഷണൽ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരവും ഇതിനായി ആവശ്യമാണ്. നിലവിൽ ലാ ലിഗ ടുവിൽ മത്സരിക്കുന്ന എൽഡെൻസെയെ സ്വന്തമാക്കുന്നതോടെ, താൻ കരിയറിന്റെ ഭൂരിഭാഗവും ചെലവഴിച്ച സ്പെയിനിലെ ഫുട്ബോൾ മേഖലയിൽ കൂടുതൽ സജീവമാകാൻ മെസ്സിക്ക് സാധിക്കും.ഈ വർഷം ഏപ്രിലിൽ സ്പാനിഷ് മൂന്നാം ഡിവിഷൻ ക്ലബ്ബായ യുഇ കോർനെല്ലയുടെ മുഴുവൻ ഓഹരികളും മെസ്സി സ്വന്തമാക്കിയിരുന്നു. എന്നാൽ കോർനെല്ലയേക്കാൾ ഉയർന്ന തലത്തിലുള്ള പ്രൊഫഷണൽ ലീഗിൽ മത്സരിക്കുന്ന ക്ലബ്ബാണ് എൽഡെൻസെ. ഇന്റർ മയാമിയിലെ കളിജീവിതത്തിന് ശേഷം സ്പെയിനിലേക്ക് മടങ്ങിയെത്താൻ ആഗ്രഹിക്കുന്ന മെസ്സിക്ക് ഈ പുതിയ നിക്ഷേപം വലിയൊരു ചുവടുവെപ്പാണ്.നിലവിൽ ലീഗിലെ ആദ്യ നാല് മത്സരങ്ങളിൽ നിന്ന് രണ്ട് പോയിന്റ് മാത്രം നേടി പോയിന്റ് പട്ടികയിൽ പിന്നിലുള്ള എൽഡെൻസെ തങ്ങളുടെ പരിശീലകനെ പുറത്താക്കി പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്താണ് മെസ്സിയുടെ വരവ്.

## വിരാട് കോലിയുടെ 'വൺ8' ഷൂകൾ ധരിച്ച് പാക് വനിതാ താരങ്ങൾ!



ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യൻ ക്രിക്കറ്റ് താരം വിരാട് കോലി സഹസ്ഥാപകനായ 'വൺ8' സ്പോർട്സ് വെയർ ബ്രാൻഡിന്റെ ഷൂകൾ ധരിച്ച് പാകിസ്ഥാൻ വനിതാ താരങ്ങൾ. ഹോങ്കോങ്ങിനെതിരായ നിർണ്ണായക മത്സരത്തിലാണ് പാകിസ്ഥാൻ കളിക്കാരായ നഷ്ര സന്ധുവും ഈമാൻ ഫാത്തിമയും ഈ ഷൂകൾ ധരിച്ചെത്തിയത്. ഇന്ത്യൻ കായിക രംഗത്തെ സൂപ്പർ താരത്തിന്റെ ബ്രാൻഡ് പാക് താരങ്ങൾ ഉപയോഗിച്ചത് സമൂഹമാധ്യമങ്ങളിൽ വലിയ ചർച്ചയായി മാറിയിരിക്കുകയാണ്.ഹോങ്കോങ്ങിനെതിരായ മത്സരത്തിൽ മികച്ച പ്രകടനമാണ് ഇടംകൈയ്യൻ സ്പിന്നറായ നഷ്ര സന്ധു പുറത്തെടുത്തത്. വെറും 7 റൺസ് മാത്രം വഴങ്ങി 6 വിക്കറ്റുകൾ വീഴ്ത്തിയ താരം കരിയറിലെ ഏറ്റവും മികച്ച ബോളിംഗ് പ്രകടനമാണ് കാഴ്ചവെച്ചത്. നഷ്രയുടെ തകർപ്പൻ ബോളിംഗിന്റെ കരുത്തിൽ ഹോങ്കോങ്ങിനെ 71 റൺസിന് പുറത്താക്കിയ പാകിസ്ഥാൻ 72 റൺസിന്റെ വൻ വിജയം സ്വന്തമാക്കുകയും ഏഷ്യൻ ഗെയിംസ് സെമിഫൈനലിലേക്ക് മുന്നേറുകയും ചെയ്തു.ഇന്ത്യക്കെതിരായ മത്സരത്തിൽ പരാജയപ്പെട്ടെങ്കിലും ശക്തമായ തിരിച്ചുവരവാണ് പാകിസ്ഥാൻ ടൂർണമെന്റിൽ നടത്തിയത്.

# ചൂടുള്ള ചായയും കാപ്പിയും കുടിക്കുന്ന ശീലമുണ്ടോ? അന്നനാള കാൻസർ സാധ്യത മൂന്നിരട്ടിയായി വർദ്ധിക്കുമെന്ന് പുതിയ പഠന റിപ്പോർട്ട്!

ചൂടോടെ ആവി പറക്കുന്ന ചായയോ കാപ്പിയോ കുടിക്കുന്ന ശീലം ഇല്ലാത്തവർ ചുരുക്കമാണ്. എന്നാൽ അതികഠിനമായ ചൂടിൽ പാനീയങ്ങൾ കുടിക്കുന്നത് അന്നനാളത്തിൽ കാൻസർ ഉണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുമെന്ന ഞെട്ടിക്കുന്ന മുന്നറിയിപ്പുമായി അന്താരാഷ്ട്ര ആരോഗ്യ വിദഗ്ധർ. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ഗവേഷകരും ക്യാൻസർ റിസർച്ച് യു.കെയും ചേർന്ന് നടത്തിയ പുതിയ പഠനത്തിലാണ് ഈ വിവരങ്ങൾ വ്യക്തമാക്കുന്നത്.



ചൂടുള്ള പാനീയങ്ങൾ തുടർച്ചയായി കുടിക്കുന്നത് തൊണ്ടയിൽ നിന്ന് ആമാശയത്തിലേക്ക് ആഹാരമെത്തിക്കുന്ന അന്നനാളത്തിന്റെ കോശങ്ങൾക്ക് ഗുരുതരമായ കേടുപാടുകൾ വരുത്താൻ കാരണമാകുമെന്ന് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. ആവി പറക്കുന്ന ദ്രാവകങ്ങൾ അന്നനാളത്തിലൂടെ കടന്നുപോകുമ്പോൾ അവിടുത്തെ കോശങ്ങളിൽ താപജ്വാല മൂലമുള്ള മുറിവുകൾ അഥവാ പൊള്ളലുകൾ ഉണ്ടാവുകയും ഇത് പിന്നീട് സങ്കീർണ്ണമായ കോശജ്വലനത്തിന് ഇടയാക്കുകയും ചെയ്യുന്നു.

തൊണ്ടയിലെ മുറിവുകൾ ഉണങ്ങുന്നതിന് വേണ്ടി ശരീരം പുതിയ കോശങ്ങൾ നിർമ്മിക്കുമ്പോൾ പെട്ടെന്ന് ഉണ്ടാകുന്ന ജനിതക മാറ്റങ്ങളാണ് കാൻസറായി മാറാൻ സാധ്യത കൂട്ടുന്നത്. 9,70,000ത്തിലധികം ആളുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്താണ് ഈ പുതിയ കണ്ടെത്തൽ അവതരിപ്പിച്ചിരിക്കുന്നത്. വളരെ ചൂടോടെ ചായ കുടിക്കുന്നവർക്ക് ഇല്ലാത്തവരെ അപേക്ഷിച്ച് അന്നനാള കാൻസർ വരാൻ മൂന്നിരട്ടി സാധ്യതയുണ്ടെന്നാണ് ഈ വൻകിട പഠനം വ്യക്തമാക്കുന്നത്.

65 ഡിഗ്രി സെൽഷ്യസിനേക്കാൾ കൂടിയ ചൂടിലുള്ള പാനീയങ്ങളാണ് ആരോഗ്യത്തിന് പ്രധാന ഭീഷണിയാകുന്നത്. സാധാരണയായി തിളപ്പിച്ച വെള്ളത്തിൽ തയ്യാറാക്കുന്ന ചായ അല്ലെങ്കിൽ കാപ്പി കപ്പിലേക്ക് പകർത്തി വെക്കുമ്പോൾ 90 മുതൽ 95 ഡിഗ്രി സെൽഷ്യസ് വരെ ചൂടുണ്ടാകും. ഇത് അല്പം പോലും തണുക്കാൻ അനുവദിക്കാതെ കുടിക്കുന്നത് അന്നനാളത്തിലെ സംരക്ഷണ ഭിത്തികളെ നേരിട്ട് നശിപ്പിക്കും.

പാനീയത്തിന്റെ താപനിലയ്ക്ക് പുറമേ പ്രതിദിനം കുടിക്കുന്ന കപ്പുകളുടെ എണ്ണവും അപകടസാധ്യത വർദ്ധിപ്പിക്കുന്നുണ്ട്. ദിവസവും ആറോ അതിലധികമോ കപ്പ് അമിത ചൂടുള്ള പാനീയങ്ങൾ കുടിക്കുന്നവരിൽ കാൻസർ സാധ്യത വളരെ കൂടുതലാണ്. ചായയിലും കാപ്പിയിലുമുള്ള രാസഘടകങ്ങളേക്കാൾ അത് കുടിക്കുന്ന കടുത്ത താപനിലയാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്.

നിസ്സാരമെന്ന് കരുതുന്ന ഇത്തരം ഭക്ഷണശീലങ്ങൾ പിന്നീട് നിയന്ത്രിക്കാനാകാത്ത രോഗാവസ്ഥയിലേക്ക് നയിക്കാമെന്ന് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. ചായയോ കാപ്പിയോ തയ്യാറാക്കിയ ശേഷം അല്പസമയം മാറ്റിവെച്ച് തണുപ്പിച്ചതിന് ശേഷം മാത്രം കുടിക്കുന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. തണുത്ത പാലോ ഐസ് കട്ടകളോ ചേർത്ത് ചൂട് കുറച്ച ശേഷവും ഇത് ഉപയോഗിക്കാവുന്നതാണ്.

പുകവലിയും മദ്യപാനവും അന്നനാള കാൻസറിലേക്ക് നയിക്കുന്ന മറ്റ് രണ്ട് പ്രധാന ഘടകങ്ങളാണ്. അതിതീവ്രമായ ചൂടുള്ള പാനീയങ്ങൾ കുടിക്കുന്ന ശീലം കൂടി ഇതിനൊപ്പം ചേരുമ്പോൾ രോഗസാധ്യത വീണ്ടും വൻതോതിൽ വർദ്ധിക്കുന്നു. പുകവലി ഉപേക്ഷിക്കുന്നതും ഭക്ഷണശീലങ്ങളിൽ നിയന്ത്രണം വരുത്തുന്നതും രോഗം വരാനുള്ള സാധ്യത ഗണ്യമായി കുറയ്ക്കും.

ഭക്ഷണം കഴിക്കുമ്പോഴോ വെള്ളം കുടിക്കുമ്പോഴോ തൊണ്ടയിലുണ്ടാകുന്ന വേദന, ഭക്ഷണം ഇറക്കാൻ നേരിടുന്ന ബുദ്ധിമുട്ട്, പെട്ടെന്ന് ഉണ്ടാകുന്ന ശരീരഭാരം കുറയൽ എന്നിവ ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്. വിട്ടുമാറാത്ത തൊണ്ടവേദനയും ചുമയും തുടർച്ചയായ നെഞ്ചെരിച്ചിലും ഉണ്ടായാൽ ഉടൻ തന്നെ വിദഗ്ധ ഡോക്ടറുടെ സേവനം നേടേണ്ടതാണ്.

ചൂടുള്ള പാനീയങ്ങൾ ഉടനടി കുടിക്കുന്നത് പൂർണ്ണമായി ഒഴിവാക്കുക എന്നത് തന്നെയാണ് ഇതിനുള്ള പ്രധാന പ്രതിരോധ മാർഗ്ഗം. കേവലം മൂന്നോ നാലോ മിനിറ്റ് പാനീയങ്ങൾ തണുക്കാൻ അനുവദിക്കുന്നത് വഴി ഈ അപായ സാധ്യതയെ നമുക്ക് വലിയ അളവിൽ ഒഴിവാക്കാൻ സാധിക്കും. സ്വന്തം ആരോഗ്യത്തിനും ശരീര സുരക്ഷയ്ക്കും മുൻഗണന നൽകിക്കൊണ്ട് ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്താൻ എല്ലാവരും തയ്യാറാകണം.

ഏറ്റവും ഒടുവിൽ പുറത്തുവന്ന ഈ പഠന റിപ്പോർട്ട് ആഗോളതലത്തിൽ തന്നെ വലിയ വിപ്ലവകരമായ ചർച്ചകൾക്കാണ് തുടക്കമിട്ടിരിക്കുന്നത്. പരമ്പരാഗതമായി ആവി പറക്കുന്ന ചായ കുടിക്കാൻ ആഗ്രഹിക്കുന്ന മലയാളി സമൂഹം ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾ ഈ ആരോഗ്യ മുന്നറിയിപ്പ് പ്രത്യേക ശ്രദ്ധയോടെ വേണം കൈകാര്യം ചെയ്യാൻ. സുരക്ഷിതമായ കുടിവെള്ള ശീലങ്ങളാണ് രോഗരഹിതമായ ഭാവിക്ക് നമ്മെ പ്രാപ്തരാക്കുന്നത്.

## വന്ധ്യതയ്ക്കുള്ള വില്ലൻ പുകയിലയെന്ന് ലോകാരോഗ്യ സംഘടനയുടെ ഞെട്ടിക്കുന്ന മുന്നറിയിപ്പ്!



ധൂമപാനം സിഗരറ്റിൽ നിന്ന് ഉണ്ടാകുന്ന പുക മാത്രമല്ല, അത് നിങ്ങളുടെ മാതൃത്വവും പിതൃത്വവും ഇല്ലാതാക്കുന്ന ഭയാനകമായ വില്ലൻ കൂടിയാണെന്ന് ലോകാരോഗ്യ സംഘടനയുടെ പുതിയ റിപ്പോർട്ട്. പുകയില ഉപയോഗം പുരുഷന്മാരിലും സ്ത്രീകളിലും ഒരുപോലെ വന്ധ്യത വർദ്ധിപ്പിക്കുന്നുവെന്ന് ഐക്യരാഷ്ട്രസഭയുടെ ആരോഗ്യ ഏജൻസി വ്യക്തമാക്കുന്നു. പുകവലിക്കാത്തവരെ അപേക്ഷിച്ച് പുകവലിക്കുന്ന സ്ത്രീകൾക്ക് വന്ധ്യതയുണ്ടാകാനുള്ള സാധ്യത 40 ശതമാനം കൂടുതലാണെന്ന് പഠനം ചൂണ്ടിക്കാണിക്കുന്നു.

ഗർഭധാരണത്തിന് പദ്ധതിയിടുന്ന എല്ലാവരും പുകവലി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തു. പുകവലി നിർത്തുന്നത് ആരോഗ്യവും പ്രത്യുൽപ്പാദന ശേഷിയും ഒരുപോലെ മെച്ചപ്പെടുത്തും. ആഗോളതലത്തിൽ ആറിൽ ഒരാൾക്ക് വന്ധ്യതാ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. 12 മാസത്തിലേറെയായി ശ്രമിച്ചിട്ടും ഗർഭം ധരിക്കാൻ സാധിക്കാത്ത അവസ്ഥയെയാണ് വന്ധ്യതയായി കണക്കാക്കുന്നത്.

പുകയില ഉപയോഗം വന്ധ്യതയ്ക്ക് കാരണമാകുന്നുവെന്ന് പതിറ്റാണ്ടുകളായി നടത്തുന്ന വിവിധ പഠനങ്ങൾ തെളിയിക്കുന്നുണ്ട്. സ്ത്രീകളിൽ ഗർഭപാത്രത്തിന്റെയും അണ്ഡത്തിന്റെയും ആരോഗ്യത്തെ ഇത് സാരമായി ബാധിക്കുന്നു. അതേസമയം പുരുഷന്മാരിൽ ബീജത്തിന്റെ ഗുണനിലവാരത്തെയും ലൈംഗിക ശേഷിയെയും പുകവലി വൻതോതിൽ തകരാറിലാക്കുന്നു.

വന്ധ്യത എന്നത് സ്ത്രീകളുടെ മാത്രം പ്രശ്നമല്ലെന്ന് ഐക്യരാഷ്ട്രസഭ പ്രത്യേകം എടുത്തുപറയുന്നു. 60,000ത്തിലധികം പുരുഷന്മാരെ ഉൾപ്പെടുത്തി നടത്തിയ 44 പ്രധാന പഠനങ്ങളുടെ അപഗ്രഥനത്തിൽ പുകവലി പുരുഷന്മാരിൽ വൻ പ്രത്യുൽപ്പാദന തകരാറുകൾ ഉണ്ടാക്കുന്നതായി കണ്ടെത്തി. പുകവലിക്കുന്ന പുരുഷന്മാരിൽ നപുംസകത്വം, വന്ധ്യത, ബീജത്തിന്റെ അളവില്ലായ്മ, ചലനശേഷിക്കുറവ് എന്നിവ വർദ്ധിക്കാൻ സാധ്യതയേറെയാണ്.

നിങ്ങൾ പുകവലിക്കുന്നില്ലെങ്കിലും മറ്റുള്ളവർ വലിച്ച് പുറത്തുവിടുന്ന പുക ശ്വസിക്കുന്നത് പോലും വന്ധ്യതയ്ക്ക് കാരണമാകും. നിഷ്ക്രിയ പുകവലിക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് ഗർഭം ധരിക്കാനുള്ള സാധ്യത ഓരോ മാസവും കുറഞ്ഞുവരുന്നതായി റിപ്പോർട്ട് വെളിപ്പെടുത്തുന്നു. നിഷ്ക്രിയ പുകവലിയും വലിയ രീതിയിലുള്ള ആരോഗ്യ ഭീഷണിയാണ് ഉയർത്തുന്നത്.

കൃത്രിമ ഗർഭധാരണ മാർഗ്ഗങ്ങളായ ഐ.വി.എഫ് ചികിത്സ തേടുന്നവർക്കും പുകവലി തിരിച്ചടിയാകുന്നുണ്ട്. പുകവലിക്കുന്നവരിൽ വന്ധ്യതാ ചികിത്സകൾ വിജയിക്കാനുള്ള സാധ്യത പകുതിയായി കുറയുന്നതായി മുൻ പഠനങ്ങൾ സൂചിപ്പിക്കുന്നു. ചികിത്സകൾ വിജയകരമാകാനും ആരോഗ്യമുള്ള കുട്ടികൾ ജനിക്കാനും പുകവലി ഉപേക്ഷിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ പുകവലി ഉപേക്ഷിച്ചാൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ സംഭവിക്കുമെന്ന് ലോകാരോഗ്യ സംഘടന വ്യക്തമാക്കുന്നു. മുൻപ് പുകവലിച്ചിരുന്നെങ്കിലും ഇപ്പോൾ അത് പൂർണ്ണമായി നിർത്തിയ സ്ത്രീകളിൽ വന്ധ്യതാ സാധ്യത 25 ശതമാനം വരെ കുറയുന്നുണ്ട്. അതിനാൽ പുകവലി എപ്പോൾ നിർത്തിയാലും അത് ശരീരത്തിന് ഗുണകരമായി മാറും.

